
മുത്തുമണികൾ

(കവിതകൾ)

ബ്ര. ഡൊമിനിക്ക് കോയിക്കര സി.എം.ഐ.



MUTHUMANIKAL
(Poems)
Author
Bro. Dominic Koikara C.M.I.
Price 1.50
Printed at L.F.I. Press, Thevara, Cochin-13



ബ്ര. ഡോമിനിക്ക് കോയിക്കര സി.എം.ഐ.

Free Distribution
DVK Central Library
Bangalore - 560 029

പ്രസ്താവന

ജീവിതം കവിതാത്മകമാണു്. കവിതയിൽ ജീവിതവും, ജീവിതത്തിൽ കവിതയും കണ്ടെത്താൻ കഴിയും. ഉൽക്കടമായ ആനന്ദമാധുരിയിൽ മനുഷ്യമനസ്സു് കുളിരണിയുമ്പോഴും, അവനറിയാതെ എവിടെനിന്നോ ഓടിയെത്തിയ ഒരു കവിതശകലം അവന്റെ അധരങ്ങളിൽ പൊട്ടിവിരിയുന്നതു് കാണാം. വൈവിദ്ധ്യ—വൈരുദ്ധ്യങ്ങളാൽ ജീവിതത്തിന്റെ പരുപരുത്ത യാഥാർത്ഥ്യങ്ങളുമായി ഏറ്റുമുട്ടുമ്പോഴും സാധാരണ മനുഷ്യൻ നിന്നിമേഷനായി തളർന്നു് താഴുന്നു. എന്നാൽ അവക്കു് മധ്യേ സമപ്പിതയായ ആത്മാവു് സ്വാഭാവികതയുടെ ചന്ദനക്കാട്ടിൽ തന്റെ പ്രിയനുമൊത്തു് പ്രേമാലാപം നടത്തുന്നു. ആ ജീവിതം അനവദ്യം ആസ്വാദ്യസുന്ദരമാണു്, അതു് അനശ്വരപ്രേമത്തിന്റെ നിലക്കാത്ത ഗാനധാരയാണു്.

ജീവിതത്തിൽ പലപ്പോഴായി എന്നെ സ്വാധീനിച്ചിട്ടുള്ള ചില വികാരാനുഭൂതികൾക്കു് രൂപം നൽകാനുള്ള ഒരു എളിയ ശ്രമമാണു് ഈ ചെറിയ സമാഹാരം. കവിതകളെല്ലാംതന്നെ അർത്ഥനകളും ആശംസകളുമാണു്. ഇതു് തികച്ചും വിജയമാണെന്നു് ഞാൻ അവകാശപ്പെടുന്നില്ല. അതിനുള്ള സ്വാതന്ത്ര്യം അനുവാചകർക്കു് വിടുന്നു. തുള്ളൽ, ഗാഥ, വഞ്ചിപ്പാട്ടു് തുടങ്ങിയ താളലയങ്ങളിലായി ഏതാനും കവിതകളാണു് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം.

ഈ എളിയ ഉദ്യമത്തെ ഒരു ഗ്രന്ഥരൂപത്തിൽ പ്രകാശിപ്പിക്കുവാൻ എന്നെ പ്രോത്സാഹിപ്പിക്കുകയും ത്യാഗപൂർവ്വം സഹായിക്കയും ചെയ്തവർ അനവധിയാണു്.

അവരുടെ ഔദാര്യത്തിനേറെയും മഹാമനസ്കതയുടേയും മുമ്പിൽ കൃതജ്ഞതാപൂർവ്വം ഞാൻ ശിരസ്സു് നമിക്കുന്നു. കൂടാതെ പ്രൌഢമായ ഒരവതാരികകൊണ്ടു് ഈ കൃതിയെ ഹാരമണിയിച്ച ഫാ. പോപ്പ് വർഗീസു് മൂഞ്ഞേലിക്കും, അവശ്യംവേണ്ട തിരുത്തലുകളും നടത്തിച്ചുതന്ന പുഴക്കര ബ. യോവാക്കിമച്ചനും ഇതിന്റെ മുദ്രണം ഭംഗിയായി, സുന്ദരമായി, നിർവ്വഹിച്ച തേവര എൽ. എഫു്. പ്രസ്സു് ഭാരവാഹികളും എന്റെ അകമഴിഞ്ഞ നന്ദി.

രചയിതാവു്

Br. Dominic
Kaikara C.M.I.

അവതാരിക

തങ്ങളുടെ കഥ ലോകത്തോട് പറയുമ്പോൾ മാത്രമേ വെളിച്ചം കാണാൻ വെമ്പിനില്ക്കുന്ന പൂമൊട്ടുകൾക്കു തൃപ്തിയാകൂ. തെത്തെന്നലിനോടും സൂര്യകിരണങ്ങളോടും കുരുവികളോടും അരുവികളോടുമെല്ലാം അവ മൂകമായ ഭാഷയിൽ ആ ഹൃദയത്തുടിപ്പുകളുടെ കഥ പറഞ്ഞുകേൾപ്പിക്കുന്നുണ്ടാകാം. വേണ്ടത്ര ഹൃദ്യമല്ലായിരിക്കാം, സ്വാരസ്യവും മാധുര്യവും നിറഞ്ഞുതുളുമ്പുന്നില്ലായിരിക്കാം—എങ്കിലും ആ കഥയ്ക്ക് അതിന്റേതായ വശ്യതയുണ്ടായിരിക്കും

റവ. ഡോമിനിക്കു കോയിക്കര രചിച്ചിരിക്കുന്ന കവിതകളിലൂടെ കടന്നു പോയപ്പോൾ മനസ്സിൽ പൊട്ടിവിടർന്ന അനുഭൂതിശകലങ്ങൾക്കു വാഗ്രൂപം നൽകുകയാണു മുകളിൽച്ചെയ്തത്. തന്റേതായ വീണമീട്ടുവാനും തന്റേതായ ശബ്ദതരംഗങ്ങൾ പുറപ്പെടുവിക്കുവാനും വെമ്പൽകൊള്ളുന്ന ഒരു കവിഹൃദയത്തിന്റെ സ്പന്ദനങ്ങളാണ് ഈ മുത്തുമണികൾ എന്നു ചൂണ്ടിപ്പറയട്ടെ.

ഒരു കാര്യം എടുത്തുപറയുവാൻ ആഗ്രഹിക്കുകയാണ് ഈ കവിതകളെല്ലാം തന്നെ എല്ലാവരെയും ആകർഷിച്ചെന്നുവരില്ല. പക്ഷേ, അവയിലെ ആത്മാർത്ഥത അനുവാചകരാരുംതന്നെ മറന്നുപോകാതിരിക്കുമെന്നു തീർച്ച, ചിലഭാഗങ്ങൾ കാവ്യാത്മകമായി അനുഭവപ്പെടുമ്പോൾ ചിലഭാഗങ്ങൾ ഗദ്യാകൃതകമായില്ലേ എന്നു തോന്നാനുമിടയുണ്ട്. ഈകവിതകളുടെ കർത്താവുതന്നെ അതു സമ്മതിക്കുന്നതുമാണ്.

''കേരള സുരഭില മലരണിവനിയിൽ
കനകമനോഹരമൊരുനവസൂനം
പുഞ്ചിരിതൂകിവിടർന്നിതാന്തം
പരിമളകാന്തി പകർന്നുവിളങ്ങി'' എന്നു തുടങ്ങിയ പല വരികളും ലാളിത്യമുള്ള രചനയ്ക്ക് ഉദാഹരണമാണ്. അതേസമയം ''എന്റെ സഭാജീവിതം'' എന്ന കവിത ഗദ്യമായും പദ്യമായും വായിക്കാമെന്നു തോന്നുന്നു. ആ ഗ്രഹവും ആവേശവുമാകാം ഈ ഗ്രന്ഥകർത്താവിനു കവിതാരചനയ്ക്കു പ്രചോദനം നൽകിയിട്ടുള്ളതു്. വേണ്ടത്ര അഭ്യാസമുറയും വായനശീലവും പുലർത്തിയിരുന്നെങ്കിൽ കൂടുതൽ മികച്ച കൃതികൾക്കു് രൂപം നൽകാൻ, അദ്ദേഹത്തിനു കഴിയുമായിരുന്നു എന്നു സൂചിപ്പിച്ചുകൊള്ളട്ടെ.

മുത്തുമണികളുടെ കർത്താവായ റവ. ഡോമിനിക്കിനു് എഴുപതു വയസ്സുതികയുന്ന ശുഭോവസരമാണിതു്. ഇത്തരുണത്തിൽ തന്റെ കാവ്യലതിക പൂത്തുതളിർത്തു നില്ക്കുന്നതു കാണാൻ അദ്ദേഹത്തിനു കൗതുകമുണ്ടായിരിക്കുമല്ലോ. സപ്തതിസ്മരണയ്ക്കായി ആകർഷകമായ ഒരു കവനകൃതി പുറത്തിറക്കാൻ കഴിഞ്ഞ അദ്ദേഹം അഭിനന്ദനമർഹിക്കുന്നുണ്ടു്.

സി. എം. ഐ. സഭയെയും അതിന്റെ സ്ഥാപകനെയും സ്നേഹാദരങ്ങളോടെ മാത്രമാണു ഗ്രന്ഥകർത്താവു അനുസ്മരിക്കുക. തികഞ്ഞ ഒരു സഭാപുത്രനാണദ്ദേഹമെന്നു നിസ്സംശയം പറയാം. ദിവ്യരക്ഷകനോടും പരിശുദ്ധമറിയത്തിനോടുമെല്ലാം അഗാധമായ ഭക്തിബഹുമാനങ്ങളും പ്രകടമായിട്ടുണ്ടു്. ഭക്തിയുടെ നിറവിൽനിന്നുള്ള കവിഞ്ഞൊഴുകലാണു പലവരികളും. അവയിൽ കാവ്യഭംഗിഅല്പം കൂടി തെളിഞ്ഞു കണ്ടിരുന്നെങ്കിൽ എന്നു് അനുവാചകർ ആഗ്രഹിച്ചുപോകുന്നതാണു്.

ധർമ്മാരാമിനെപ്പറ്റിയും ബിജ്നോർ മിഷനെപ്പറ്റിയുമെല്ലാം സ്വതസിദ്ധമായ കാഴ്ചപ്പാടിലൂടെ വിലയിരുത്തുന്നതു ശ്രദ്ധേയം തന്നെ. പ്രേഷിതവൃത്തി

യുടെ മാഹാത്മ്യം മനസ്സിലാക്കുവാൻ ആ മിഷൻ ചൈതന്യം പ്രേരണ നൽകാതിരിക്കില്ല.

''വാഴട്ടെ ബിജ്നോർ മിഷൻ
ആയിരമായിരം കാലം
സഭയുടെ തിലകമായ്
വാണിടട്ടെന്നും'' എന്ന ഗ്രന്ഥ കർത്താവിനോടുകൂടി ആശംസിക്കുകയും പ്രാർത്ഥിക്കയും ചെയ്യുകൊള്ളട്ടെ.

സ്വയം മറന്നുള്ള സേവനം സ്വന്തം കഥയായിപ്പറഞ്ഞിക്കൊണ്ടിരിക്കുന്ന വിനീതനായ ഒരു സഭാസേവകനാണ റവ. ഡോമിനിക്ക് കോയിക്കര. അദ്ദേഹത്തിന്റെ ഈ കൊച്ചു കവിതകൾക്കു ദീർഘമായ ഒരവതാരിക ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അദ്ദേഹത്തിന്റെ ഉദ്ദേശ്യശുദ്ധിയെ ആരും ചോദ്യം ചെയ്യുമെന്നും തോന്നുന്നില്ല. ആദ്ധ്യാത്മികാനുഭൂതികൾക്ക് അവയുടെതായ സ്ഥാനമുണ്ടെന്നു മനസ്സിലാക്കാൻ ഈ ചെറുഗ്രന്ഥം സഹായകമാകട്ടെ. ഒരു കാവ്യകൃതി എന്നതിനെക്കാൾ ആത്മാർത്ഥതയുടെ ഹൃദയത്തുടിപ്പുകൾ എന്ന നിലയിൽ സഹൃദയ സമക്ഷം ഈ ചെറുഗ്രന്ഥം അവതരിപ്പിക്കുകയാണ്.

പോൾ വർഗീസ്

ഒന്നു

സമർപ്പണം

കേരള സുരഭിലമലരണിവനിയിൽ
കനകമനോഹരമൊരുനവസൂനം
പുഞ്ചിരിതൂകിവിടർന്നിതാന്തം
പരിമളകാന്തിപകർന്നുവിളങ്ങി

കമ്മലസഭയുടെവന്ദ്യപിതാവായ്
കൃഷ്ണക്കോസെന്നഭിധേയത്തിൽ
കേരളഭൂവിനൊരാത്മപുരോഗതി
പരിചൊടുവന്നുഭവിച്ചിടുവാനായ്

ഓലൻകണ്ണൻകുന്നിൽകമ്മല
സഭയുടെവിത്തുകരത്താൽനട്ടു
വിത്തുവളർന്നുലസിച്ചുതളിർത്തീ
മാതാവിൻസഭയിന്നിതുപോലായ്

അജ്ഞതതിങ്ങിയ ഭൂമിയിലെങ്ങും
വിജ്ഞാനത്തിൻകൈത്തിരികാട്ടാൻ
മഹിതാശയനാംചാവറയച്ചൻ
മഹിമയെഴും പുതുകൃതികാംരചിച്ചു

വിണ്ടലവേദിയിലൻപൊട്ടുവാഴും
തേജോപുഞ്ജംസ്നേഹമഹാത്മൻ
തന്നുടെകമ്മലതന്നിൽവസിക്കും
എളിയൊരുദാസൻമോദമോടേവം

വികൃതികളിങ്ങനെകൃതികളിലാക്കി
ചന്തമിണങ്ങിയ പാട്ടുകളാക്കി.
തേജോരൂപൻ ''ചാവറ''തന്നുടെ
പാദസുമങ്ങളിലർപ്പിക്കുന്നേൻ

രണ്ടു്

ഒരു സ്മരണ

സ്മരണരഥത്തിൽകയറീയുന്നത
സ്മാരകശിലകളെവീക്ഷിച്ചപ്പോൾ
കേരളസഭയെത്തട്ടിയുണത്തി—
ക്കൈരളിയെക്കൈനല്കിവളത്തി
കേരളചരിതംമാറ്റിരചിച്ചഥ
കരളിനുകൗതുകമരുളാൻപോരും
വ്യക്തിപ്രതിഭാശാലിമഹാത്മൻ
ഭക്തിയെഴുന്നോരുന്നതതാതൻ
തന്നുടെപുകളുകലർന്നപാടുന്നേരം
തളിരണിയുന്നീഹൃദയവനങ്ങൾ

ആരാണീനവചരിതംനെയ്യാൻ
കാരണമാക്കിയപാവനപാദൻ?
കേരളകമ്മലവാടിവളത്തിയ
കർമ്മാത്മകനാംപൂജിതപാദൻ

മൂന്നു

പൊന്നുണ്ണി

പൊന്നുണ്ണിയാമഖിലേശാ
വന്നിടേണേ ഹൃദയത്തിൽ
എന്നുമെന്റെവീണമീട്ടി
പാട്ടുപാടാം ഞാൻ.

പൊഞ്ചിറകുകംവിരിച്ചു
വാഞ്ഛകംലസിപ്പൂഹൃത്തിൽ
കാഞ്ചനപ്പൂമാലനല്ലാം
പഞ്ചവണ്ണത്തിൽ.

മന്നവനാമീശോനാഥാ
വിണ്ണിലേക്കുവിളിക്കേണേ
മന്നിടത്തിൽപാപിയാകും
നിന്റെപുത്രനെ.

നിർമ്മലരാംകുഞ്ഞുങ്ങൾക്കു
ദുർമ്മാതൃകവരുത്താതെ
ധർമ്മമായിമണ്ണിൽമേനി
മറഞ്ഞീടുവാൻ.

തോരാതെ വിൺമാരിയായി
താരകങ്ങൾ വാഴും നാട്ടിൽ
ധാരാളമായ് വരംതുകാൻ
കരം കൂപ്പുന്നേൻ.

അല്പൽ തീർത്തു നിൻ സുതരെ
നല്ലവരായ് മാറുവാനും
മെല്ലെ ലോകം സ്വർരാജ്യ
തുല്യമാകാനും

കൈവണങ്ങാം സ്നേഹമോലും
കാരുണ്യത്തിൻ കൈവിളക്കേ,
കൈത്തിരി നീ കരംതോറും
കൊളുത്തേണമേ.

മാനവക്കു ഭാരമായ് ഞാൻ
തീരുംമുമ്പേ കനിവോടേ
വിണ്ണിലേക്കു വിളിക്കുവാ—
നോർത്തിടേണമേ.

പാർത്തലത്തിൽ മരണത്തെ
പാർത്തു പാർത്തു കഴിക്കുന്ന
സ്നേഹപൂവ്വുമെന്നെവിണ്ണിൽ—
ചേർത്തിടേണം നീ.

നാല്

ആത്മാർപ്പണം

എൻ മനസ്സിന്നോരോ കൊച്ചു—
സ്പന്ദനവും, കരത്തട്ടിൽ
വിടരുന്ന പുഷ്പങ്ങളാം
സങ്കല്പങ്ങളും

കാഴ്ചയായ് ഞാനർപ്പിക്കുന്ന
കൈക്കൊള്ളുവാൻ കനിയേണേ
കർത്താവേ, നിൻ പാദപത്മം
പുൽകിടുന്ന ഞാൻ.

മർത്യരങ്ങേക്കെതിരായി
ചെയ്യുമോരോ കൃത്യവും നിൻ
മാനസത്തിൽ ചേക്കുമമ്പെ—
ന്നോക്കുന്ന ഞങ്ങളം.

എൻ വൈരികളും സഹായികളും
എല്ലാവർക്കുമായി മന്നിൽ
എന്നുമെന്റെ പ്രാർത്ഥനകളും
കാഴ്ചവയ്ക്കുന്നു.

ദേവമാതാവേ, നിനക്കെൻ
ജീവിതമാം പൂജാപുഷ്പം
മോദമോടിന്നർപ്പിക്കുന്നു
സ്വീകരിക്കേണം.

വിധിനാഥ മാതാവാം നീ
വിധിനേരത്തന്തികത്തിൽ
വന്നുനിന്നു ചേർത്തിടേണേ
വിണ്ണിൽ വാടിയിൽ.

വല്ലഭേ, നീയൊഴിഞ്ഞീടി—
ലില്ലെനിക്കു വേറെയാരും
അല്ലലെല്ലാം നീക്കി രക്ഷ—
ചെയ്വതിന്നമ്മേ.

Br. Dominic
Kochuvareed C.M.I.

അഞ്ച്

സക്കാരിയിൽ

സർവഗുണ സമ്പൂർണ്ണനായ്
സർവലോക പാലകനായ്
സർവതും മറഞ്ഞു കാൺമൂ
നിർവികാരൻ നീ

ധൂത്തരാകും മനുഷ്യരെ
ചേർത്തു തഴുകീടുവാനായ്
പാർത്തിടുന്നു കാരാഗൃഹ—
വാസിയായി നീ.

പാർത്തലേയി സക്കാരിയിൽ
പാർത്തിടുന്നൊരീശോനാഥാ
ചേർത്തിടേണേ സ്നേഹമോടേ
ധൂർത്തനാമെന്നെ.

എത്രയോ പ്രതാപവാൻ നീ
ഇത്രയുമെളിയവനായ്
പുത്രക്കായീ സക്കാരികത്തം
മാത്രം തേടുന്നു.

കോപിച്ചിടല്ലേ ദൈവമേ
തപിച്ചീടുന്നു, ഞാൻ മേലിൽ
പാപംചെയ്യാതിരിക്കുവാൻ
കൃപയേകണേ.

തെറ്റുകുറ്റമെല്ലാംമാറ്റി
മറ്റുള്ളോരെ സ്നേഹിക്കാനായ്
ഉറവയെപ്പോലെയെന്നെ—
പ്പോറ്റിടേണം നീ

അഴക്കേറും ലോകംതന്നിൽ
മുഴുകാതെ, പാപച്ചേറ്റി—
ലിഴയാതെയേഴയെന്നെ
വഴികാട്ടണേ.

ക്ലേശിതനാമേശുനാഥാ
ആശാപാശ ബന്ധിതനായ്
ആശ്രയിക്കും പാപിക്കു നീ
ആശിസ്സേകണേ.

ഇന്നുമുതലെന്നേക്കുംഞാൻ
തന്നിഷ്ടങ്ങളെല്ലാംമാറ്റി
നിന്നിഷ്ടംപോൽ ചരിച്ചീടാം
മന്നവനീശോ.

പാപമെന്നും ഘോരമാരി
ശാപഭീതി, പിന്നെയുള്ളിൽ
താപമേറും കർമ്മങ്ങൾതൻ
ദീപരശ്മികൾ.

വേലചെയ്യാനിനിയൊട്ടും
മേലാതായി; ചെയ്ത സർവ
വേലകൾക്കും നിത്യക്ലേശം
നിശ്ചയിക്കുമ്പോൾ

നല്ലകാലം ലഭിച്ചിട്ടും
നല്ലമാർഗ്ഗേ നടക്കാതെ
അല്ലലെന്നേ മാനസത്തെ
കലക്കിടുമ്പോൾ

അറിഞ്ഞിട്ടുമറിയാതെ
കുറഞ്ഞനാൾകൊണ്ടുചെയ്ത
കുറവുകൾ പാപങ്ങളെ-
ന്നറിഞ്ഞിടുമ്പോൾ

ചെയ്തപാപമോർത്തോർത്തു ഞാൻ
ചെയ്തിടേണം പരിഹാരം
ചെയ്‌വാനെനിക്കേകുകില്ലേ
നേരം ദൈവമേ!

കന്നിയമ്മേ, മറിയമേ,
മന്നിടത്തിൽ പാപിയാകും
എന്നിൽനിന്നേ കാരുണ്യംനീ
കാട്ടിടേണമേ.

ആറു്

സല്ലാപം

ഏദനെന്നപൂന്തോട്ടത്തി—
ലാദിമർത്യനാകുമാദം
മോദംവിട്ടുപിഴച്ചതിൻ
ഖേദംതീർക്കാനായ്

വിണ്ണിൽനിന്നുമണ്ണിൽവന്നു
കണ്ണുനീരിൻതാഴ്വരയിൽ
ഉണ്ണിയായിപ്പിറന്നല്ലോ
രക്ഷകരാജൻ

മാനുഷാവതാരത്തിന്നായ്
വന്നനാഥനൊരുകൊച്ചു-
വീടുപോലുംലഭിച്ചില്ല
പുൽക്കൂടല്ലാതെ

ആലിപ്പഴംപോലെശൈത്യ—
മോലുംരാവിൽദൈവസുതൻ
ആലിലപോൽവിറച്ചല്ലോ
കാലിപ്പുൽക്കൂട്ടിൽ!

മിന്നിടുന്നപ്രഭാപുഞ്ജം,
വാനിലെങ്ങുംമാലാഖമാർ
വന്നുമോദപൂർണ്ണരായി
ഗാനംപാടുന്നു

ആട്ടിടയവർവന്നുനിന്നു
കൂട്ടമായികൈകൂപ്പുന്നു
വെട്ടംകാട്ടിശിശുവിന്റെ
മുഖംകാണുന്നു

മാനത്തൊരു പുത്തൻതാരം
മൂന്നു രാജാക്കന്മാർ കണ്ടു,
പൊന്നും മുരും, കുന്തിരിക്കം
മൂന്നുമെടുത്തു

ക്ലേശമായ യാത്രചെയ്തു
ആശയോടെ വന്നുചേർന്നു
പേശലമാപദാംബുജം
ഭക്ത്യാചുംബിച്ചു

പാരിലൊരു നൃപൻവന്നു
പിറന്നൊരാവാർത്തകേട്ടു
ഹേറോദേസിൻ മനസ്സാകെ
വിറപൂണ്ടല്ലോ

പാറപോലെ കടുത്തൊരാ
ഹേറോദേസിൻ നേത്രയുഗ്മം
കറയില്ലാക്കുഞ്ഞുങ്ങളെ
തുറിച്ചുനോക്കി

മൂന്നുദിവസത്തിനകം
മൂന്നുവയസ്സാകാത്തുള്ള
കുട്ടികളെയെല്ലാം കൊല്ലാ—
നുത്തരവിട്ടു

ഹീനനായ രാജാവിന്റെ
മാനസമാം തീജ്ജ്വാലയിൽ
പാവങ്ങളാം പിഞ്ചുകുഞ്ഞു—
പൈതങ്ങൾ വീണു

ഉന്നതത്തിൽനിന്നുവന്ന
മാലാഖതൻ കല്പനയാൽ
ഉണ്ണിയെയുംകൊണ്ടുതാതൻ
ഈജിപ്തിലെത്തി

കാണുന്നുഞാൻ മനക്കണ്ണാ—
ലുണ്ണിയീശോ നിന്നോടൊത്തു
സല്പഥിക്കാനൊരുക്ഷണം
നൽകീടേണംനീ

ഏഴ്

ധർമ്മാരാമിലേക്ക്

ധർമ്മാരാമെന്നൊരു നാമം
നിർമ്മലമാമനുഭൂതി
നിർമ്മിക്കുന്നെൻ മാനസത്തി-
ലോർമ്മയിൽപ്പോലും

വൈദികരായ്ത്തീരാനുള്ള
വിദ്യാർത്ഥികൾ വസിക്കുന്ന
ധന്യഗേഹമല്ലോ ബാംഗ്ലൂർ
ധർമ്മാരാമിന്നും

നീലീശ്വരമാശ്രമത്തിൽ
താമസിക്കുംകാലത്തെന്നെ
ആലുവായിൽ സേവനത്തി-
നായിക്ഷണിച്ചു

യോഗാർത്ഥികളൊത്തുമേവാ-
നെന്നുമെന്നുമാശിച്ചുഞാൻ
യോഗമെനിക്കതിനുണ്ടെ-
ന്നോർത്തുനാം നീക്കി

ഒരുദിനംവിളിവന്നു,
ധർമ്മാരാമിലേക്കുപോകാ—
നൊരുക്കമാണെന്നവേഗ—
മറിയിച്ചുഞാൻ

ആയിരത്തിത്തൊള്ളായിര—
ത്തറുപത്തുരണ്ടുമേയിൽ
പതിനാലാംതീയതിഞാൻ
യാത്രയ്ക്കിറങ്ങി

ആനന്ദത്തിൽപൂക്കളെന്റെ
മാനസത്തിൽപുഞ്ചിരിച്ചു
പിറേറന്നാള രാവിലെഞാൻ
ധർമ്മാരാംപൂകി

സുന്ദരമാകോളേജിന്റെ—
യങ്കണത്തിലെത്തിയപ്പോഴം
മന്ദഹാസംചുണ്ടിൽവന്നു
നൃത്തംവച്ചല്ലോ

എട്ട്

ധർമ്മാരാം സല്ലാപം

കന്നിയമ്മേ, ദിവ്യനാഥേ
മന്നിടത്തിൽപാപിയാകും
എന്നിൽസ്വർഗ്ഗസ്നേഹരശ്മി
ളുകിടേണമേ

യോഗ്യനല്ലെന്നാലുമങ്ങേ
ഭാഗ്യമോലുംഭവനത്തിൽ
യോഗ്യരാമീകുഞ്ഞുങ്ങളെ
ത്യാഗാൽസേവിപ്പാൻ

മാടിമാടിവിളിച്ചല്ലോ
പാടിടുന്നുമാനസത്തിൽ
പൂക്കുമോരോപൂജാപുഷ്പ—
മങ്ങേവാഴ്ത്തുവാൻ

പാവനമീധർമ്മാരാമെൻ
ഭാവനയിൽവന്നിടുന്നു
ഭൂവനത്തിൽപറുദീസ
മറെറാന്നില്ലല്ലോ

നന്നായൊരുസേവനംഞാൻ
മന്ദിക്കാതെചെയ്തിടുകിൽ
മന്നവനാമീശോനാഥൻ
മന്ദഹസിക്കും

കേരളമാംജന്മനാട്ടിൽ
കേളികേട്ടമലനാട്ടിൽ
വീണ്ടുംചെല്ലാനാശതെല്ലും
വിടരുന്നില്ല

എന്നുമെന്നുമാനയിക്കും
മിന്നുംപൊന്നിൻവെളിച്ചത്തിൽ
മന്നവനാമീശോനാഥ—
നെന്നെനിത്യവും

എൻറെകൊച്ചുതുലികയിൽ
മൊട്ടിടുന്നവിചാരങ്ങൾ
ഒട്ടുമേഞാൻമറക്കാതെ
പകർത്തിടട്ടെ

ഒമ്പത്

ദനഹാത്തിരുനാൾ

വന്നണഞ്ഞുപുണ്യദിനം
പൊന്നുഷസ്സിൻവെളിച്ചമീ
മന്നിടത്തിൽപരക്കുന്നു
നോക്കിനിന്നുഞാൻ

മാസധ്യാനംകഴിച്ചുതി-
ന്നോമ്മപോലുംമനസ്സിനെ
പുണ്യവരപ്രസാദത്താൽ
ധന്യമാക്കുന്നു

ഇത്തിരുനാളും, പൂത്തിരുനാളും
പൂത്തിരികൊളുത്തുമല്ലോ
പുത്തൻവർഷമെത്തിയാലീ
കൈത്തിരിവെട്ടം .....

മന്നവനാംനാഥൻതന്നെറ—
യാവിഷ്കാരത്തിരുനാളിൽ
വിനീതരാംസുതരുടെ
മനംകുളിർക്കും

വ്രതമെടുത്തവരെല്ലാം
വ്രതമിന്നുപൂർത്തിയാക്കുവാൻ
ചിതമായിവരുന്നല്ലോ
കൃതകൃത്യരായ്

ഉപദേശംകേട്ടമനം
ധ്യാനലീനമാക്കി, പിന്നെ
തപോധനർവ്രതവാക്യ–
മാവർത്തിക്കയായ്

നിരന്നുനില്ക്കയായി
നവമോദമോടെതമ്മി–
ലാലിംഗനംചെയ്തസ്നേഹം
തെളിച്ചുകാട്ടാൻ

അലയാഴിതന്നിൽത്തിങ്ങി–
യുലഞ്ഞിടുംപുത്തൻതിര–
മാലകൾപോൽതിരതല്ലി–
യെന്നിലാനന്ദം

പത്തു്

പുതുമുഖങ്ങൾക്കു് വരവേല്പു്

പാടിടാംപാടിടാം മംഗളംനേരിൽ
സ്വാഗതഗാനങ്ങം വാനിലുയത്തി
സ്വപ്നത്തിൽകണ്ടതാം ധമ്മാരാംനേരിൽ
കണ്ടീടാൻ വേഗത്തിലിങ്ങോട്ടുപോന്നു
ഏറിയരാത്രിയിൽനിദ്രകളഞ്ഞു
കൊതിതുള്ളിവന്നതാംസോദരരാം
കുഞ്ഞനുജന്മാരേ പുഞ്ചിരിതൂകു
പൊൻകതിർവീശും പുതുമുഖങ്ങളാം
പൊൻതാരകുഞ്ഞനുജക്കു മംഗളം
അൻപുള്ള താതരും സോദരുമാണേ
ഇമ്പമോടൊന്നിച്ചു മംഗളംപാടിൻ
പുഞ്ചിരിതൂകട്ടെ കുഞ്ഞനുജന്മാർ
തഞ്ചത്തിൽ ചാഞ്ചാടിമേവട്ടിവിടെ
വഞ്ചനയേശാതീകുഞ്ഞുങ്ങളെല്ലാം
അഞ്ചാതെ പുണ്യത്തിൽ പൂവണിയട്ടെ
ധർമ്മാരാം മക്കളാം പിഞ്ചുസുതരേ
അമ്മയ്ക്കഭിമാനമാകേണംനിങ്ങം
ആനന്ദത്തോടെന്നും മംഗളംപാടാം

സന്തോഷത്തോടെയോതുന്നു ദുമനീ
വാടിത്തളരാതെ ചേട്ടന്മാരെല്ലാം
മീട്ടുവിപഞ്ചികാതാളമേളങ്ങളം
കൊട്ടുകപാട്ടുകളുന്നിച്ചുചേലിൽ
മേരിമനോഹരീവിമലറാണീ
ഇരവുംപകലുമിവരെക്കാത്തു
വരങ്ങളഖിലം നല്ലിടുവാനായ്
കരങ്ങളുംകൂപ്പിഞാൻ നമിച്ചീടുന്നു
മോശംവരാതീക്കുഞ്ഞുങ്ങളെല്ലാം
ആശാപാശമടക്കിജീവിക്കാനായ്
ഈശോയും മേരിയും യൗസേപ്പുമെന്നും
ആശിസ്സുമായുസ്സും നൽകിടേണേ
നിങ്ങളോരോരുത്തർക്കും നൽവരമേ—
കാനായെന്നും പ്രാർത്ഥിച്ചീടാം ദുമനീ

പതിനൊന്ന്

ധർമ്മാരാം വിടവാങ്ങൽ

കനിവേറുംപ്രിയതാതാ
ജനറാളച്ചാവിനയ-
വിനീതനാംറെക്ററച്ചാ
താതർസോദരരേ
തോരാതിവന്നാശിസ്സുകളം
ധാരാളമായേകിടാനായ്
വിനയമോടിവൻതാതാ
കരംകൂപ്പുന്നേൻ
ധർമ്മാരാമിന്നംഗങ്ങളേ
ഇമ്മകൻചെയ്തതെറുകളം
ക്ഷമിപ്പാനിവനാദരാൽ
യാചിച്ചീടുന്നേൻ
ഈശോയുടെസ്വരംശ്രവി—
ച്ചാശയോടെയീഭവനെ
യേശുസുതർക്കുസേവനം
ആശിച്ചുവന്നു

പ്രായമേറിയെന്നാകിലും
ആയാസത്തോടെവന്നഞാൻ
മായാമോഹങ്ങളടക്കി
ന്യായമായ് ജോലി
വഴിപോലിങ്ങുചെയ്യുവാൻ
കഴിവുറുശ്രമിച്ചിവൻ
പിഴകളെല്ലാംപൊറുക്കാ
കഴിവുള്ളോരെ
ഈശോതൻപ്രിയസുതക്കു
കോശപോഷണമേകീടാൻ
ആശാപാശങ്ങളടക്കീ—
ട്ടാശിച്ചുചെയ്യ
മന്നവനീശോയെപ്രതി
മന്ദംകൂടാതെ സേവനം
ഇന്നുവരെചെയ്യവല്ലൊ
പൊന്നുതാതരേ
രണ്ടുമൂന്നുനൂറിൽപരം
നീണ്ടോരുകൂട്ടത്തിന്നായ്
രണ്ടരക്കൊല്ലംസേവനം
ദാസൻചെയ്തല്ലോ
മുപ്പത്തിമൂന്നുവർഷമായ്
ഇപ്രകാരമുള്ളജോലി
തൽഫലം ശക്തിക്ഷയിച്ചു
പാപ്പരുമായി
കിളവനാമിവനിപ്പോഴും
എളുതല്ലീജോലിചെയ്വാൻ
വളയുന്നില്ലാശരീരം
പൊളിയല്ലിതു്

തലകറക്കം ചിലപ്പോൾ
കാലും കൈയും തളർച്ചയും
മേലൊക്കെയും വേദനയാൽ
ആലസ്യമായി
ഉറക്കം കുറവായ് വന്നു
പുറപ്പെടാൻനേരമായി
പറയുകയാണയാത്ര
ഉറ്റവരോടായ്
ചെറുപ്പക്കാരും താതരും
കുറവെന്യേപ്രാർത്ഥിക്കണേ
മുറപോലീശോചിത്തംഞാൻ
നിറവേറിടാൻ

പന്ത്രണ്ടു്

എന്റെസഭാജീവിതം

കിഴക്കമ്പലംകരയിൽ
കണ്ടത്തിയെന്നുവിളിക്കും
കോയിക്കരകുടുംബത്തിൽ
പൂക്കോളിവീട്ടിൽ

പത്രോസെന്നും മേരിയെന്നും
നാമംദമ്പതികളുടെ
അഞ്ചാമത്തെപുത്രനായ്
കൊച്ചുവുസേപ്പ്

ആയിരത്തിത്തൊള്ളായിര—
ത്തിമൂന്നാമാണ്ടേപ്രിൽമാസം
ഇരുപത്തഞ്ചാംതീയതി
ഭൂജാതനായി

പ്രായമായിവന്നചേന്ന
പ്രിയമോടെകമ്മലയിൽ
ലൂദോവിക്കച്ചനോടുവി—
വരംപറഞ്ഞു

കുറെക്കഴിഞ്ഞുവരുവാൻ
മുറപോലെകല്പിച്ചല്ലോ
കുറവില്ലാതമ്മയോടോ-
തീയീവിവരം

വിട്ടിൽനിന്നു പോകാനായി
ഒട്ടുംസമ്മതിക്കില്ലമ്മ
നാട്ടാരുംകൂടിയപ്പോഴും വി—
ട്ടുവീഴ്ചയില്ല

എന്റെറമകൻപോയെന്നാലോ
എന്റെകാര്യംആരുനോക്കും
നിന്റെഅപ്പനുംജ്യേഷ്ഠനും
മൺമറഞ്ഞല്ലോ

സ്വത്തുക്കളുംവസ്തുക്കളും
കുറികളുംനിലങ്ങളും
എല്ലാമങ്ങ് കടത്തിലാ—
യിനശിച്ചില്ലോ

ഒന്നുനന്നായാലോചിച്ചു
മന്നവനീശോയോടാദ്യം
മേരിയമ്മ, യൗസേപ്പിനേം
കേണപേക്ഷിച്ചു

കുടയെടുത്തുപിഴകിലേക്കു്
പെട്ടെന്നയാത്രതുടങ്ങി
ഇടക്കരവീട്ടിലെത്തി
തുടങ്ങീജോലി

മൂന്നുകൊല്ലംജോലിചെയ്തു
ആയിരംരൂപാലഭിച്ചു
അമ്മക്കുകൊടുത്തുമഞ്ഞപ്ര
മഠത്തിലാക്കി

അന്നുതന്നെആലുവായിൽ
വന്നുകണ്ടുഅച്ചന്മാരെ.
ലൂദോവിക്കച്ചൻകല്പിച്ചു
ഉടനെവരാൻ

എളിയതരംവേലകളും
എളുതല്ലാചെയ്തിടുവാൻ
കളിയല്ല, തോന്നിനാളെ
വിട്ടുപോയാലോ!

വ്യാകുലമാതാവിൻപക്കൽ
ആകുലംനീക്കിയെപ്പോഴും
ഏകുവാൻധൈര്യത്തിന്നായി
ഏകനായ്ത്തേണു

കരുണാകരനീശോയേ
പരീക്ഷതരണംചെയ്യാൻ
തരികവരങ്ങളെന്നും
കരുണയോടെ

മുനിവരനവുസേപ്പേ !
കനിവുള്ളൊരുതാതനേ
എനിക്കായിപ്രാർത്ഥിക്കണേ
കനിവോടെന്നും

ആയിരത്തിത്തൊള്ളായിര—
ത്തിമുപ്പത്തൊൻപതുജൂലൈ
പതിനാറിൽനിത്യവ്രത
വാശ്രമംചെയ്തു

ഉത്തമനാംസന്യാസിയായ്
ജീവിക്കുവാൻശ്രമിക്കുന്നു,
സത്തമനാംദൈവമെന്നെ
നേർവഴിനീക്കും

പതിമൂന്ന്

കൊച്ചിയാത്ര

കൊച്ചി കാണാൻ പോയവരേ,
കൊച്ചി മുത്തിയെ കണ്ടു ഞാൻ
വീടുകളംകണ്ടു, ഫാക്ടറി കണ്ടു
തിരിച്ചുപോന്നു, തിരിയെ തിരിച്ചുപോന്നു

നഗരം കാണാൻ പോയവരേ,
ബഹുവേഷാദികളം കണ്ടു ഞാൻ
ഹിപ്പിയെക്കണ്ടു, ''പറങ്കി''യെകണ്ടു
സിനിമാശാലയും കണ്ടു ഞാൻ
കളിയരങ്ങുകളം കണ്ടു ഞാൻ

പള്ളികളം കാണാൻ പോയവരേ,
പലവിധ പള്ളികളം കണ്ടു ഞാൻ
പഴക്കംചെന്ന പള്ളികളം കണ്ടു,
ശില്പം കണ്ടു,
കൊത്തു വേലകളം കണ്ടു ഞാൻ
മട്ടാഞ്ചേരി കണ്ടു ഞാൻ

കപ്പലു കണാൻ പോയവരേ,
ചരക്കു കപ്പലു കണ്ടു ഞാൻ
ടെയിനുകളും കണ്ടു, കൊടിമരം കണ്ടു
തിരിച്ചു പോന്നു
കൂടെവന്നവരെല്ലാരുമപ്പോഴും
കടലും തിരയും കണ്ടു.

പ്പെയിനുകളും കാണാൻ പോയവരേ,
എയറോഡ്രാം ഞാൻ കണ്ടല്ലോ
മിഗ്ഗുകളും കണ്ടു, നാറ്റുകളും കണ്ടു
തിരിച്ചു പോന്നു
ഹെലിക്കോപ്റ്ററുകളും കണ്ടില്ല
പ്പെയിനിൽ കയറാനായില്ല

പതിനാല്

ബിജ്നോർ മിഷൻ

കേട്ടീടുക സോദരരേ,
നട്ടം തിരിയും മിഷനെറ
മുട്ടുപാട തീക്കാൻ ഞങ്ങടം
നീട്ടുന്ന കൈകടം
ഉന്നതമാം ഹിമാലയ—
കുന്നിൻ താഴ്വരയിലുള്ള
മന്നവനീശോതന്നുടെ
ബിജ്നോറു മിഷൻ
പൊട്ടും തൊട്ട ഗ്രാമങ്ങളിൽ
ഒട്ടു മുക്കാലും ഹിന്ദുക്കടം
കൂട്ടം കൂടി വസിക്കുന്ന
നാട്ടിലാണല്ലോ
ഭാരത മിഷനുകളിൽ
ആരാലും സഹായിക്കേണ്ട
ദാരിദ്ര്യമേറും മിഷനും
ബിജ്നോർ തന്നെ

കത്തോലിക്കരെൺപത്തഞ്ച്
ചത്തുപോയി വിശ്വാസവും
ഇത്തരുണത്തിലവരെ
ഉത്തമരാക്കാൻ.
വിളവിറക്കാൻനിലങ്ങൾ
തെളിവായി പഠിപ്പിക്കാൻ
സ്കൂളും വേണമതിന്നായി—
ട്ടാളമെത്തണം.
വെള്ളം കുടിക്കാൻ കിണർ
പള്ളിവേണം പറമ്പുകൾ
ഉള്ളത്തിലീശോനാഥനു—
പള്ളികൊള്ളണം
കേരളകത്തോലിക്കരേ,
നരരക്ഷ പ്രേഷിതരേ,
നിരന്തരം സഹായിക്ക
സ്വതുമയോടെ.
കരുണാനിധിയീശോയ്ക്കൊ—
രു നിമിഷം വൈകാതെ
ഇരുകരവുമെടുത്തു—
വാരി കൊടുക്കൂ.
അശ്രാന്തം പരിശ്രമങ്ങൾ
വിശ്രമം കൂടാതെപ്പോഴും
ആശ്രമങ്ങൾ തീക്കാനായി
ചെയ്തു വരുന്നു.
ഇൻഡ്യയിലേറ്റം പാവമാം
മിഷൻ സ്ഥലമേതാണെന്നു
ചോദിക്കുന്നവക്കുത്തരം
ബിജ്നോർ തന്നെ.

സ്റ്റേഷനുകളായിവിടെ
ഒൻപതു സ്ഥലങ്ങളുണ്ട്
നാമങ്ങളോരോന്നായിതാ—
ചൊല്ലീടുന്നു ഞാൻ.
ബിജ്നോറും, കാലിഗഡ്ഢം,
നാസിരാബാഡ്ഢ, കോട്ടദ്വാരാ,
ചാമോളി, ടെഹ്രി,നരിഡ്വാർ,
ശ്രീനഗർ, പൗഡി,
മഞ്ഞുപുതപ്പിലുറങ്ങും
ഹിമാലയത്തിനുതാഴെ
സമതലത്തിൽ മുകളി—
ലാം പൗഡിസ്റ്റേഷൻ
കുറെ സ്ഥലം വാങ്ങിയല്ലോ
കുറതീർത്തുപണിയേണം
കെട്ടിടം പള്ളിയും സ്കൂളും
ഉടനെ തന്നെ.
മേൽപറഞ്ഞ സ്ഥലങ്ങളിൽ
താല്ക്കാലികഭവനങ്ങളും
നാലു സ്ഥലത്തുള്ള, പിൽക്കാ—
ലത്തേക്കു പോരാ.
അഞ്ചുസ്റ്റേഷൻ ബാക്കിയില്ലൊ—
രിഞ്ചുസ്ഥലം പോലുമില്ല
കെഞ്ചിവാങ്ങണം മാന്യരേ
പിഞ്ചു മിഷനിൽ.
വഞ്ചിക്കില്ലാ മാനവരേ
വാഞ്ഛയോടെ വന്നീടുന്നു
വഞ്ചിഭൂമി മക്കളോട്ട
കെഞ്ചിടുന്നു ഞാൻ.
ഉദാരശീലരാം നിങ്ങളും
പൈദാഹങ്ങളും തീർക്കുവാനും

ആദിവാസികൾക്കും നൽകു—
ദാനധർമ്മങ്ങൾ.
സോദരമിഷനറിമാർ
സോദരീ കന്യാസ്ത്രീകൾക്കും
ഉദരപൂരണത്തിനും
ഭവനങ്ങൾക്കും.
ഓരോ പൈസയായി നിങ്ങൾ
തരുന്നവയെല്ലാം കൂടെ
ഒരുമിച്ചു കൂട്ടി ഞങ്ങൾ
സ്വരുമയോടെ.
കാലാനുസൃതം മിഷനിൽ
സ്ഥലങ്ങൾ വാങ്ങിക്കും പിന്നെ
ആലംബത്തിന്നായി വീടും
കാലാകാലത്തു്.
പണിചെയ്യിച്ചീടും ഞങ്ങൾ
ഗുണവാൻ ദൈവത്തിന്നായി
അണുവിട പാഴാക്കാതെ
ഉണർവ്വോടെന്നും.
മനുഷ്യാവതാരം ചെയ്ത
സ്നേഹനാഥനീശോക്കായി
മനുവെ, നേടീടുവാനായു്
തുനിഞ്ഞിറങ്ങും.
വിജ്ഞാനവിത്തർ ഹിന്ദുക്കൾ
അജ്ഞരാം ജനങ്ങൾക്കെല്ലാം
വിജ്ഞാനം പകർത്തീടേണം
അജ്ഞാനികൾക്കും.
കൊടുക്കേണം ജ്ഞാനസ്നാനം
വീടും കിടപ്പാടങ്ങളും
ഉടനെ കൊടുത്തില്ലെങ്കിൽ
ഇടറിപ്പോകും.

ഉടയോനെ വിശ്വസിച്ചാൽ
ഒട്ടക്കം വരെ നിൽക്കുവാൻ
തുടക്കത്തിൽ ശ്രദ്ധിക്കേണം
വിട്ടുപോകാതെ.
നല്ലപോലദ്ധ്വാനിച്ചീടാം
എല്ലാറ്റിനും പണംവേണം
നല്ലവരുടെ സഹായം
അല്പാതെയില്ല.
നല്ലവനീശോയെ ഓർത്തു
തെല്ലും സംശയിക്കാതെന്നും
മെല്ലെത്തരികദാനങ്ങൾ
നല്ല മാനവർ.
മെയ്യൊഴിഞ്ഞു പോകരുതേ
കൈയയച്ചു സഹായിച്ചാൽ
പയ്യെപ്പയ്യെ ഉയർന്നീടും
കൊച്ചു ബിജു നോർ.
നിങ്ങൾക്കായി പ്രാർത്ഥനകൾ
ഞങ്ങളെന്നുമർപ്പിച്ചിടാം
അങ്ങുസ്വർഗ്ഗരാജ്യ നിങ്ങ–
ളെത്തിച്ചേരുവാൻ.
കുടുംബവഴക്കില്ലാതെ
വീട്ടിലൈശ്വര്യം വരാനും
ഒട്ടുംഭിന്നത കൂടാതെ
വിട്ടുവീഴ്ചക്കും.
നിങ്ങളുടെ പ്രാർത്ഥനയിൽ
ഞങ്ങളേയും ഓർക്കേണമേ
എങ്ങും ഈശോക്കായി ജ്വാല
ഞങ്ങൾ ചെയ്യുവാൻ.
കരുണാകരനീശോയേ
അരുളുകവരങ്ങളെ

നിരന്തരം ഞങ്ങൾക്കെല്ലാം
ധാരാളമായി.
വാഴട്ടെ ബിജ്നോർമിഷൻ
ആയിരമായിരം കാലം
സഭയുടെ തിലകമായ്
വാണിടട്ടെന്നും.
അല്ല, ലോകാവസാനംവ-
രെയും വാഴട്ടെ വാഴട്ടെ
വിജയശ്രീലാളിതയായ്
ഉയർന്നീടട്ടെ.

പതിനഞ്ച്

വിശുദ്ധ കുർബാന

പാടണം പാടണം ദൈവസ്തുതികളം
പാടണം പാടണം ഒന്നിച്ചു നേരിൽ
മനുവിൻ പാപങ്ങളം പരിഹരിക്കാൻ
കനിവാം പിതാവിൻ കല്പനയാലേ
ഇക്ഷിതി തന്നിലെ പിറന്നോരേശു
രക്ഷകബാവാതൻ കനിഷ്ഠപുത്രാ
വിശുദ്ധ കുർബാന അന്തിമഭോജ്യ
അശുദ്ധമാനുഷമക്കളംക്കേകിയ
പരമ കാരുണ്യനാഥനെ ഞങ്ങളം
ആരാധിച്ചു വാഴ്ത്തി പുകഴ്ത്തീടുന്നു
കരുണക്കടലാം ഈശോയെ നിന്നെ
കരങ്ങളം കൂപ്പി ഞാൻ നമിച്ചീടുന്നു
ഇരവും പകലും വരുംനിൻ പക്കൽ
മരുവിയടുക്കും സക്രാരി മുമ്പിൽ
കരഞ്ഞപേക്ഷിക്കും പ്രാണേശനാഥാ
തരണേ പാപികളാം വരങ്ങളെന്നും
താപത്താൽ കേഴുന്ന പൊറുക്കപാപം
പാപത്തിൻ കറകളം കഴുകേണമേ

തരണേ കല്പന വേഗത്തിൽ നാഥാ
അരികിൽ ചേർന്നുവസിപ്പാനായി
വളരെ പാപങ്ങൾ ചെയ്തോരിവനെ
മരുവി ചേർക്കുക വക്ഷസ്സിൽ നിൻറെ
ഗാഗുൽത്താമലയിൽ ക്രൂശിന്മേൽ തൂങ്ങി
നരരക്ഷക്കായി ആഹുതി ചെയ്ത
പ്രാണേശനേശുവെസ്തുതിക്കാം നേരിൽ
വീണകൊണ്ടീട്ടി ഞാൻ പാട്ടുകൾ പാടാം
പ്രായശ്ചിത്തത്യാഗങ്ങളാശയടക്കം
സുകൃതജപങ്ങളിടയിൽ കോർത്തു
കെട്ടുന്നു ഞാനെൻറെ എത്തതിൽമാല
വാടാതെ ഞാനിട്ടിടാം കഴുത്തിൽ നാഥാ.
പാവനസ്നേഹത്തിൻ നിർമ്മലഗാനം
സ്തോത്രങ്ങൾ പാടുന്നു നാഥനെ വാഴ്ത്താൻ
മംഗളരാഗവിപഞ്ചികമീട്ടി
പൊന്നണിഭാവുക കുമ്പിളുമേന്തി
എത്തതിൽ വാടാമലരുകൾ പേറി
എത്തുന്നു കുഞ്ഞിതാ പുഞ്ചിരിതൂകി
വെള്ളിക്കുഴൽനാദമെങ്ങും ശ്രുവിപ്പൂ
തങ്കച്ചിലമ്പൊലി നീളെ പരപ്പൂ
മാലാഖമാരുടെ നാട്ടിൽ ലയിപ്പാൻ
ഇച്ചെറുകുഞ്ഞിന്നാശിസ്സുതേകൂ
വൈകാതെയിവന്നു മരണം ചേലിൽ
കൈതന്നുചേർക്കണേ സ്വർല്ലോകം തന്നിൽ
വേദനയോടെ വലയും രോഗികളും
ക്കാദരവും സുഖമേകണേനാഥാ
സ്വർല്ലോകെ ഞങ്ങളേവരെയും ചേലിൽ
വല്ലഭാചേർത്തന്നിപ്പിച്ചീടണേ
പാടുക പാടുക സ്തുതികളും നേരിൽ
പാടുക പാടുക ഒന്നിച്ചു ചേലിൽ

സർവ്വേശ്വരീത്വമേകനിയേണമേ
ചൊരിയൂ വരങ്ങൾ ധാരാളമായി
സി. എം. ഐ.ക്കാര്യങ്ങൾ മുന്നോട്ടുനീങ്ങാൻ
ധർമ്മങ്ങളേകുവാനാഗ്രഹം നൽക
റോമ്മാ അമേരിക്കാജർമ്മനീലോകം
നന്മനസ്സേവർക്കും ഏകീടേണമേ
സി. എം. ഐ. മക്കളാം ഞങ്ങളേവർക്കും
കർമ്മധീരതയെയേകുക നിത്യം
ബുദ്ധിയും വിവേകമുപവിനയം
അറിവും വിനയവുമേകീടുക
മിഷനിൽ ജോലികൾ ചെയ്യുന്നവർക്കും
മനുഷ്യാത്മാക്കളെ നേടുവാൻ വരം
പരസ്നേഹത്യാഗവുമവർക്കേകി
പരിശുദ്ധരായി നടത്തീടണേ
റീജൻസിക്കാരാകും നിന്നോമൽ സുതർ
ഉജ്ജ്വാറിൽ ധർമ്മങ്ങൾ പുലർത്തുവാനും
കർത്തവ്യം നിന്നിഷ്ടംപോലവർ ചെയ്യ
വർത്തിച്ചുവേഗത്തിൽ തിരിച്ചെത്താനും
കോളേജിൽ പഠിക്കും സുതരെയെല്ലാം
കോളിളക്കങ്ങളിൽ പെട്ടലയാതെ
തേജസ്സിൽ ഡിഗ്രികൾ കരസ്ഥമാക്കി
വിജയികളായി വന്നിടുവാനും
വീശണേയവരിലാശിഷം നാഥാ
ചൊരിയാനുഗ്രഹവരമാരികൾ
രാജാധിരാജന്റെ പ്രതിപുരുഷർ
അജപാലരവരാകാൻ കനിയ
പരമത്രിത്വത്തിൽ തിരുമുമ്പിൽ ഞാൻ
നിരന്തരമിവർക്കായ് പ്രാർത്ഥിക്കുന്നു

പതിനാറ്

സ്നേഹനാഥനോട്

പാടിടാം പാടിടാം സ്തോത്രങ്ങളം നേരിൽ
സ്വാഗതഗാനങ്ങളം വാനിലുയർത്തി
ഈശോയേ വരിക വസിക്കുകയെൻ
ആത്മാവാം വീടതിൽ സാനന്ദമോടെ
നിത്യപിതാവിന്റെ സ്നേഹമാം പുത്രാ
ആശയോടങ്ങയെ വിളിച്ചിടുന്നു
എന്തൊരുവിസ്മയസ്നേഹത്തിൻ മൂർത്തി
എന്നന്തരംഗത്തിൽ വസിച്ചീടണേ
സ്വസുഖത്യാഗിയാം സ്വർഗ്ഗേശനെ ഞാൻ
ഉള്ളിയിൽ സദാപി സ്നേഹിക്കുമെന്നും
എന്നെയുമെന്നുടെ സ്വത്തുമങ്ങേ–
ക്കായെന്നുമർപ്പിച്ചു വസിക്കുംലോകെ
ഞാനെന്റെ നാഥനോടൊന്നിച്ചുകൂടി
ആനന്ദലീലകളം നടത്തിടുംമേൽ
സ്നേഹസ്വരൂപനാംമൽപ്രിയനഞ്ചെ
സ്നേഹത്താൽ വീക്ഷിച്ചു യാചിക്കുമെല്ലാം
ശാന്തിയും വിനയവും ചന്തത്തിലേകാൻ
നിർല്ലോഭമെൻസ്നേഹമങ്ങിലയ്പ്പിക്കും

അന്നേരമെന്നെയും വീക്ഷിച്ചാനന്ദാ-
ത്തോടെന്നിൽ സ്നേഹാസ്രുമെയ്തിടും നാഥൻ
സ്നേഹാസ്രുമോരോന്നുമെന്നിലേല്പ്പിച്ച
സ്നേഹത്തിൻ ചുംബനങ്ങളാണനുനയം
സ്നേഹത്തിൻ ചുംബനമേല്പ്പിച്ചയാത്മാ
സ്നേഹമാം മുദ്രപതിച്ചിടും ഹൃത്തിൽ
സ്നേഹത്തിൻ മാധുര്യം തുകുന്നനേരം
സ്നേഹത്തിന്നാനന്ദമാസ്വദിക്കും ഞാൻ
ഭവ്യമാം ആത്മാവിൽ ദിവ്യമാംശാന്തി
അവ്യയമീദ്രശകാന്തികം വീശി
ദിവ്യമായാത്മാവിൽ സഞ്ചരിക്കുമ്പോഴും
മേവിടുന്നെന്നിലാനന്ദവായ്പുകൾ
കൈവന്നിടുമേഴയാമെന്നാത്മത്തിൽ
ഇല്ലെനിക്കൊന്നുമേ,യില്ലിനിലോകെ
വല്ലതുമെന്നിഹ നേടിടുവാനായ്
ഒന്നാകും സ്നേഹത്താൽ നാഥനും ഞാനും
ഒന്നായിത്തീരുന്ന കാമ്യമാം കാഴ്ച
ഞാനല്പമേലെന്നിൽ ജീവിക്കുമേശു
യേശുവിൻ കാര്യങ്ങളെന്നുടേതായി
സാനന്ദം പൊങ്ങുന്നീ ചിന്തകളെന്നിൽ
ഹൃത്തതിലോർത്തു ഞാൻ ചെയ്തിടും മേലിൽ
അന്നേരമെൻകാര്യമീശോയും നോക്കും
ആശിക്കും മോക്ഷത്തിലെന്നെചേർത്തിടും
സംശയമില്ലിനി എന്നുടെ ഹൃത്തിൽ
ഇന്നോളം കർത്താവും ഞാനുമായങ്ങ്
ദൂരത്തിൽനിന്നങ്ങു നോക്കിക്കണ്ടുള്ള
ഇനിമേൽനാഥനും ഞാനുമൊന്നിക്കും
സമുദ്രത്തിൽവീഴും വെള്ളത്തുള്ളിപോൽ
എന്നതുപോലേവം ഇന്നുമുതലായി
ത്തീരുന്നുഎന്നതദ്യേമാം സത്യം

ഈശോയെ നീയെന്നെ കാത്തിടേണമേ
ആശിക്കും മോക്ഷത്തിൽ ചേർത്തിടേണമേ
സ്നേഹസ്വരൂപമാം ദിവ്യഹൃദയമേ
മാനവമക്കളിൽ ധർമ്മം പുലർത്തി
ഞങ്ങളിലെഴുന്നള്ളി വന്നീടുവാൻ
സാദരം കൈകൂപ്പി നമിച്ചിടുന്നു

പതിനേഴ്

ഉണ്ണീശോക്കു് സല്ലാപം

പാടുവിൻ പാടുവിൻ ഉണ്ണിക്കു സ്തുതി—
സ്തോത്രങ്ങം പാടുവിൻ ഒന്നിച്ചുകൂടി
മനുവിൻ പാപങ്ങം പരിഹരിക്കാൻ
ഇക്ഷിതിതന്നിൽ പിറന്നൊരേശു
രക്ഷകാബാവാതൻ വിനീതപുത്രാ
കാരുണ്യക്കടലാം ഉണ്ണിയീശോയേ
ഇരവും പകലും വരുംനിൻപക്കൽ
മരുവിയടുക്കും സക്രാരി മുമ്പിൽ
കരഞ്ഞപേക്ഷിക്കും പ്രാണേശനാഥാ
തരണേ പാപിക്കു വരങ്ങളെന്നും
പ്രായ്ശ്ചിത്ത ത്യാഗങ്ങളാശയടക്കം
സുകൃതജപങ്ങളിടയിൽ കോർത്തു
കെട്ടുന്നു ഞാനെന്റെ ഹൃത്തതിൽ മാല
വാടാതെ ഞാനിടാം കഴുത്തിലുണ്ണി
വേദനയോടെ വലയും രോഗികം—
ക്കാദരവും സുഖമേകണേ നാഥാ

നല്ലവരാകുന്നോരീത്താതന്മാരെ
ചൊല്ലിപ്പഠിപ്പിച്ചീടുവാനായുണ്ണി
ശിഷ്യരാകും ഗുരുവരന്മാക്കെല്ലാം
പുഷ്പിയായ് വല്ലഭം നൽകീടുകെന്നും
സി. എം. ഐ. മക്കളാം ഞങ്ങളേവക്കും
കമ്മ്ധീരതയെ ഏകുകനിത്യം
ബുദ്ധിയും വിവേകവുപവിനയം
അറിവും വിനയവുമേകിടുക
പരസ്നേഹത്യാഗവുമവക്കേകി
പരിശുദ്ധരായിനടത്തീടുക
വിശുദ്ധ പാപ്പായിടയരാടുകം
ഏവരുംശുദ്ധരായ് വാണിടാനും
അജ്ഞാനികം പതിതരാമേവരും
സത്യമതം തന്നിൽ വന്നീടുവാനും
ഏകതൊഴുത്തുമേകരാജാവുമായ്
ഈശോമിശിഹായെന്നും വാണിടാനും
മാരിപോലെന്നും നാഥനായ് സ്തോത്രങ്ങം
വഷ്ിച്ചിടാം നമുക്കൊന്നിച്ചുകൂടി
പാടുക പാടുക താരാട്ടുപേലിൽ
ഉണ്ണിയെ നമുക്കുറക്കീടാം വേഗം
പരാപരനീശോയെസ്നേഹിച്ചെന്നും
ഉന്നതെ നിൻ പക്കൽ ചേർന്നിരിക്കാനായ്
മന്നിലെഴുപതുകഴിഞ്ഞോരെന്നെയും
പൊന്നുണ്ണീവേഗത്തിൽ വിളിക്കേണമേ

പതിനെട്ട്

പരിശുദ്ധ കന്യകയോട്

ഉന്നതെനിന്നങ്ങരുളിയതിനാലെ
അന്നാ ഉമ്മായിൽ നിന്നു പിറന്ന
മന്നിലെയുന്നതയായോരുസ്ത്രീരത്നം
മന്നവനീശോക്കുമാതാവമ്മേ
ഉത്ഭവപാപവും ഏശാതെ ജനിച്ച
ലില്ലിപ്രസൂനമാം പുണ്യധന്യേ
അമ്മയായ്ത്തീരേണം നീയെനിക്കെന്നമേ
ഓമ്മയോടെന്നെന്നും കാത്തിടണേ
ദിവ്യദാനങ്ങളെലോഭം കൂടാതിങ്ങു
ദ്യോവിൽനിന്നേകിത്തന്നീടുകമ്മേ
അന്യരെദ്വേഷിക്കാൻ വിരുതനായ ഞാൻ
ഖിന്നത കൂടാതെ സ്നേഹിക്കാനായ്
ദേവാലയവാസെ ആനന്ദത്തോടങ്ങു
ഏവം പുണ്യമതിലേറിയോളെ
പാപത്തിൻകൂമ്പാരം ധൂർത്തനാമെന്നെയും
പാപവഴിമാറി രക്ഷിക്കമ്മേ
ഈശോയെ പെറുവളർത്തിയ മാതാവേ
ആശാപാശമറ്റ കന്നിയമ്മേ

ആശാപാശങ്ങളെ നേരിടുവാനായി
വേഗത്തിൽവന്ന സഹായിക്കമ്മേ
പരാപരനാകുമീശോയെ പേറിയാ—
പ്പാതിരാനേരത്തു ഖേദമോടെ
ദൂരമാം ഈജിപ്തു ദേശത്തേക്കോടിയ
പാരിലേവരും സ്നേഹിക്കുംനാഥേ
പുത്രനെക്കാണാതെ വ്യാകുലാധിക്യത്താൽ
യാത്രപുറപ്പെട്ട കന്നിയമ്മേ
ദേവാലയെചെന്ന പുത്രനെ കണ്ടപ്പോഴം
ഏവക്കുമാനന്ദമേകിയോളേ
പാപിയാം ഞാനമ്മേ നാഥനാമീശോയെ
സ്നേഹിക്കാൻ ദാനങ്ങളേകിടുക
ഗാഗ്രൽത്താകുന്നേറി ക്രൂശ്രുംവഹിച്ചേവം
ത്യാഗത്തിൻ മൂർത്തിതാൻ പോകുന്നേരം
സ്നേഹമാം ദാഹേനപുത്രനെക്കണ്ടതി—
വ്യാകുലതാപത്തിൽനിന്ന മേരീ
എന്നുടെ വ്യാകുലതാപങ്ങളെയെല്ലാം
ഈശോക്കു മാത്രംവേണ്ടി സഹിപ്പാൻ
എന്നുമനുഗ്രഹം തന്നിടുവാനായി
നിന്നുടെ പുത്രനോടർത്ഥിക്കേണം
ഗാഗ്രൽത്താമലമേൽ ക്രൂശിന്മേൽ തൂങ്ങിയ
ത്യാഗിയാമീശോ പീഡകളെല്ലാം
സഹിക്കും നേരത്തിൽ കുരിശിൻ ചുവട്ടിൽ
ദാഹമോടെചെന്ന നിന്നപ്പോഴംനിൻ
ഹൃദയം വ്യാകുലവാളാൽ പിളർന്ന
ആകുലത്തിൽ മുങ്ങിത്താണ മേരീ
ലോകത്തിൽ ദുരിത പീഡകളെയെല്ലാം
ആകവെ സഹിക്കാൻ ശക്തി നൽകാൻ
നൽവരമേകിടാൻ നിൻസുതനോടമ്മേ
വ്യാകുലാംബേനീയും പ്രാർത്ഥിക്കണേ

നാഥന്റെ തിരുമേനി മടിയിൽവച്ച്
നേരത്തിൽ നാഥനിൻ താപങ്ങളെ
ആരാലും വണ്ണിപ്പാനാവതല്ലനാഥേ
തോരാമാരിപോലെനിൻ കണ്ണീരും
നിന്നുടെ പുത്രന്റെ പൂജ്യമാംമേനിയെ
കല്ലറതന്നിലായ് വച്ചനേരം
അമ്മസഹിച്ചതാം താപങ്ങളെമ്മാത്രം
ആയതുമെപ്പോഴുമോത്തിടാനും
മന്നിലെയെന്നുടെ മൃത്യുസമയത്തിൽ
വന്നുനീയെന്നെയും കൊണ്ടുപോക
മൂന്നാംനാൾനാഥന്റെയുത്ഥാനം കണ്ടപ്പോൾ
നിന്നുടെ സന്തോഷമെത്രമാത്രം
എന്നതങ്ങോർത്തുനീ പാപിയാമെന്നെയും
ഉന്നതപുണ്യത്തിലേറിടുക
മാഗ്ദ്ധമാംനിന്നുടെ മോക്ഷത്തിലെയാത്ര
സ്വർഗ്ഗാരോപണത്തിൽ ദേഹത്തോടെ
ചെന്നങ്ങുപുത്രന്റെ ചാരെ കരേറിനീ
നന്ദിഹീനനായോരീമകനെ
കർമ്മധീരസേവനം ചെയ്തിടുവാനും
നല്ലമരണംതന്നീടുവാനും
കർമ്മധീരനാകുംനിൻസുതനോടെന്നും
അമ്മേയെനിക്കായി പ്രാർത്ഥിക്കണേ
ത്രിലോകരാജ്ഞിതൻ പൊൻമുടിചൂടിയാ-
സ്വർല്ലോകെവാഴുന്ന കന്നിയമ്മേ
നിൻസുതനോടായ് ഞങ്ങൾക്കായ് പ്രാർത്ഥിച്ചു
നൽവരമാരികൾവർഷിച്ചാലും
എന്നുടെബന്ധുക്കളുപകാരികളെ
എന്നുമനുഗ്രഹിച്ചീടേണമേ
ധാരാളം ഐശ്വര്യം അവർക്കേകുവാനും
മേരിയംബികേനീ പ്രാർത്ഥിക്കണേ

കാരുണ്യവാരിധേ കറയേശാകന്യകേ
പാപികൾക്കാശ്രയം നീതാനല്ലോ
ലോകംപിശാചു ശരീരമെന്നുള്ള
ആത്മികശത്രുക്കൾപോരാടുമ്പോൾ
അമ്മയാംനിന്നുടെ തൃക്കരംനീട്ടിനീ
ഓമ്മയോടെന്നെയും രക്ഷിക്കണേ
ലോകമാംകടലിലഞ്ഞുവലയും
ഞങ്ങളെകൈനീട്ടി രക്ഷിക്കമ്മേ
നീതിമാനാകുന്നയൗസേപ്പുപിതാവേ
സാത്താന്റെ പരീക്ഷ വന്നിടുമ്പോൾ
വന്നീടു വേഗത്തിൽതാതനാംയൗസേപ്പേ
ആപത്തിൽനിന്നെന്നെ രക്ഷിക്കുവാൻ

പത്തൊമ്പതു്

ഒരാത്മാവിന്റെ അന്ത്യനേരവിലാപം

മേരീമനോഹരീമന്നിടെ പാപിയാം
എന്നിൽനിൻകാരുണ്യം കാട്ടുകശീഘ്രം
എൻവാസംതീർന്നല്ലോ ശ്വാസവുമറന്നല്ലോ
ദേഹിയുംവേർപിരിയാറായീടുന്ന
പാഴിലായൗഷധംഊഴിയെവിട്ടിടാൻ
നേരവും വന്നിങ്ങുചേർന്നുവല്ലോ
അന്ത്യക്രിയാശയും നൽകിയല്ലോയെന്റെ
സന്ധ്യനേരംവന്നുശോഭനീങ്ങി
നാഡിയും നിന്നല്ലോദൃഷ്ടിയുംമങ്ങീല്ലോ
പേടിയും മാനസെവന്നീടുന്ന
കൂടിയെൻഖേദവും ഭാരവും വർദ്ധിച്ചു
കണ്ണുങ്ങുതാണല്ലോവായും പിളർന്നു
തൊണ്ടയും വറന്നീടുമാറ്റൃമങ്ങലർന്നു
ആത്മാവും പോകുവാൻനേരമായി
ദൃഷ്ടിയും കാഴ്ചയും പോയല്ലോവ്യാകുലം
തൃഷ്ണിയും നീക്കിടും ഘോരനേരം

വണ്ണഭേദംപൂണ്ടദേഹവും ക്ഷീണിച്ചു
കണ്ണത്തിൻകേന്ദ്രവിയും ഇല്ലാതായി
വണ്ണിക്കാവതല്ല ഭീതിയുമേറുന്ന
ചെവിട്ടോമ്മസ്വരംകേട്ടിടുമ്പോഴും
ശക്തിയില്ലാതായിവന്നല്ലോ സ്പഷ്ടമായ്
താടിയും നെഞ്ചിലെ ചേന്മവല്ലോ
വാടി കവിളകം ഒട്ടിമെലിഞ്ഞല്ലോ
കൂടിനിൽക്കുന്നോക്കുഹൃത്തലിഞ്ഞു
നെഞ്ചിടിമന്ദമായ് കിഞ്ചനയിളക്കം
ചഞ്ചലമുള്ളത്തിൽകോളിളക്കി
സംഭ്രമംകൂടീടുംനേരവുമടുത്തു
ഭാരത്താൽ തലയുംകാൽകരവും
കല്പപോൽതണുത്തു ഭാവവും മാറുന്ന
ദേഹവും വല്ലാതെ തളരുന്ന
നെറിയും വിയത്തുവറിയല്ലോ ചുണ്ടും
മുറിട്ടതൊണ്ടയുമങ്ങടഞ്ഞു
ഖേദവുംഎന്നുള്ളിലേറുന്നനേരമാം
ചുണ്ടുംകരിവാളിച്ചെന്റെദന്തം
നീണ്ടെന്റെരൂപവും വിരൂപമായല്ലോ
വന്നോരുനേരവും യാത്രക്കായി
ദേഹവുമനക്കാൻവയ്യാതായീടുന്ന
ദാഹവുമേറിവലഞ്ഞീടുന്ന
ചത്തപോലായല്ലോ രക്തച്ചൂടംനീങ്ങി
ഒത്തൊരുവേർപാടിൻനേരമായി
കുരിശിലേശുവെ കണ്ടെന്റെയുള്ളത്തിൽ
പശ്ചാത്താപത്തിന്നാശിച്ചീടുമ്പോഴും
'വിട്ടുനീഗമിക്കു' എന്നുള്ള കല്പന
ഏറ്റംഭീതികൂട്ടുമാവചനം

സ്പഷ്ടമായ് ധ്വനിക്കും നേരവുംവന്നല്ലോ
ഞാനങ്ങുപോകണംവൈകീടാതെ
നേരുവുംനീർവാർത്തുപാത്തലെവഴുത്തന്നു
മാത്രയുംനേരവും ബാക്കിയില്ല
അദ്ധ്വപ്രാണനാകുമെനിക്കുകേഴുവാൻ
പാതിരാത്രിയതുംവന്നുവല്ലോ
ഊർദ്ധ്വമാം ശ്വാസവുംവലിവുംതുടങ്ങി
മാത്രനേരമുള്ളാത്മംപിരിവാൻ
ആരുമേ ആശ്വാസം ഏകുവാനില്ലല്ലോ
ഭീരുവുമേകനുമായല്ലോഞാൻ
ഖേദമാംനേരവുമെത്തിയടുത്തല്ലോ
വേദനയേറുന്നുരോമകൂപെ
ഭീമമായ് ഹൃത്തിലെ ഏറിടുംതാപവും
താമസമില്ലിനിമാത്രനേരം
ഓമ്മയും ബുദ്ധിയും മനസ്സുമെന്നിവ
കുമ്മതയേറുമണിപോലെന്നിൽ
കമ്മമായേറുങ്ങു ഞാൻ വലയുന്നല്ലോ
മമ്മത്തിൽ വേദനയേറിടുന്നു
സ്വർല്ലോകചിന്തയില്ലാതെയീലോകത്തിൻ
കരകാണാക്കടലിൽമുങ്ങി ഞാൻ
മാല്യകളിൽ മുങ്ങിക്കാലം കഴിച്ചതു
മൂലമേറെ ഭീതിതോന്നീടുന്നു
ഭദ്രമായെൻകാര്യംചരിത്രത്തിലായെന്നു
നിദ്രനീങ്ങുമ്പോഴും ഞാൻ കണ്ടിടുന്നു
അഭ്രമാംനാഥനെ നോക്കുവാനൊക്കുമോ
വിഭ്രമംപൂണ്ടുഞാൻ ഞെട്ടീടുന്നു
ഇഷ്ടമായ് സ്നേഹിച്ചു നഷ്ടമാക്കിയവ
ദുഷ്ടപാപികണ്ടുനടപിക്കും

തന്നിഷ്ടംപോലങ്ങുനടന്നുലോകത്തിൽ
സുരലോകചിന്തകൂടാതേവം
രക്ഷകൻചൊന്നൊരുവാക്കുകളെല്ലാമേ
പക്ഷംകൂടാതെ ഞാൻ തള്ളിയല്ലോ
രക്ഷക്കുവേണ്ടതു ചെയ്യനടന്നില്ല
ശിക്ഷക്കു ഞാനിതായോഗ്യനായി
വിട്ടിട്ടുപോകണം ലോകംധനങ്ങളും
ഒട്ടുമെടുക്കാനൊട്ടാവതില്ല
കിട്ടുമോനൽവിധി മോക്ഷത്തിൽചേരുമോ
തട്ടുന്നീചിന്തയെൻമാനസത്തിൽ
നല്ലൊരുചിന്തക്കേതുംശക്തിയില്ലല്ലോ
നല്ലകാലങ്ങളം കഴിഞ്ഞുപോയി
കാഴ്ചയുമെന്നുള്ളിലില്ലാതെവന്നല്ലോ
കാംക്ഷകളംപോലൊന്നുമാവതില്ല
ദീനവും പീഡയും ലോകമാംഭാരവും
മാനസൈവൈരികളം യുദ്ധമായി
മാമകപാപമെൻ ദൃഷ്ടിയിൽബാധയായ്
മാനസമെപ്പോഴും കലങ്ങുന്നു
പാപമാംപേമാരി പെയ്യുകഴിച്ചൊരു
ശാപമാംനീർക്കുഴിതന്നിലോ ഞാൻ
ഇരമ്പും കാറ്റിലെൻ കപ്പലങ്ങടിച്ചു
മുങ്ങിനശിക്കുമോ ജീവനാഥാ
വേലചെയ്വാനിനി ശേഷിയുമില്ലല്ലോ
ചെയ്തൊരുവേലക്കുനിത്യകൂലി
നിർണ്ണയംചെയ്യുന്ന നേരത്തിൽവന്നമ്മേ
ഉണ്ണിയാമീശോതൻകോപംതീക്ക
നന്മക്കുപകരം തിന്മഞാനീലോകെ
എന്മനസ്സോടങ്ങുചെയ്തവല്ലോ

നല്ലൊരുകാലവും തന്നിട്ടുംചെയ്തില്ല
താപവുംമാനസെ വന്നിട്ടുന്നു
ഇമ്പത്താൽചെയ്തൊരു പാപത്തിൻ ചിന്തകളും
അമ്പുപോലെന്നിൽതറച്ചിട്ടുന്നു
തമ്പുരാൻനിയമം ദിവ്യമാം പൂജയും
കുമ്പസാരവും ഞാൻ വ്യർത്ഥമാക്കി
അമ്പമ്പോയെന്നുടെ തെറ്റും കുറ്റങ്ങളും
മുമ്പിൽവന്നിങ്ങു കുന്നുകൂട്ടുന്നു
പെട്ടെന്നു ഞാനങ്ങുനോക്കുന്നനേരത്തിൽ
ഞെട്ടുന്നു ഹൃത്തടംവേദനയാൽ
ഏകമാമെന്നാത്മകാര്യങ്ങളും മറന്ന-
ശോകവും ഹൃത്തിലങ്ങേറിട്ടുന്നു
ഏറെയാം ദാനങ്ങളേകിയെനിക്കീശോ
എന്നാലും നന്മകളൊന്നുചെയ്തതില്ല
ധിക്കാരമെന്നിലോവർദ്ധിച്ചുപെരുകി
തക്കത്തിൽനന്മകളൊന്നുവെറുത്തുഞാൻ
ക്രോധമാംവാളാലെ എത്രയോ പേക്കൂത്തുഞാൻ
ബാധയായ്ത്തീർന്നുവെന്നോർത്തിടുമ്പോഴും
ലോകവും ജഡവും പാപവും മോഹവും
പാഞ്ഞിങ്ങുവന്നല്ലോപടപോലെ
ജാത്യമാമെന്നുടെ കൊതിക്കുവഴങ്ങി
നിത്യവും ഞാനങ്ങു ദാസനായി
സ്വർഗ്ഗത്തെ മറന്നു ഈ ലോകെ മുഴുകി
തന്നിഷ്ടംപോലിങ്ങു ജീവിച്ചുല്ലോ
അന്യന്റെ നന്മകളും കാണുമ്പോളസൂയ
എപ്പോഴും നാശങ്ങളും ജനിപ്പിച്ചു
സർവ്വേശൻനിയമം ദുഷ്ടാന്തങ്ങളെല്ലാം
ചവിട്ടിമെതിച്ചു ഞാൻ ജീവിച്ചു

പുണ്യമാംവഴിയെ വിട്ടങ്ങുനടന്നു
ലോകവും സുഖവും മോഹിച്ചേവം
സപ്തമാം പിശാചു കട്ടിലിൻ ചുറ്റിലും
കെട്ടേറും പരീക്ഷ തുടങ്ങുന്നു
വ്യാധിയും ആധിയും ഏറീടും നേരത്തു്
സംഭ്രമം പൂണ്ടു ഞാൻ ഞെട്ടീടുന്നു
ചാരവെനിൽക്കുന്ന ശത്രുവെ കാണുമ്പോഴും
ചോരയുംവെള്ളംപോലായിടുന്നു
'രക്ഷയും കിട്ടില്ല നിന്നുടെയാത്മാവു്
ശിക്ഷയിൽപ്പെട്ടുനശിച്ചുപോയി'
സൂക്ഷമായെന്നോടു സാത്താൻചൊല്ലിടുന്നു
നേരത്തുവന്നമ്മേ രക്ഷിക്കണേ
യാത്രക്കുവായു്പകലും തന്നീടുവാനായി
വൈദികനുമിങ്ങുവന്നുചേർന്നു
വിശുദ്ധജലത്തെ തളിക്കും നേരത്തു്
അശുദ്ധൻ പിശാചോടിമറയും
ഉത്തമതാപങ്ങളെന്നുടെയുള്ളത്തിൽ
ഉത്തരോത്തരം വർദ്ധിച്ചിടുന്നു
ദൈവമാം നാഥനെ കണ്ണീരൊഴുക്കിഞാൻ
ദുഃഖാർത്ഥനായി പ്രാർത്ഥിക്കുംനേരം
മിന്നിത്തിളങ്ങുന്ന പ്രകാശം കാണുന്നു
ഇന്നതിനെന്തോരുകാരണങ്ങളും?
സൂക്ഷിച്ചു ഞാനങ്ങുനോക്കുന്നനേരത്തു്
വീക്ഷിച്ചുനിൽക്കുന്നമേരിയമ്മ
'പോയിടാംമകനേ നമുക്കൊരുമിച്ചു്
മായയും ദുഃഖവും മാറീടുക
മോക്ഷത്തിൻകവാടം തുറന്നുനിനക്കായു്
താപത്തെ മാറി പ്രവേശിക്കനീ'

എന്നുള്ളൊരുസ്വരം കേട്ടോരുനേരത്തു്
മിന്നിടും വേദന ഹൃദയത്തിൽ
നാഡിയിടിപ്പുകൾനിന്നെന്റെ ഹൃത്താരിൽ
താഡനമേറ്റപോൽ ഞാൻമരിച്ചു
മാർഗ്ഗത്തിൽ ഞാനൊന്നും കണ്ടതേയില്ലല്ലോ
സ്വർഗ്ഗത്തിൽവേഗമങ്ങെത്തിയല്ലോ
എന്തൊരുവിസ്മയ കാഴ്ചകൾവർണ്ണിക്കാൻ
ആരാല്യം സാദ്ധ്യമല്ലാത്തവകൾ
സന്താപമെന്നൊന്നവിടത്തിലില്ലല്ലോ
സന്തോഷമോഹന ഗീതകങ്ങൾ
ദുഃഖദുരിതങ്ങൾ പീഡകളില്ലാതെ
സൗഭാഗ്യപ്രതാപെ വാണീടുന്നു
മന്നവൻനാഥന്റെ മുഖംദർശിക്കുമ്പോൾ
എന്തൊരാനന്ദം, ആനന്ദംതന്നെ

അനുസ്മരണകൾ

(കവിതകൾ)

Br. Dominic
Kottoor C.M.I.

ബ്രു. ഡൊമിനിക്ക് കോയിക്കര സി. എം. ഐ.

പ്രസ്താവന

എന്റെ ജീവിതത്തിൽ പലപ്പോഴായി എനിക്കനുഭവവേദ്യരായ ചില പാവന വ്യക്തികളുടെ സ്മരണകൾക്ക് ത്രുപം നൽകാനുള്ള ഒരെളിയശ്രമമാണ് ഈ കവിതാസമാഹാരം.

കവിതകളെല്ലാംതന്നെ പാവനസ്മരണകളും മംഗളങ്ങളുമാണ്. ഇതു് തികച്ചും ഒരു വിജയമാണെന്നോ, കുറവുകൾ ഇല്ലാത്തതാണെന്നോ, ഞാൻ അവകാശപ്പെടുന്നില്ല. അതിനുള്ള സ്വാതന്ത്ര്യം അനുവാചകർക്ക് വിടുന്നു.

തുള്ളൽ, വഞ്ചിപ്പാട്ട് തുടങ്ങിയ താളലയങ്ങളിലുള്ള ഇരുപത്തഞ്ചോളം കവിതകളാണ് ഈ ചെറുപുസ്തകത്തിലെ ഉള്ളടക്കം. ഈ എളിയ ശ്രമത്തിൽ എനിക്ക് പ്രോത്സാഹനം നൽകി ത്യാഗപൂർവ്വം സഹായം ചെയ്തിട്ടുള്ളവർ നിരവധിയാണ്. അവരുടെ ഔദാര്യത്തിന്റെയും മഹാമനസ്കതയുടെയും മുമ്പിൽ കൃതജ്ഞതാപൂർവ്വം ഞാൻ ശിരസ്സ് നമിക്കുന്നു.

ഇതിലെ തെറ്റുകൾ തിരുത്തിത്തന്ന ബഃ ശെമ്മാശ്ശന്മാരോടും ഇതിനെ ഒരു പുസ്തകമാക്കി അച്ചടിപ്പിച്ചുതന്ന ബ. ളയീസച്ചനോടും (വടക്കഞ്ചേരി) എനിക്കുള്ള കടപ്പാട് വളരെയാണ്. അവരോരോരുത്തർക്കും ഇതിന്റെ മുദ്രണം ഭംഗിയായി നിർവ്വഹിച്ചുതന്ന ആലുവാ പ്രസ്സ് ഭാരവാഹികൾക്കും ഇതിനെ മകുടമണിയിക്കത്തക്ക ഒരു അവതാരിക എഴുതിത്തന്ന റവ.ബ്രദർ. എ. ജെ. ജേക്കബ് ബി.എ. യോടും എന്റെ അകമഴിഞ്ഞ നന്ദിയും കൃതജ്ഞതയും രേഖപ്പെടുത്തുന്നു.

രചയിതാവു്

Br. Dominic Koikara C. M. I.
Distributed by Fr. Louis Vadakumcheril

അവതാരിക

"മുത്തുമണികളി"ലൂടെ നിങ്ങൾക്കേവക്കും സുപരിചിതനായ റവ. ഡോമിനിക്ക് കോയിക്കരയുടെ പുതിയൊരു കാവ്യോപഹാരമാണ് "അനുസ്മരണകൾ". അദ്ദേഹത്തിന്റെ കവിതകളെക്കുറിച്ച് ഒരു നീണ്ട അവതാരികയെഴുതി അനുവാചകരെ ഞാൻ മുഷിപ്പിക്കുന്നില്ല. എന്നിരുന്നാലും അവയിലൂടെ ഒന്നു കണ്ണോടിച്ചപ്പോൾ രണ്ടു വാക്കു പറയുവാൻ ഞാൻ നിർബ്ബന്ധിതനാവുകയാണ്.

അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങളാണ് ഈ കവിതകളിലൂടനീളം കാണുവാൻ സാധിക്കുന്നത്. ഓർമ്മകളുടെ ഈറൻ ചിറകുകളിൽ അങ്ങിങ്ങ് തെളിയുന്ന വർണ്ണപുക്കളാണവ. അലിഞ്ഞുകൂടിയ ഓർമ്മകൾ ഹൃദയത്തിൽ തികയാതെ വന്നപ്പോഴാണ് അദ്ദേഹം ഈ ചെറുകവിതകൾക്കു രൂപം നല്കിയത്.

ഒരുപക്ഷെ, ഈ കവിതകളിൽ വേണ്ടത്ര സാഹിത്യപാടവമോ കലാസൗകുമാര്യമോ ദർശിച്ചില്ലെന്നു വന്നേക്കാം. എന്നാൽ താഴെക്കാണുന്നവരികൾ അദ്ദേഹത്തിന്റെ വിശാലമായ ഭാവനാസമ്പത്തിനെ പ്രദ്യോതിപ്പിക്കുന്നവയാണെന്നു് പ്രത്യേകം എടുത്തു പറയേണ്ടതില്ലല്ലോ.

"പഞ്ഞികണക്കു വെളുത്തുവളഞ്ഞാ—
പ്പഞ്ഞിത്തലമുടി കാണുമ്പോൾ ഞാൻ
മഞ്ഞുപുതപ്പിലുറങ്ങും ഹിമവാൻ
കുഞ്ഞിൻ തലയാണോർക്കുക നിത്യം.

പിഞ്ചിതൾപോലുള്ളങ്ങേച്ചൂണ്ടുകൾ
പുഞ്ചിരിതൂകുവതകലെക്കണ്ടാൽ
പുഞ്ചപ്പൂവാണെന്നും കരുതി
പിഞ്ചൈകിടാങ്ങൾ പറിക്കാനെത്തും".

തന്റെ അനുദിനജീവിതാനുഭവങ്ങളെ അതേപടി പകർത്തുന്നതിലാണ് അദ്ദേഹത്തിന്റെ സന്തോഷം. ഭൂരിഭാഗവും കാവ്യാത്മകമായി അനുഭവപ്പെട്ടുമ്പോൾ ഏതാനും ഭാഗങ്ങൾ തീരെ ലളിതമായിപ്പോയില്ലേ എന്നു തോന്നാനും ഇടയുണ്ട്. തന്റെ അധികാരികളോടും ഗുരുഭൂതന്മാരോടുമുള്ള അഗാധമായ ഭക്തിബഹുമാനങ്ങളുടെ നിറവിന്റെ കവിഞ്ഞൊഴുകലാണ് പല വരികളും. അവയിൽ കാവ്യഭംഗി അല്പംകൂടി തെളിഞ്ഞുകണ്ടിരുന്നെങ്കിൽ എന്നു കലാപ്രേമികൾ ആഗ്രഹിച്ചുപോകുന്നതാണ്. എന്നിരുന്നാലും അദ്ദേഹത്തിന്റെ ഉദ്ദേശശുദ്ധിയെ ആരും ചോദ്യംചെയ്യുമെന്നു തോന്നുന്നില്ല. ഒരു സാഹിത്യകൃതി എന്നതിനെക്കാൾ ആത്മാർത്ഥതയുടെ ഹൃദയത്തുടിപ്പുകൾ എന്ന നിലയിൽ കൈരളീസമക്ഷം സമർപ്പിക്കുകയാണ്.

Br. A. J. Jacob

ഒന്നു്

ചാന്ദാമിഷൻ (വഞ്ചിപ്പാട്ടു്)

കേട്ടീടുക സോദരരെ
വെട്ടം വീശുമേശുവിന്റെ
കൊടിക്കീഴിലമന്ന മാ-
നസാന്തരങ്ങൾ,

മഹാരാഷ്ട്ര സ്റ്റേററിലുള്ള
ചാന്ദാ, വാർദ്ധാ, അതിലബാദു്
ഡിസ്ട്രിക്കു്കൾകൂടിയാണാ -
മിഷൻ സ്ഥലങ്ങൾ

ധമ്മാരാമിൽനിന്നും പോയ
ജനുവാരിയൂസ് എക്സാക്കും
മുന്നിവരർ നാലുപേരും
ചാന്ദായിലെത്തി.

ആയിരത്തിത്തൊള്ളായിര-
ത്തിയറുപത്തിരണ്ടു ജൂലായ്
മൂന്നാം തീയതി ചാന്ദാമി-
ഷനേറെറടുത്തു.

അന്നവിടെയുള്ളവരിൽ
കത്തോലിക്കരരന്യരാണു്
ജനങ്ങളിലധികവും
പാവങ്ങളുമാം

ചാർജ്ജെടുത്തുടനെക്ലാക്കും
അനുയായികളുംകൂടി
ആത്മാക്കളെ നേടാനുള്ള
ശ്രമം തുടങ്ങി.

പരാപരനേശുവിനായ്
പരസ്നേഹസേവനങ്ങൾ
ഒരുമിച്ചുചെയ്യ പാരിൽ
നിരന്തരമായ്.

ഭാരത ജനതകളെ
കേരള സന്താനങ്ങളെ
കേട്ടിടുക തവസുത-
രുടെ ചെയ്തികൾ

ചാന്ദായിലച്ചന്മാരായി
അൻപതിലേറെയുണ്ടിന്നു്.
സ്കൂളാസ്റ്റിക്സിരുപത്തഞ്ചും
പഠിക്കുന്നുണ്ടു്.

ഉപദേശികൾ നൂറിലേറും
ത്യാഗമതി കന്യാസ്ത്രികൾ
നൂററിയിരുപത്തഞ്ചു പേ-
രുണ്ടു മിഷനിൽ

മംങ്ങൾ പതിനഞ്ചായി
ആസ്പത്രി, ഡിസ്പെൻസറിക-
ളൊൻപതും, സ്കൂളുകളെട്ടും
ചാന്ദായിലുണ്ടു്.

ദിവ്യനാഥൻ വസിച്ചിടം
പള്ളികളിൽ ചിലതിന്റെ
നാമങ്ങൾ ചൊല്ലീടുന്നു
പ്രസക്തമല്ലോ.

പള്ളികളിരുപത്തിരണ്ട്
ബലാഷ്ടാ, അതിലബാദ്,
വാദ്ധ്യായും, ഇന്ദിരാവള്ളി,
കാഗസുനഗർ

ബലംപള്ളി, മന്ദാമാരി,
റെപ്പള്ളിവാട, ഭീമാരം,
ചാന്ദാഗുഡ്ഡസും, ബാന്തക്കും,
ബ്രഹ്മപുരിയും

പന്ത്രണ്ടുകൊല്ലം കൊണ്ടുള്ള
മിഷൻ പ്രവർത്തനങ്ങളിൽ
യേശുവിൽ വിശ്വസിച്ചവ-
രെത്രയെന്നുകേൾ.

കേരളമക്കളുടെ പ-
രിശ്രമത്താലിന്നുവരെ
പതിനായിരത്തിലേറെ
വിശ്വാസികളായ്

വീടുകൾ ധാരാളം അവ-
ക്കായി പണിയിച്ചുവല്ലോ
റോഡുകൾ നിരവധിയും
പരിശ്രമത്താൽ.

കിണറുകൾ കുഴിപ്പിച്ചും
പല സഹായങ്ങൾ ചെയ്തും

കർഷകരെയുണർത്തുന്നു
പഠിപ്പിക്കുന്നു.

വീടും നാടും വിട്ട ഞങ്ങൾ
ഈശോയ്ക്കു രാജ്യം പരത്താൻ
അശ്രാന്തം പരിശ്രമിക്കാം
വിശ്രമമെന്യെ.

ഇനിയും പള്ളികെട്ടിടം
പറമ്പും കിണറും വേണം
നിങ്ങളുടെ സഹായങ്ങൾ
ചോദിച്ചീടുന്നു.

കേരള ജനതകളെ
നാമിതിൽ വഹിച്ച പങ്ക്
എന്തുണ്ടെന്നു ചിന്തിക്കുക
പൊരെന്നു കണ്ടാൽ

ഇരുകരങ്ങളുയർത്തി
വാരിക്കൊട്ടക്കേണം നിങ്ങൾ
അനുദിനം ചാന്ദാമിഷൻ
കേറി വരട്ടെ.

സൂര്യൻ, ചന്ദ്രകാലത്തോളം
ചാന്ദാമിഷൻ ഉയരട്ടെ
സഭയുടെ കോട്ടയായി
നിലനിൽക്കട്ടെ.

അല്ലാ ലോകാവസാനം വ-
രെ വാണീടട്ടെ വാഴട്ടെ
വിജയശ്രീലാളിതയായ്
വളർന്നീടട്ടെ.

രണ്ട്

മാർപ്പാപ്പാ (തുള്ളൽ)

പത്രോസാകും പാറയിലൊരുനാൾ
രക്ഷകനീശോ! പടുത്തുയർത്തിയ
സത്യസഭയുടെ സ്നേഹപിതാവിനു്
മംഗളമർപ്പിക്കുന്നു ഞങ്ങൾ

പൂജിതമാകും നിൻ തിരുനാമം
പരിമളധോരണി ചൊരിയുകയല്ലോ
പാരിതിലനവധി നാവുകളങ്ങേ
പാവനനാമം വാഴ്ത്തുകയല്ലോ.

ക്രിസ്തുവിന്റെ വികാരിയുമായി
പത്രോസിൻ പിൻഗാമിയുമായി
ക്രൈസ്തവസഭയുടെ തിലകക്കുറിയായു്
വാഴുകവാഴുക പാലോസു് പാപ്പാ.

കാറുംകോളും കൂടിവരുമ്പോൾ
കാർമേഘങ്ങൾ മൂടിവരുമ്പോൾ
വിലസണമതുലമനോഹരരജസായു്
പാരിതിലുന്നതപാപ്പാനിതാന്തം

മൂന്നു്

കർട്ടിനാൽ (തുള്ളൽ)

അത്യുന്നത തിരുമേനീ സവിധം
ആഹ്ലാദത്തോടണയാനും പരി-
പാവന,നങ്ങേയ്ക്കാശിസുമാല്യം,
പാവമെനിക്കൊന്നണിയിക്കാനും.

കിട്ടിയൊരവസരമിപ്പോൾ കൈകൾ
കൂപ്പിയണക്കുന്നഭിവാദ്യങ്ങൾ.
ചിരമായുള്ളിലുദിച്ചൊരിയാശ-
തരുപൂവഷ്ടം ചൊരിയുന്നിപ്പോൾ

പഞ്ഞികണക്കു വെളുത്തു വളഞ്ഞാ-
പ്പഞ്ഞിത്തലമുടി കാണുമ്പോൾ ഞാൻ
മഞ്ഞുപുതപ്പിലുറങ്ങും ഹിമവാൻ
കുഞ്ഞിൻ തലയാണോർക്കുകനിത്യം

പിഞ്ചിതൾ പോലുള്ളങ്ങേ ചുണ്ടുകൾ
പുഞ്ചിരിതൂകുവതകലെ കണ്ടാൽ
പുഞ്ചപ്പൂവാണെന്നും കരുതി
പിഞ്ചുകിടാങ്ങൾ പറിക്കാതെനത്തും

പുണ്യപ്പരിമളധോരണി ചിന്തും
പുണ്യപിതാവിൻ കീർത്തികൾ വാഴ്ത്താൻ
കാവ്യം പോരാ വാക്കുകൾ പോരാ
കലയുടെ ഭാഷകളൊന്നും പോരാ

ഉന്നത ശൃംഗതലങ്ങളിലെന്നും
ഖിന്നതകൂടാതരുളുന്നങ്ങേ-

യുന്നത ചിന്തയുമെളിയൊരു ജീവിത-
മെന്നും മാതൃക നൽകുവതല്ലോ

ആയുഷ്മാനായ് വാഴണമങ്ങ-
ന്നായിരമായിരമാണ്ടുകൾ കൂടി
കരുണാനിധിയാമുലകിൻ നാഥ-
ന്നരുളട്ടങ്ങേയ്ക്കനവധി നന്മകൾ.

നാല്

കൊച്ചുമെത്രാൻ (ഉള്ളൽ)

കൊച്ചുപിതാവിന്നാശംസയുമാ-
യന്നൊരു ദിവസം യാത്രയിറങ്ങി
ചിരമായുള്ളിലുദിച്ചു വളന്നൊ-
രാശ തളിർത്തു ഫലങ്ങളണിഞ്ഞു

സ്നേഹവിശാലൻ സേവനഹൃദയൻ
ജനകോടികളുടെയാശാപുരുഷൻ
അറിവും വിനയവുമളവില്ലല്ലോ
കാരുണ്യത്തിൻ നിറകുടമല്ലോ

കേരളഭൂവിനൊരാത്മപുരോഗതി
പരിചൊട്ട വന്ന ഭവിച്ചിടുവാനായ്
സർവ്വവുമേകിയ സഭയുടെ പുത്രൻ
കർമ്മോത്സുകനാം നല്ലോരിടയൻ

ഇങ്ങനെയുള്ള പിതാവിൽ ദൈവം
ചൊരിയട്ടെ വരമാരി നിതാന്തം
ഉന്നതനെങ്ങെ ചിന്താമണ്ഡല-
മെന്നും നന്മകൾ വർഷിക്കട്ടെ.

പ്രാർത്ഥന (തുള്ളൽ)

പ്രാത്ഥനയെന്നാലെന്താണെന്നും
പ്രാത്ഥിക്കുംവിധമെങ്ങിനെയെന്നും
അവയുടെ ''പ്രോബ്ലം'' എന്താണെന്നും
പറവാൻ യോഗ്യനമല്ലല്ലോ ഞാൻ

പ്രാത്ഥനയെന്നാലെന്തെന്നെന്നോ-
ടൊരുവൻ ചോദിച്ചീടുന്നെങ്കിൽ
ഉടനെ ഞാനൊരു ''ഡെഫനിഷ്യ''നേകും
ഒരുപക്ഷേയതു മൂഢതയാകാം

''അനുഭവമാണതു് നൽകുകയാണതു്
നമ്മളെ മുഴുവനുമേകുകയാണതു്
അവിടത്തെ തിരുവുള്ളംപോലെ
നമ്മളെ വിട്ടുകൊടുക്കുകയാണതു്''

ലോകം മാറിമറിഞ്ഞു കഴിഞ്ഞു
ഭാവം മാറി വളരുന്നു വരുന്നു
ഈശ്വരപൂജ നടത്താൻ മനുജർ
സമയം കാണാതായി വരുന്നു

ദൈവം വേണ്ട മതവും വേണ്ട
ലൌകിക ചിന്താഗതികൾ മാത്രം
സുഖമേകുന്നു ഗുണമേകുന്നു
അവയുടെ മൂല്യവുമേറിവരുന്നു

ഇങ്ങനെ പലവിധ ചിന്താഗതികൾ
പൊങ്ങിവരുന്നു ലംഘനമില്ലാ-

തെങ്ങിനെ പിന്നെ പ്രാർത്ഥന ജീവിത-
മെങ്ങും സുന്ദരസുരഭിലമാകും.

പ്രാർത്ഥനജീവിതമുലകിൽ നിത്യം
ചേതനയേറ്റു മാഞ്ഞുടങ്ങി
ഇന്നത്തെ പല കൃത്തുകളെല്ലാം
പണ്ടുള്ളതിനെ പെല്ലുന്നല്ലൊ.

പഴഞ്ചൻ രീതികൾ മാറി വരുന്നു.
പുതിയവ ജന്മമെടുത്തുവരുന്നു.
പലപലനാഴിക നീണ്ടവയെല്ലാം
പലതായ് വെട്ടിമുറിച്ചെഴുന്നു

ഇന്നൊരു "സ്റ്റൈല" വളർന്നു വരുന്നു
ഇന്ത്യൻ രീതിയുയർന്നു വരുന്നു.
നീണ്ടപുതപ്പുകൾ വാരിച്ചുറ്റു-
മീ വർഗ്ഗക്കാർക്കുടി വരുന്നു.

ഏകാന്തതയോ ശൂന്യതയായി
ഇന്നവ "ഷെയേഡ് പ്രയറായ്" മാറി
പ്രാർത്ഥനവേണ്ടാ കൊന്തയുമില്ല
എല്ലാം ബൈബിൾസ്വീസായി.

പ്രവർത്തനമാണ് പ്രാർത്ഥനയെന്നൊരു
വാദമുയർന്നുവളർന്നു വരുന്നു.
"സോഷ്യൽ വർക്കിനു" മുമ്പെ നമ്മൾ
പ്രാർത്ഥിക്കുന്നവരായീടേണം

പണ്ഡിതർ തന്നുടെ ചിന്താധാരക-
ളെന്നും നന്മകൾ വർഷിക്കേണം.
അന്ധദിനമല്ലലി_ലവികലമായി
പ്രാർത്ഥന നമ്മെ നയിച്ചീടേണം.

ആറ്

ജോൺബക്കുമാൻസച്ചൻ (ഉള്ളൽ)

തിരുനാൾമംഗളമായിരമോതാം
തിരുമുമ്പിൽവന്നാദരവോടെ
വൈദികഗുരുവരനങ്ങേ നാമം
പാരിതിലെന്നും പ്രഭപകരട്ടെ.

വീടിനും നാടിനും നാട്ടാക്കെല്ലാ-
മുന്നതനായി വളർന്നവനല്ലൊ
ഇന്നിതാ കർമ്മലസഭയുടെവനിയിൽ
വെൺതാരകമായ് മിന്നീടുന്നു.

എളിയവനങ്ങേ ജീവിതമെന്നും
ഇവരിൽ പൊന്നൊളി തൂകീടുന്നു.
എല്ലാം തീർത്ത പിതാവിൻപക്കൽ
അങ്ങൊരു വത്സലസുതനായ് വന്നു.

സത്യം ചൊന്നാൽ മറെറാരു ക്രിസ്തു
ബക്കുമാൻസച്ചൻ എന്നതു സത്യം
വന്ദ്യപിതാവെ നിത്യം നിന്നുടെ
പ്രാർത്ഥനയേകുക ഞങ്ങൾക്കായ് നീ

ഏഴ്

പെ. ബ. വിക്കർ പ്രൊവിൻഷ്യൽ
(തുള്ളൽ)

കവിയല്ലെങ്കിലുമടിയനു ചിലതി-
ന്നറിയിപ്പാനുണ്ടവികലമോദാൽ
പ്രഥമത സദസ്യക്കെല്ലാവക്കും
പ്രഹർഷാഹ്ലാദപ്പൂനിനീർപൂക്കൾ

സദസ്സിൽമുഖ്യൻ വിക്കർപ്രൊവിൻഷ്യൽ
സദയം ചാരിയിരിപ്പതു കണ്ടോ?
യോവാക്കീമെന്നാണെ നാമം
ഭാഗ്യം സദസ്സിനു് പകരും നാമം

മഹിതഗുണാലയനായൊരുതാതൻ
മഹിമകളനവധിയുള്ളൊരുതാതൻ
ഇങ്ങനെമെല്ലെയെടുത്തുപറഞ്ഞാൽ
എങ്ങനെ തീക്കുമതെന്നറിവില്ല.

സ്നേഹവിശാലൻ സേവനഹൃദയൻ
സി. എം. ഐ സഭയുടെയാശാപുരുഷൻ
അറിവും വിനയവുമുള്ളൊരുപുത്രൻ
കാരുണ്യത്തിൻ നിറകുടമല്ലോ.

കരുണാനിധിയാമീശനുമങ്ങിൽ
ചൊരിയട്ടെ വരമാരി നിതാന്തം
തന്നിട്ട താതാ ആശിസ്സുമാല്യം
നിന്നോമൽസുതർ ഞങ്ങൾക്കെല്ലാം.



എട്ട്

പെ. ബ. വിൻസെൻറച്ചൻ

ഗുരുവിനു തിരുനാൾമംഗളമരുളാൻ
ചിരമായുള്ളിലൊരാശജനിച്ചു
തിരുനാൾദിനമൊ കഴിഞ്ഞും
പോയി
തിരുമുൽക്കാഴ്ചയണച്ചതുമില്ല

ആയതുകൊണ്ടിന്നരുളുന്നഞ്ഞേ-
ക്കായിരമായിരമാശിസ്സുകൾ
ശുദ്ധിമേധാശക്തി തുടങ്ങിയ
സിദ്ധികളൊത്തുകലർന്നൊരു സിദ്ധൻ

നിഷ്ഠകൾ ചിട്ടകളെന്നുതുടങ്ങി
ഗുരുവിനുചേർന്നുണങ്ങളുമുണ്ട്
അങ്ങതാനോക്കു വിൻസെൻറച്ചൻ
ചാരിയിരിക്കും രേഖാരൂപൻ

വടിവൊത്തുള്ളൊരു മൂക്കും മുഖവും
വടിയെവെല്ലുവിളിക്കും നാക്കും.
അവനെയെടുത്തു തൊഴിച്ചാൽപിന്നെ
നടുവും മുതുകുമൊഴിഞ്ഞതുതന്നെ

ഞാടിയിടകൊണ്ടീയടിയനെയെന്നും
വെടികൊണ്ടഭിഷേകിക്കും സരസൻ
ഇങ്ങനെയുള്ളൊരീ ഗുരുവിൽ ദൈവം
ചൊരിയട്ടെ വരമാരികളഖിലം
തിരുനാൾ മംഗളമേകും ഞങ്ങൾ-
ക്കേകണമെ നിന്നാശിസ്സുവർഷം

ഒൻപതു്

ബ. ളൂയീസച്ചൻ വടക്കുഞ്ചേരി

(പഞ്ചിപ്പാട്ടു്)

ഇത്തരുണെയീ ജൂബിലീ
ഒത്തിരിയാശയോടേവം
പാത്തിരുന്ന പുത്രക്കിന്നു്
ഒത്തുവന്നല്ലൊ

മംഗളം താതാ മംഗളം
മംഗളങ്ങൾ നൂറായിരം
ഭംഗം കൂടാതേകീടുന്നു
ജൂബിലേര്യന്നായു്

മഞ്ഞപ്രയാം ദേശമതിൽ
പാരിലെങ്ങും കേൾവികേട്ട
വടക്കുഞ്ചേരി ഭവനത്തിൽ
ഭൂജാതനായി.

വന്നീടുന്നു ളൂയീസിന്റെ
പൊന്നണിഞ്ഞ പുണ്ടൻവള്ളം
മുന്നണിയിൽ കേറിപ്പോട്ടെ
മന്നവനീശോ.

ഭക്തനാം ജൂബിലേര്യന്റെ
വ്യക്തി മഹാത്മ്യങ്ങളെ
യുക്തമായോതീടുവാനൊ
ശക്തനല്ലിവൻ.

നേരു നൈർമ്മല്യസൗശീല്യം
പേരൊത്തവുദാത്തശീലൻ
തെറ്റു കുറ്റങ്ങളും നീക്കി
ഭരിക്കുന്നല്ലൊ.

കോതമംഗലം, കാഞ്ഞൂരും,
മഞ്ഞപ്ര, കടമക്കുടി,
കുറ്റിപ്പുടി, എളവൂർ,
കൈപ്പട്ടൂർ, വല്ലം

ചേലോടങ്ങു ഭരിച്ചല്ലൊ
മാലേശാതേറെകൊല്ലങ്ങൾ
മാലോകർക്കും തൃപ്തിയായി
ഈ ലോകത്തിലും.

കനിവിൻറെ നിറവാകും
ഗുരുവരൻ ളയീസച്ചാ
കനനേയനീശോയുടെ
വിനീതപുത്രാ.

കുഴിവിൻറെ പുഴയാകും
അഴകേറുന്ന താതൻ
ഊഴിയിൽ വലയുന്നോർക്കു
തൊഴിൽ കൊടുക്കും.

പാസ്നേഹ തീക്ഷ്ണതയാൽ
പാവങ്ങളിൽ പലർക്കായി
പുരകളും, സഹായവും
നൽകിവരുന്നു.

ആധ്യാത്മികനേതാവായുൾ-
ബുദ്ധമാമുപദേശങ്ങൾ

ബുദ്ധിപൂർവ്വമേകിടാനാ–
യി ളയീസച്ചൻ.

ഇനിയുമേറെ കൊല്ലങ്ങൾ
മുനിവരൻ ജീവിക്കുവാൻ
അനുഗ്രഹമേകിടേണ
ത്രിലോകനാഥാ.

ഇരവും പകലുമങ്ങിൽ
വരമാരികൾ ചൊരിഞ്ഞു്
യേശുനാഥനെന്നുമങ്ങ
യെ കാത്തീടട്ടെ.

ഇനിയുമേറെക്കാലങ്ങൾ
ധീരമായ സേവനങ്ങൾ
ചെയ്തീടുവാനീശോ നാഥൻ
വരം തരട്ടെ.

ആയിരമായിരം നന്ദി
വന്ദ്യതാതാ ചൊന്നീടുന്നു
തന്നീടുകാ ആശിസ്സുകൾ
നിൻ തനയക്കായ്.

പത്തു്

പെ. ബ: ലൂദിവിക്കച്ചൻ
(വഞ്ചിപ്പാട്ടു്)

ആത്തിയോടെയീ ജൂബിലി
ഒത്തിരിയാശയോടേവം
പാത്തിരുന്ന പുരുക്കിന്നു്
ഒത്തുവന്നല്ലൊ.

മംഗളങ്ങളായിരങ്ങൾ
മോഹനമിത്തിരുനാളിൽ
ഭംഗം കൂടാതേകീടണേ
ത്യാഗവയ്യനായ്

ഏവക്കും പ്രിയങ്കരനാം
പാവനാത്മ ഗുരുഭ്രതാ
താവകസ്തുതികൾ ചൊല്ലാൻ
ശക്തനല്ലിവൻ.

സത്യത്തിൽ ചരിക്കും താതൻ
പേരൊത്തവൃദ്ധാശീലൻ
ആരാലും ബഹുമാനിക്കും
കരുണാനിധി.

കേറിക്കേറിവന്ന താതൻ
മാറി മാറിയുദ്യോഗങ്ങൾ
കുറവില്ലാതെ സഭയിൽ
പരിലസിച്ചു.

സിൽവർ ജൂബിലിക്കുശേഷം
ഗോൾഡൻ ജൂബിലി കഴിഞ്ഞു
ഓർഡിനേഷൻ ജൂബിലിയും
ഘോഷിച്ചീടണേ.

ആദ്ധ്യാത്മിക നേതാവായുൾ
ബുദ്ധമാമുപദേശങ്ങൾ
ബുദ്ധിപൂർവ്വമേകിടാനായ്
ലൂഡോവിക്കച്ചൻ.

ഇനിയുമേറെക്കൊല്ലങ്ങൾ
മുനിവരൻ ജീവിക്കുവാൻ
അനുഗ്രഹമേകീടേണെ
ഉണ്ണിയീശോയെ!

പതിനൊന്നു്

പെ. ബ. പത്രീസച്ചൻ (വഞ്ചിപ്പാട്ടു്)

ഇന്നീജൂബിലികൊണ്ടാടാൻ
മനമതിലാശയോടെ
എന്നുംപാർത്തുകാലം നീക്കി
ദിനംവന്നല്ലൊ.

നേന്നിട്ടുള്ള മംഗളങ്ങ-
ളായിരം പരിചോടിതാ
വന്നുനിൽക്കും സോദരക്കായ്
പ്രാർത്ഥിച്ചീടണെ.

ജോലിയേറെ ചെയ്തിരുന്ന
ജൂബിലേര്യാ സ്നേഹതാതാ
സേവന ഹൃദയനായ
പത്രീസിയച്ചാ

ഇന്നുമെന്നുമങ്ങിൽനിന്നു
നന്മകൾ സ്വീകരിച്ചവർ
എന്നുമോത്തുപേക്ഷിച്ചീടും
നൽവരമേകാൻ

റോമാക്കാക്കു സ്നേഹമേറും
ജർമ്മൻകാക്കു പ്രിയദർശൻ
അമേരിക്കക്കുമിമ്പമാം
ജൂബിലേറിയാ.

എന്നുമെന്നും ഞങ്ങളുടെ
മാതൃകയായി വിലസീടും

പള്ളികളേറേ പണിയിച്ചു
കെട്ടിടങ്ങളും.

സാധുക്കളാം ജനങ്ങൾക്കു്
ധാരാളം സഹായംചെയ്ത
അങ്ങു ഞങ്ങൾക്കായും നിത്യം
പ്രാർത്ഥിച്ചീടണെ.



പന്ത്രണ്ടു്

പെ. ബ. സാലസച്ചൻ (വഞ്ചിപ്പാട്ടു്)

ഇന്നാണല്ലൊ ഫ്രാൻസീസിന്റെ
പൊന്നണിഞ്ഞ ഫീസ്റ്റുദിനം
ഇന്നിതിനോടൊത്തതായി
ട്ടൊന്നുമില്ലല്ലൊ.

ഈശോയുടെ പ്രതിനിധി
യെന്നും കമ്മ്ധീരനായ
താതന്റെ മാഹാത്മ്യമോതാ-
നീ നാവുപോരാ.

കഴിവിന്റെ പുഴയാകും
അഴകേറുന്നൊരുതാതൻ
അനുദിനമുന്നതനാ-
യുയർന്നീടട്ടെ.

ആറുകൊല്ലം പ്രൊവിൻഷ്യാളും
ഏറെക്കൊല്ലം പ്രിയോരായും
കുറവില്ലാത്തുഭരണം
നടത്തീതാതൻ.

കെട്ടിടങ്ങൾ പള്ളികളും
കോളേജും ഹോസ്റ്റലുകളും
പലതുമീഭൂതലത്തിൽ
പടുത്തുയർത്തി.

ഇന്നുമെന്നുമങ്ങിൽനിന്നു
കൈപ്പറ്റിയവകളെല്ലാം
എന്നുമോർത്തു പ്രാർത്ഥിച്ചീടാം
നൽവരമേകാൻ

വന്നിടുന്ന സാലേസിന്റെ
പൊന്നണിഞ്ഞ ചുണ്ടൻവള്ളം
മുന്നണിയിൽ കേറിപ്പോട്ടെ
മന്നവനീശോ!

പതിമൂന്നു്

പെ. ബ. തേബാർദച്ചൻ

(വഞ്ചിപ്പാട്ടു്)

പ്രിയോർജനറാൾ ഭവനത്തിൽ
വസിക്കുന്നപിതാവിനു്
നേരുന്നിതാ തിരുനാളിൻ
തിരുമംഗളം

ഒതയോബാൾഡെന്ന നാമത്താൽ
പാവന വൈദികശ്രേഷ്യാ
താവകനന്മകൾ ചൊല്ലാൻ
ശക്തനല്ലീവൻ

ആഴമേറിയോരെളിമ
ഊഴിയിലില്ലാക്ഷമയും
പൂഴിധോൽപരസ്നേഹവു-
മഴകിലൊത്തു.

വന്ദ്യപിതാവങ്ങയുടെ
ഉന്നതപുണ്യസൗരഭ്യം
ഇന്നുമുഴുവൻ നിന്നങ്ങു
ചൊന്നാലുംതീരാ.

അലയാഴി തന്നിലങ്ങ്
ഉഴഞ്ഞഴിച്ചീടും തിര-
മാലകൾപോലെ വന്ദ്യനിൽ
പരസേവനം.

ഈശോയുടെ പ്രേഷുമിത്രം
ആശയാഗ്രഹങ്ങളെല്ലാം
യേശുവിന്നായ് പൂജിച്ചൊരു
ജനറാളച്ചാ.

സി. എം. ഐ. യിലേറെക്കാലം
ഭരണം നടത്തീടുവാൻ
സ്നേഹനാഥനീശോതന്നെ
വരം തരട്ടെ.

സ്നേഹഗീതകങ്ങൾപാടി
സേവനഹൃദയനങ്ങെ-

യ്ക്കായിരമായിരം നന്ദി
പറഞ്ഞീടുന്നു.

തോരാതിവന്നാശിസ്സുകൾ
ധാരാളമായേകിടാനായ്
വിനയമോടിവൻ താതാ
കൈകൾക്കൂപ്പുന്നേൻ.



പതിന്നാല്

പെ. ബ. മത്തിയാസച്ചൻ

(വഞ്ചിപ്പാട്ട്)

രാജഗിരിക്കുന്നിലിന്നു്
വസിച്ചിടും പിതാവിന്നു്
നേരുന്നിതാ നൂറുനൂറാ-
യിരം മംഗളം.

കൊട്ടവേണം കുഴൽവേണം
വരവേല്ക്കാനാളവേണം
വെടിവേണം മരുന്നുള്ള
പടക്കം വേണം.

കൊടി, തോരണങ്ങൾ വേണം
കുരവകളാദിവേണം
വിജയശ്രീലാളിതരായ്
വരുന്നു ഞങ്ങൾ.

ആട്ടംവേണം കുത്തുവേണം
പാട്ടമേളാദികൾവേണം
ആരേയും ചിരിപ്പിക്കുന്ന
നാടകം വേണം.

നാടകത്തിൽ രംഗംവേണം
ഹർമ്മോണിയ ശബ്ദംവേണം
ശൂന്യമായ അംഗംവേണം
ചാട്ടവും വേണം.

നേരുന്നിതാ തിരുനാളിൻ
പൊന്നിൻ തിരുമംഗളങ്ങൾ
മംഗളങ്ങൾ ആയിരമാ-
യിരം മംഗളം.

സി. എം. ഐ. യിലുന്നതനായ്
മാറിമാറിയുദ്യോഗത്തിൽ
കേറിക്കേറിസ്നേഹതാതൻ
ഉയർന്നീടട്ടെ.

പുണ്യപൂജ്യൻ താതനിന്നു
തന്നീടേണെ നൽവരങ്ങൾ
ഓമൽസുതരാകുന്ന നിൻ
മക്കൾക്കെല്ലാവർക്കും.

പതിനഞ്ച്

പെ. ബ. മാവുങ്കുസച്ചൻ

(വഞ്ചിപ്പാട്ട്)

മാവുങ്കുസെന്ന നാമത്താൽ
പാവനവൈദികശ്രേഷ്ഠാ
താവകനന്മകൾ ചൊല്ലാൻ
എന്നാലാവില്ല.

ഇത്തിരുന്നാൾ മംഗളത്തി
നൊത്തിരിയാശയോടേവം
പാർത്തിരുന്ന പുരുക്കിന്നു്
ഒത്തുവന്നല്ലോ.

ഭക്തൻ ജനറാളച്ചന്റെ
വ്യക്തിമാഹാത്മ്യങ്ങളെ
യുക്തിയോടെ ചൊല്ലീടുവാൻ
ശക്തനല്ലിവൻ

സ്നേഹത്തിന്റെ നിറകുടം
എളിമതൻ വിളനിലം
അറിവിന്നമൃതമെന്നും
പകർന്നീടുന്നു.

ചേലോടങ്ങു ഭരിച്ചല്ലോ
പന്ത്രണ്ടുകൊല്ലം ജനറാൾ
സ്വർലോകത്തിലും തൃപ്തിയാ-
യീലോകത്തിലും

ആലുവാ കുന്നമ്മാവിലും
അമ്പഴക്കാട്ടും പ്രിയോരായ്
ഗുരുവായു, മേറെക്കൊല്ലം
തള്ളിവിട്ടല്ലോ

സ്നേഹമേറും പുണ്യതാതാ
തന്നീടുക നിന്നാശ്ശിസ്
നിൻസ്നേഹത്തിന്നിരകളാം
കുഞ്ഞുമക്കൾക്കു്.

പതിനാറു്

പെ. ബെ. കനീസിയൂസച്ചൻ
(വഞ്ചിപ്പാട്ടു്)

ഇദ്ദിനത്തിന്റെ മഹത്വം
ഇദ്ദേഹത്തിന്റെ വിനയം
ആർദ്രതാസ്നേഹത്യാഗവു-
മുദിച്ചീടുന്നു.

കനിവിന്റെ നിറവാകും
കനീസാകന്ന താതാ
കന്യാസുതനീശോയുടെ
വിനീതപുത്രാ.

പുണ്യപൂജ്യൻ താതൻ തന്റെ
ഗുണഗണങ്ങളെയെല്ലാം

എണ്ണിയെണ്ണിച്ചൊന്നീടുവാൻ
മണ്ണിലാരുണ്ടു്.

എന്തിനേറെ ചൊന്നീടുന്നു
പന്തംപോലെയാളിയുണ്ടു്
പൊന്തിവരുമുപദേശം
ചന്തത്തിലേകാ.

പരസ്നേഹപയ്യായമായ്
അരനിമിഷം വിടാതെ
തെരുതെരെ ഓടി നട-
ക്കും വന്ദ്യതാതാ.

അൻപെഴുന്ന തമ്പുരാനോ-
ടിമ്പമോടെ പ്രാർത്ഥിച്ചീടാം
വൻപനാം താതനുവേണ്ടി
മുൻപന്തിയിലായ്.

ലോകെ വേണ്ടനുഗ്രഹവും
അകതാരിലേക്കായെന്നും
ഏകവാനായ് താതനു്
മക്കൾ പ്രാർത്ഥിക്കാം.

പതിനേഴ്

ബ. ഗുരുവച്ചൻ (വഞ്ചിപ്പാട്ട്)

മംഗളങ്ങൾ ഗുരുഭ്രതാ
ഏലിയാമ്മച്ചാ ഞങ്ങൾ
മഞ്ഞളമീത്തിരുന്നാളിൽ
നേർന്നീടുന്നിതാ.

നന്ദിയാദരങ്ങളാലെ
നിറയുന്ന ഹൃദയങ്ങൾ
ഇന്നു മോദോലധരങ്ങൾ
തുറന്നു പാടാം.

അന്തരംഗത്തവിരാമ
മലയടിച്ചുയർത്തീടും
ആനന്ദഗാനങ്ങൾ ചേർത്തു
പാടിടാം ഞങ്ങൾ

ഒരുമയിൽ നമ്മളറി
സ്നേഹമോടെ സഹജരായ്
ഒരുമിച്ചു മരുവുന്ന -
തെത്ര മധുരം.

ഗുരുപദം നമിച്ചുകൊ-
ണ്ടനുഗ്രഹം വരിച്ചിടാ-
നരുകിൽ വന്നണഞ്ഞിന്നു
വണങ്ങുക നാം.

പരമഗുരുമിശിഹാ
അനുദിനം തിരുവുള്ളം

പകരും സ്വരം ശ്രവിക്കാം
ഗുരുവചസ്സിൽ.

ഇളം തെന്നലരുപിതൻ
തഴകിത്തലോടലേറു
കഴിയാമീ ഗുരുപാദെ
സഹജരായി.

പതിനെട്ട്

ആണ്ടുധ്യാനം (വഞ്ചിപ്പാട്ട്)

പാപത്തിൽ നിപതിച്ചവ-
രാപത്തിലാണെന്നുമെന്നും
ഈശോയുടെ നാമം നമ്മ-
ളെന്നും ചൊല്ലേണം.

എല്ലായ്പോഴുമുച്ചരിച്ചു
വല്ലഭനെ പുകഴ്ത്തീടും
എല്ലാമെല്ലാം ത്യജിച്ചീടും
നല്ലവനായി.

പരസ്നേഹമുപവിയും
പരിശുദ്ധ ക്രമങ്ങളും
വരവണ്ണം തെറ്റീടാതെ
ശരിയായ് കാക്കും.

നിത്യവിധിപാലകന്റെ
നീതിന്യായാസനത്തിങ്കൽ
ഭീതികൂടാതെ നിന്നീടും
പ്രതീക്ഷയോടെ.

അന്ത്യവിധിനേരത്തിങ്കൽ
ചിന്തിച്ചുനിൽക്കുന്നനേരം
അനന്തസമ്പത്തിലേറി
സന്തോഷിച്ചീടാം

എന്നുള്ളയീശോനാഥന്റെ
കനിവുള്ള ഭയാവിധി
നിനക്കായി മോക്ഷവാതിൽ
തുറന്നതത്രേ.

പത്തൊൻപതു്

ചിന്താശകലം

എള്ളോളം സ്വാർത്ഥതയില്ലാ
തുള്ളത്തിലീശോനാഥനു്
പള്ളികൊള്ളാനിടം നൽകാ
സോദരന്മാരെ.

കൂട്ടരോടൊത്തുചേരുക
പാട്ടുപാടികളിക്കുക
കൊട്ടുംതാളവുമിടയിൽ
തട്ടിവിടുക.

കളിക്കുമ്പോൾ സൂക്ഷിക്കേണം
എളുതായകളിമതി
കളിക്കേണ്ടിൽ വീണെന്നാകിൽ
പാളീസാകുമെ.

ഓത്തീടാം നിങ്ങളെയെന്നും
പേത്തുപേത്തു പ്രാർത്ഥിച്ചീടാം
ധൂത്തനാമെന്നെയും മേലിൽ
ഓത്തീടേണമെ.

ഇരുപതു്

സഭാവന്ദനം (വഞ്ചിപ്പാട്ടു്)

ആഗതരാമെല്ലാവക്കും
സ്വാഗതങ്ങളോതീടുന്നു.
ദോവമെയ്യിലണിഞ്ഞോക്കു്
പ്രത്യേകം വെൽകും.

ക്രിസ്തുനാഥനേശുവിന്റെ
മുന്തിരിത്തോട്ടത്തിലെന്നും
ജോലി ചെയ്യുവാനായു് നിങ്ങ-
ളൊരുങ്ങിവന്നു.

സ്വപ്നത്തിൽകണ്ടുകൊതിച്ച
ദോവമെയ്യിലണിഞ്ഞിപ്പോൾ
വന്നുനിൽക്കും നിങ്ങൾക്കെന്റെ-
യഭിവാദ്യങ്ങൾ.

ചൊല്ലാം നിങ്ങൾക്കാത്മാർത്ഥമായ്
സച്ഛീയതാതന്റെ നാമം
ചൊല്ലാം ദൈവമാതാവിനെ
അമ്മയെന്നെന്നും.

എള്ളോളം സ്വാർത്ഥതയില്ലാ-
തുള്ളത്തിലേശുനാഥനു്
പള്ളികൊള്ളാനിടം നൽകു-
സോദരന്മാരെ.

കൂട്ടുകാരോടൊത്തുചേരു്
പാട്ടുപാടിയാനന്ദിക്കാം
കൊട്ടും പാട്ടും താളവുമായ്
മേളിച്ചുകൊൾക.

ഹൃദയം തുറന്നുവെച്ചാൽ
പലതുമകത്തുകേറും
കാലമാണു് നൊവിഷ്യറെ-
ന്നോർക്കേണമെന്നും

അറിഞ്ഞുമറിയാതെയും
കുറവുകൾ നിനവുകൾ
കുറെയൊക്കെ വന്നെന്നാകിൽ
മടിച്ചിടാതെ.

ഗുരുവിനെ കണ്ടു നിങ്ങൾ
കാര്യങ്ങളറിയിക്കേണം
വടിയൊന്നുമെടുക്കില്ല
അടിയുമില്ല.

പൊടിക്കയ്യുമുപദേശം
മടിക്കാതെ നൽകും ഗുരു,

അടിയതിനൊത്തുവച്ചാൽ
പേടിയും വേണ്ടാ.

മനസ്സിന്റെ ഘനമെല്ലാം
മധുമയമായിത്തീരും
മനസ്സിന്നാഹ്ലാദവുമായ്
വന്നുഭവിക്കും.

മേരി മനോഹരി റാണി
രാവും പകലുമിവരിൽ
വരമാരിയനുക്ഷണം
ചൊരിഞ്ഞീടണെ.

വ്യർത്ഥചിന്താകല്ലോലങ്ങൾ
ആത്മായോടെയടിക്കുമ്പോൾ
നിങ്ങളീ ദുമനിക്കായി
പ്രാർത്ഥിച്ചീടണെ.



ഇരുപത്തൊന്നു്

ഡി. സി. എൽ. കലോത്സവം

(വഞ്ചിപ്പാട്ടു്)

അങ്കമാലി കലോത്സവം
പൊന്നും തിരുമേളോത്സവം
ദീപികാ ബാലസഖ്യത്തിൻ
കനകോത്സവം.

നാട്ടിയല്ലൊ കൊടിമരം
കേറിയങ്ങുപതാകയും
ദീപികാ ബാലികാ ബാലർ
വന്നുചുറ്റിലും

തെങ്ങോലകൾ പൊന്നോലകൾ
ആടിയാടിവിളിക്കുന്നു
ഉത്സവകലോത്സവക-
ഥകൾ ചൊല്ലുന്നു

ഓടിക്കേറി സ്റ്റേജിലങ്ങ്
കൊട്ടംപൂരം കലോത്സവം
ആട്ടം പാട്ടും കലാമേളം
ഓട്ടംതുള്ളലും

വില്ലടിച്ചാൺ പാട്ടും കൂത്തും
ഇല്ലിക്കുമ്പുകേപടയും
ഹർമ്മോണിയം, തമ്പോർ, വീണ
ഗിത്താറും താളം.

മോണോആക്റ്റും, ഫാൻസിഡ്രസ്സും
ക്ലാസിക്കൽ കപ്പിൾ നൃത്തവും
ഗ്രൂപ്പുചേർന്ന ഏകാങ്കങ്ങൾ
കഥാമേളവും

ഓക്കെസ്റ്റ്റാകൾ, പ്രസംഗങ്ങൾ
പദ്യോച്ചാരണവും കൂടെ
ലളിതഗാനങ്ങൾ ക്ലാസി-
ക്കൽ ഗാനങ്ങളും.

ഞൊടിയിട പാഴാക്കാതെ
പൊടിപൊടിച്ചു നടത്തി

നാട്ടുകാരൊ കയ്യടിച്ചു
കൊട്ടിഘോഷിച്ചു

മത്സ്യസാഗരത്തിലൂടെ
മുന്നേറുന്ന കൊച്ചുവള്ളം
അങ്കമാലി മേഖലയാം
ഡി. സി. എൽ. വള്ളം.



ഇരുപത്തിരണ്ടു്

സി. ആർ. ഐ. കോൺഫ്രൻസ്

ധർമ്മാരാം (വഞ്ചിപ്പാട്ടു്)

സി. ആർ. ഐ. കോൺഫ്രൻസെന്ന പേരിൽ
നടത്തിയ സമിനാറിൽ
കഥചൊല്ലുകയാണു ഞാൻ
കേൾക്കുക നിങ്ങൾ.

ഇൻഡ്യാ രാജ്യത്തിലുള്ളൊരു
വൻപട്ടണമാം ബാംഗ്ലൂരിൽ
പൊൻതാര പ്രോവിൻഷ്യാളരാം
വൻ താതർക്കൂടി.

ഇടമനേഷിച്ചവരൊ
ഇടവിടാതെയങ്ങുടൻ
ഓടിത്തേടി നടന്നവർ
തിട്ടക്കംകൂട്ടി.

ധമ്മാരാം കോളേജിൻെറ
ഹമ്മ്യമായൊരുഭാഗത്തു്
മമ്മം നോക്കിയടുത്തല്ലൊ
കോൺഫ്രൻസു് കൂടാൻ.

മാനസത്തിലാഗ്രഹിച്ച
ഏനക്കേടില്ലാതെ കൂടാൻ
വന്നിങ്ങാലോചിച്ചുവല്ലൊ
അനുമതിക്കായു്.

കാലമെ കുളിർമഞ്ഞെകി
ആലിലപോൽ വിറനൽകും
ചേലേറും ഡിസംബർ മാസം
ആഗതമായി.

തുടങ്ങുവാനുറപ്പിച്ച
പടപോലുള്ളൊരുക്കങ്ങൾ
തുടങ്ങിയവിടവിടെ-
യിടവിടാതെ.

തക്കത്തിനൊരുമിച്ചവർ
ഒക്കെക്കൂടി ഓടിവന്നു
ആക്കം തൂക്കവും നോക്കാതെ
ഒരുക്കമായി.

എവിടേയും ധമ്മാരാമിൽ
അവിശ്രമജോലിയായഹൊ
ഏവം ധമ്മാരാമംഗങ്ങൾ
അവകൾ തീക്കാൻ

കൂട്ടം കൂടാൻ വരുന്നവ -
ക്കൊട്ടും പോരായ്കവരാതെ

ഡെട്രോയിലെല്ലാമൊന്ന്
നടത്തീടുവാൻ

ഓരോരുത്തരായ് വന്നല്ലോ
ആരവമേതും കൂടാതെ
കൈരളി സന്താനങ്ങളാം
ഗുരുവരന്മാർ

ഉലകമാം ഭാരതത്തിൽ
വലിയ ഭരണാധിപൻ
ഇൻറർനൺഷ്യോയായ നോക്സു-
തിരുമേനിയും.

എസ്. വി. ഡി, റവ. ഒ. സി. ഡി. യും
എസ്. എഫ്. എസ്, എം. എം. റോമ്മാ
എസ്. ജെ. എം, എഫ്. ഒ. എം. താത-
പ്രമുഖർ വന്നു

ഭരണാധിപരേവരും
സപരുമയോടൊരുമിച്ചു
അരമണിക്കൂറെടുത്തു
തെരഞ്ഞെടുക്കാൻ.

സി. ആർ. ഐ. പ്രസിഡണ്ടായീ
എം. എ. യാം സാലേസുതാതൻ
തെരഞ്ഞെടുക്കപ്പെട്ടല്ലോ
മൂന്നാണ്ടത്തേക്കു്.

തലപുകഞ്ഞാലോചിക്കും
തലവന്മാരാമേവക്കും
ഫലിതമാം ഡ്രാമാപാട്ടും
കഥകളിയും

മൂന്നുദിവസം കഴിഞ്ഞു
കോൺഫ്രൻസുമങ്ങതീർന്നു
വൻപിതാക്കളഥിതികൾ
ഒരുക്കമായി.

വന്നവർ യാത്ര തുടങ്ങി
നിന്നുനോക്കുംതിരുമേനി
മന്ദമായൊന്നാശ്വസിച്ചു
ഉന്നതൻ പോയി

എല്ലാവരേയും യാത്രയാക്കി
വല്ലഭർ നമ്മുടെ താതർ
അല്പലേശാതെ യാത്രയായ്
മെല്ലെപ്പോയല്ലോ.

ഇരുപത്തിമൂന്നു്

ബ. അമാത്തുസച്ചൻ (വഞ്ചിപ്പാട്ടു്)

ക്രിസ്തുരാജഭവനത്തിൽ
വാസം പൊന്നുപിതാവിനു്
നേരുന്നിതാ നൂറുനൂറാ-
യിരം മംഗളം.

മറ്റുള്ളവരുടെ കായ്മും
ഉറവനെപ്പോൽ നോക്കിടും
ചിറമ്മനയമില്ലാത്ത-
പെറമ്മപോലെ.

എല്ലാവർക്കുമെല്ലാമായീ
അല്പമൊന്നും വരുത്താതെ
എല്ലാവരിനും സമ്മതിക്കും
നല്ലവൻ താതൻ.

പരസേവന പര്യായം
പരസ്നേഹതല്പരനും
അരനിമിഷം വിടാത്ത-
പരോപകാരി.

ആദ്ധ്യാത്മികകാര്യങ്ങളിൽ
ബദ്ധശ്രദ്ധനായെപ്പോഴും
ബുദ്ധിമുട്ടി നടക്കുന്ന
ആത്മാക്കൾ നേടാൻ.

അമ്പിളിയമ്മാവനെപ്പോൽ
ഇമ്പമാർന്ന സംഘാടകൻ
കുമ്പസാരക്കൂട്ടിലെന്നും
മുമ്പനായെത്തും.

ആരെന്തുചോദിച്ചീടിലും
വിരസത കാണിക്കില്ല.
നേരത്തെ വാങ്ങിക്കൊടുക്കും
ധാരാളമായി.

പാവങ്ങളാം ജനങ്ങൾക്ക്
ആവശ്യപ്പെടുന്നതെല്ലാം
ആവതും കൊടുത്തീടുന്ന
നല്ലൊരിടയൻ.

നൊവിസ്യാത്തിലേറെക്കാലം
അവിശ്രമം ജോലിചെയ്ത

നവസന്യാസിയെപ്പോലെ
ജീവിച്ചീടണം.

ഇനിയുമേറെക്കൊല്ലങ്ങൾ
ധീരമായ സേവനങ്ങൾ
ചെയ്തീടുവാനീശോനാഥൻ
വരംതരട്ടെ.

ചൊല്ലീടണം ആയിരമാ-
യിരം നന്ദി അങ്ങേക്കായി
തന്നീടുക ആശിസ്സുകൾ
കുഞ്ഞുമക്കൾക്കു്.



ഇരുപത്തിനാലു്
കുട്ടികളോടു് (വഞ്ചിപ്പാട്ടു്)

സൊഡാലിറ്റിക്കുട്ടികളെ
റോഡേപോകും നേരങ്ങളിൽ
റൌഡിസങ്ങൾ കൊള്ളുകില്ല
ആഡംബരവും.

മടിയെന്നുള്ള ദുർഗ്ഗുണം
കുട്ടികൾക്കു ചേർന്നതല്ല
പാട്ടും ഡാൻസും കൊള്ളാം കള്ള-
കുടിക്കരുതു്

പൗഡറിട്ട സെൻറുംപൂശി
"റേറാഡിം" കുടിച്ചു മത്തനായ്
റോഡിൽക്കൂടെ പോയെന്നാകിൽ-
താഡനം കിട്ടും.

വിനയമെന്നൊരാഭരണം
തനയക്കുയോജ്യമാം
മനുഷ്യത്വവും ദയയും
കാട്ടുകവേണം

അരിശമെന്ന വികൃതി
തരിശുഭൂമിപോലാണ്
ഒരാഭരണവും വരുത്തി-
ല്ലിരുകൂട്ടർക്കും.

ചന്തയില്ലും കിട്ടാത്തതാം
ശാന്തശീലം കൈവരിച്ചാൽ
ചന്തമാം മുഖപ്രസാദ-
സന്തോഷങ്ങളും

ലഭിക്കുമുപദേശങ്ങൾ
അഭിരുചിപോലെ കാത്താൽ
അഭയം നൽകി നമ്മളെ
അഭിനന്ദിക്കും.

ആണായാലും പെണ്ണായാലും
താണനിലത്തേ നീരോടൂ
നാണംവേണം അഹങ്കാരം
തെല്ലും പാടില്ല.

നാണംകെട്ടും നേടംപണം
നാണക്കേടും തീർത്തുതരും

വാണിജ്യങ്ങൾ നടത്തീടിൽ
സമ്പന്നരാകാം.

മായം ലോകം മറിമായം
തായമാരോട പഠിച്ചു
മായാമോഹമടക്കാനാ-
യി ശ്രമിക്കുക.

പ്രേമിക്കുക യേശുവിനെ
നാമമാത്രം സ്നേഹം പോരാ
മമഹൃത്തിൽ വാണീടട്ടെ
മനുജപുത്രൻ.

പെൺകുട്ടികളായെന്നാലും
ആൺകുട്ടികൾക്കും തഥൈവ
നണ പറഞ്ഞു നടന്നാൽ
ഗുണം വരില്ല.

ഇരുകുട്ടിക്കുമൊരുപോ-
ലെ വേണ്ടഗുണഗണങ്ങൾ
തമ്പുരാനെ വന്ദിക്കുക
ഇണ്ടലകറും

നിത്യവും തെറ്റുകൾവരാം
സത്യദൈവത്തെയോർക്കുക
മാതാപിതാക്കളോടെല്ലാം
സത്യം ചൊല്ലുക.

വിരുതെന്തു നേടിയാലും
ഗുരുവിനെ വണങ്ങേണം
കാരണവന്മാരോടുമാ-
ദരവുവേണം.

പള്ളിയിൽ കയറിയെന്നാൽ
തള്ളിനീക്കരുതാരേയും
ഉള്ളിലീശോക്കിടം നൽകു
പള്ളികൊള്ളുവാൻ

സ്നേഹനാഥനാമീശോയെ
മോഹമോടെ ഹൃദയത്തിൽ
വഹിച്ചുകൊണ്ടെപ്പോഴും നിൻ
ദാഹങ്ങൾ ചൊല്ലു.

കൂട്ടികളെ ഓമ്മിക്കേണം
വട്ടംകൂടി വത്തമാനം
പറയല്ലെ പള്ളിയിൽ
മുട്ടുകുത്തുക.

ചിരിയും കളിയും ഉണ്ണും
ഒരുനാളും ചെയ്യരുത്
കരുതലോടെ പ്രാത്ഥിക്കാം
വരം തരുവാൻ.

ഉടയോനോടപേക്ഷകൾ
തുടങ്ങുംനേരത്തുമുതൽ
അവസാനംവരെ നിങ്ങൾ-
ക്കടക്കം വേണം.

വ്യത്ഥചിന്തകളകറി
സ്വാത്ഥതകൾ വെടിയുക
ഉത്ഥിതനേശുവിനോട
പ്രാത്ഥിച്ചീടുക.

അച്ചന്മാരെ മാനിക്കുക
ഒച്ചപ്പാട കേൾപ്പിക്കല്ലെ

മെച്ചമേറും ഗുണം ചെയ്യും
കൊച്ചുകുട്ടികൾക്കും

യേശുവിൻ പ്രതിനിധിക്ക്
ഈശോമിശിഹായ്ക്ക് സ്തുതി
പേശും മുമ്പാദ്യം ചൊല്ലുക
വിശ്വാസമോടെ

തെറിയൊരിക്കലെങ്കിലും
പറയല്ലെ കുട്ടികളെ
അറിവില്ലാഹൃദയത്തിൽ
മുറിവു പറ്റും.

പരസ്നേഹമെന്നാഭരണം
പരസേവനവും ചെയ്താൽ
പാരിലെ പൗരരായ് മാറാം
വരുംകാലത്തിൽ.

ദൂഷണം പറയുന്നതു –
ഭൂഷണമല്ലൊരുത്തർക്കും
വിഷമങ്ങൾ ഉണ്ടാക്കാൻ നി –
മിഷങ്ങൾ മതി.

കളിയായിട്ടായെന്നാലും
പൊളിവാക്കു ചൊല്ലരുതു്
കളിയും കൂട്ടിക്കുത്തമം
കളിയും വേണം

പാഠങ്ങൾ വായന ഗൃഹ –
പാഠവും രാവിലെ ചെയ്യ
പഠിക്കാനുത്സാഹം വേണം
പഠിതാക്കളെ.

കളിക്കുന്ന കുട്ടികളി-
തുളാകും മുമ്പിലായ് വീട്ടിൽ
തുളരാതെയെത്തിടേണം
ഇളയവരെ.

കൂട്ടുകൂടി രാത്രികാലം
പാട്ടുംപാടി നടക്കല്ലെ
ചോട്ടാനേതാക്കളെ വിട്ട-
കൂട്ടുകൂടുക.

വീട്ടിൽ ചെന്നാലുടനങ്ങു
ചേട്ടന്മാരോടൊത്തുചേന്നു
മുട്ടുകുത്തി ജപിക്കേണം
നമസ്കാരങ്ങൾ



ഇരുപത്തഞ്ച്

മാതൃകാബാലൻ (വഞ്ചിപ്പാട്ട്)

സാവിയോയെന്നൊരു ബാലൻ
ആവതും നേരത്തെണീക്കും
ദൈവസ്തുതികൾ ചൊല്ലീട-
മവനുടനെ.

കാലും കരങ്ങളും മുഖം
കാലത്തെ കഴുകിയുടൻ
ആലപിക്കും പഠിക്കേണ്ട-
തുലാമാലകൾ.

അമ്മ വിളിക്കുന്നനേരം
കുഞ്ഞുമോൻ പ്രാതൽകഴിക്കും
മോദത്തോടെ നടന്നീടും
സമയം നോക്കി.

സ്കൂളിലെത്തിയാലുടനെ
കൂട്ടിപിള്ളേരുടെയെല്ലാം
താളത്തിനൊത്തു തുള്ളാതെ
നാളുകഴിക്കും.

വാദ്ധ്യാന്മാരെ വന്ദിച്ചീടും
ശുദ്ധഗതിക്കാരൻ സാവേ്യാ
അദ്ധ്യാനിച്ചു പഠിക്കുവാൻ
ശ്രദ്ധിച്ചിരുന്നു.

പാലാമാലകളുള്ള നോ-
വലുകളൊരുനാളിലും
ബാലൻ വായിക്കില്ല തെല്ലും
ആലോചിക്കാതെ.

നാലുമണിനേരം മുതൽ
കാലത്തിന്നടുത്തകളി
കോലാഹലമുണ്ടാക്കാതെ
താലോലം പാടി.

കളിക്കുമെന്നിരുന്നാലും
പൊളിവാക്കു ചൊല്ലുകില്ല
കളിയും കഴിഞ്ഞുടനെ
ആളെത്തും വീട്ടിൽ.

ഒരു നാളും മറക്കാതെ
കുരിശുമണിക്കുമുമ്പായ്

വരുമല്ലൊ വീട്ടിലെന്നും
കുരുന്നുബാലൻ.

കുരിശുവരക്കുമ്പോഴൊ
തെരുതെരെ ചൊല്ലുകില്ല
നരരക്ഷകനീശോതൻ
അരുമസുതൻ.

കൊന്തയെല്ലാവരും കൂടി
ചന്തമോടെ ചൊല്ലീടുന്ന
ചന്തിപടിഞ്ഞിരിക്കാതെ
ചിന്തിച്ചുചൊല്ലും.

ഉറക്കം വരുമ്പോളവൻ
വിറപൂണ്ടങ്ങെഴുന്നേല്ക്കും
ഉറക്കുച്ചമച്ച സായ്വ്യോ
ഉറക്കം മാറും

ഉള്ളിയും സവ്വലുമെടുത്തു
നുള്ളികൺപോളയിൽവെക്കും
എള്ളോളമുരുണ്ടുകില്ല
പിള്ളയാം സായ്വ്യോ.

അച്ചന്മാരെ മാനിക്കുന്ന
ഒച്ചപ്പാടുണ്ടാക്കയില്ല
പിച്ചക്കാരെ സ്നേഹിക്കുന്ന
കൊച്ചുസായിയൊ.

സ്കൂളിൽ ചെന്നുകുട്ടുകുടി
കോളിളക്കം സൃഷ്ടിക്കാതെ
ആളുങ്ങു പാഠിച്ചുവല്ലൊ
പാളീസാകാതെ.

എല്ലാ ക്ലാസുകളിൽനിന്നും
നല്ലമാക്കുവാങ്ങിയവൻ
തെല്ലും നേരം പാഴാക്കാത്ത
കുഞ്ഞുമിടുക്കൻ

കാത്തിരുന്ന പത്താംക്ലാസ്സിൽ
എത്തിച്ചേർന്ന കൊച്ചുസാവ്യോ
ഒത്തപോലെ പഠിച്ചങ്ങ്-
ചിത്തത്തിലാക്കി.

വന്നടുത്തപരീക്ഷയിൽ
ഒന്നുമറിയാത്തവനായ്
ഉന്നംതെറ്റാതെഴുതിട്ട
മന്ദഹസിച്ചു.

മാസമൊന്നുകഴിഞ്ഞപ്പോൾ
പാസായോയെന്നുനോക്കുവാൻ
നസ്രാണിദീപികപത്ര-
മെടുത്തു സാവ്യോ.

നോക്കിയുടൻകണ്ടുനമ്പർ
അക്കമൊക്കെ വീക്ഷിച്ചപ്പോൾ
മാക്കിലഗ്രഗണ്യൻ സാവ്യോ
റാങ്കുമെടുത്തു.

കേരള കമ്മലസഭ
പാരം വളന്നോരുകാലം
പാരിലെ സന്തോഷങ്ങളെ
പരിത്യജിച്ചു.

കൊവേന്തയിൽചെന്ന സാവ്യോ
ആവേശത്തോടെ പറഞ്ഞു

സുപ്പീരിയറെ ഒന്നുകാണാൻ
ആഗ്രഹിക്കുന്നു.

പ്രിയോരച്ചനുടനെത്തി
പ്രിയമോടെ സ്വീകരിച്ചു
ദയയുള്ളൊരുതാതന്മാർ
മായകൾ നീക്കി.

പുണ്യസോപാനത്തിലേറി
പൂജ്യപട്ടം കൊടുത്തല്ലൊ
തണ്യവഴിയെ നടക്കും
ഉണ്ണിമക്കളെ.

തേടി പിടിച്ചുടിയങ്ങ്
മടിച്ചുടാതുപദേശം
ഇടയിൽ നൽകിയവരെ
നടത്തീടുന്നു.

ചേലോടങ്ങു ക്രമംകാത്തു
മാലേശാതേറെ കൊല്ലങ്ങൾ
മാലോകക്കും തൃപ്തിയായി
സ്വർല്ലോകത്തിലും

ഇരുപത്താറ്

മദർ തെരേസാ

ലോകമെങ്ങും കീർത്തിക്കുന്ന
മദർ തെരേസായെപ്പററി
രണ്ടുവാക്കുചൊല്ലുന്നതു
കേൾപ്പിനേവരും.

ആയിരത്തിതൊള്ളായിര-
ത്തിപത്താഗസ്റ്റിൽ യുഗോസ്ലാ-
വ്യായിലെ, സ്കോപ്പുൾജെ, യെന്ന
നഗരം തന്നിൽ

വ്യാപാരിതൻ മകളായി
ജനിച്ചൊരു ശിശുവിന്നു്
ജ്ഞാനസ്നാനത്തിലാഗ്നസെ
ന്ന പേരുമിട്ടു.

പന്ത്രണ്ടുവയസ്സിലാഗ്നസ്
ദരിദ്രരെ സഹായിക്കാൻ
ഡബ്ളിനിലെ ലൊറെറെറാ മ-
ഠത്തിൽ ചേർന്നല്ലോ.

കൽക്കട്ടയിലുള്ള ലൊറെ
റെറാ മഠത്തിൽ നിത്യവ്രതം
ചെയ്തശേഷം ഹൈസ്കൂളിൽ പ-
ഠിപ്പിച്ചുവന്നു.

ഹൈസ്കൂളിന്റെ പ്രിൻസിപ്പലായി
യിരിക്കുമ്പോളന്നത്തെ സ-

ഭയെ വിട്ട സാധുക്കൾക്ക
സേവനം ചെയ്യാൻ.

കുറെനാൾ പാവറ്റ്നായിലെ
അമേരിക്കരും മെഡിക്കൽ
സിസ്റ്റേഴ്സിന്റെ കൂടെ ചേന്ന
ജോലികൾ ചെയ്തു.

കുറെക്കഴിഞ്ഞു തെരേസ,
കൽക്കട്ടയിലുള്ളതായ
വൃദ്ധമന്ദിരത്തിൽ വാസം
തുടങ്ങിയല്ലോ.

ബങ്കാളികൾ ബാലന്മാരെ
അക്ഷരങ്ങൾ പഠിപ്പിച്ചും
മരുന്നും ഭക്ഷണവുമ-
വക്കു കൊടുത്തു.

ദരിദ്രരുടെ ദാരിദ്ര്യ-
മെത്രയും കഠിനം തന്നെ
യെന്നു കണ്ടതിനൊരു പ്ര-
വർത്തനകേന്ദ്രം.

കണ്ടു പിടിക്കാൻ തെരേസാ
കുറെയേറെ നടന്നപ്പോൾ
ധനികനായൊരു മഹാൻ
ഫ്ളാറ്റു നൽകി.

താമസമെന്യേ മദർ സ-
ഹായികളായ്, തൊണ്ണൂറാറു്
പേരെ വേഗം വിളിച്ചുകൂ-
ട്ടി ജോലികൾക്കായ്

മിഷനറീസ് ഓഫ് ചാരിറ്റി
എന്ന സഭയുടെ പ്രാഥ
മികാംഗങ്ങളായവരെ
ചേർത്തുതുടങ്ങി

ഇന്നീ സഭയിലെഴന്നൂ
റൻപതു സഹോദരികൾ
പലസ്ഥലങ്ങളിലായ്
ജോലി ചെയ്യുന്നു.

ധനികരോട് യാചിച്ചു
ഭിക്ഷവാങ്ങി ദരിദ്രരെ
പോറ്റീടുവാൻ സിസ്റ്റേഴ്സിനെ-
പറഞ്ഞയച്ചു.

കുഷ്ഠരോഗികൾക്കായ് മദർ
ഒരു പ്രസ്സും സ്ഥാപിച്ചുടൻ
ഭംഗിയായവർ മുദ്രണം
നടത്തീടുന്നു.

മനുഷ്യരെപ്പോൽ മരിക്കാൻ
ദരിദ്രർക്കിടം കൊടുക്കാൻ
മറ്റൊരാഗതിമന്ദിരം
സ്ഥാപിച്ചുടനെ.

"നിർമ്മലഹൃദയ" നാമമാം
സ്ഥാപനത്തിൽ രോഗികളാം
നൂറ്റിയൻപതുപേരെയും
തീറ്റിപ്പോറ്റുന്നു.

യോഹന്നാൻ മാർപ്പാപ്പായുടെ
സമാധാന സമ്മാനമാം

ഇരുപത്തിനാലായിരം
ഡോളറും കാറും.

ആറാമൻ പൗലോസു പാപ്പാ
ബോംബേയിൽ യാത്ര ചെയ്തൊരു
ഭീമൻകാറും മദറിനു
കൊടുത്തുവല്ലോ.

സിസ്റ്റേഴ്സു് ജോലികൾ ചെയ്തീടും
ചില സ്ഥലനാമം ചൊല്ലാം
ടൻസാനിയ, ബംഗ്ലാദേശ്
വെനസുവേല.

ഓസ്ത്രേലിയ, അയർലണ്ടു്
ഇറലി, ജോർഡൻ, യു. എസ്. എ.
അഞ്ചുമാറുംപേർ വസിക്കു
മോരോ സ്ഥലത്തും

രാവിലെ നാലുമണിക്കു-
സിസ്റ്റേഴ്സു് ജോലിയാരംഭിക്കും
രാത്രി ഒൻപതരമണി
ക്കു ജോലി നിത്തും

ദരിദ്രരിലവർ യേശു-
നാഥനെക്കാണുന്നെപ്പോഴും
പരസ്നേഹത്താലെരിയു-
ന്നു തീക്ഷ്ണതയാൽ

വെള്ളസാരിയും ചുറ്റി മ
ദർ തെരേസാ കൽക്കട്ടായിൽ
വന്നപ്പോളഞ്ചുരൂപയുള്ളു
കൈമുതലായി.

കുട്ടികളെ തോളിലേറ്റി
കുളിപ്പിച്ചു വൃത്തിയാക്കും
മരച്ചുവട്ടിലിരുത്തി
പഠിപ്പിക്കുന്നു.

ഇന്ത്യയിലീസ്സാരക്കാരി
ഏവർക്കും അറിയപ്പെട്ടു
ആരാധ്യവനിതയായി
മാറീക്കഴിഞ്ഞു.

സ്വന്തം സമ്പാദ്യമില്ലാത്തീ
സോദരിക്കു്, മുളകളാ-
ലുണ്ടാക്കിയ അറുപതു
സ്കൂളുകളിലായു്

എണ്ണായിരത്തിലധികം
കുട്ടികളും ഡിസ്പെൻസറികൾ
ഇരുന്നൂറെറ്റിൽ ഒന്നര
ലക്ഷം രോഗികൾ

ആതുര ഭവനമൻപ-
ത്തിനാലിലായു് നാല്പത്തേഴാ-
യിരം കുഷ്ഠരോഗികളും
വസിച്ചീടുന്നു.

ഇരുപതു മന്ദിരങ്ങ -
ളിൽ ആയിരത്തറുന്നൂറു്
അനാഥ വികലാംഗരേ
യും പോറ്റീടുന്നു.

നൂറ്റിയിരുപത്തൊൻപതു-
സൺഡേസ്കൂളുകളിലായി

പ്രതിനേഴായിരം കത്തോ
ലിക്കാബാലരും

അൻപതു തയ്യൽ സ്ഥാപന-
ങ്ങളിലായിരത്തഞ്ഞൂറു
പെൺകുട്ടികൾ തയ്യലും
പഠിക്കുന്നുമുണ്ട്

ഇരുപത്തിമൂന്നഗതി -
മന്ദിരങ്ങളിൽ മുപ്പത്തി-
നാലായിരം അഗതികൾ
സമ്പത്തായുണ്ട്.

ഇന്ത്യയിലും വിദേശരാ
ജ്യത്തുള്ള മുപ്പത്തിയഞ്ചു
പട്ടണങ്ങളിലാണല്ലോ
ഈ സ്ഥാപനങ്ങൾ.


ഭാരത മഹാജനമെ
കേരള സന്താനങ്ങളെ
വഴിപോലെ സഹായിപ്പിൻ
ഈ സോദരിയെ

ഓരോ പൈസയായി നിങ്ങൾ
കൊടുക്കും സഹായമെല്ലാം
ദരിദ്രലക്ഷങ്ങൾക്കാണെ
ന്നോത്തു കൊള്ളുക.

ദൈവവിശ്വാസികളാകും
നിങ്ങൾ കൊടുക്കും പൈസക്കു
നൂറിരട്ടി പ്രതിഫല
മേകുമീശ്വരൻ.


മിഷനറീസ് ഓഫ് ചാരിറ്റി
സഭ വാഴട്ടെ വാഴട്ടെ
ലോകാവസാനത്തോളം വാ-
ഴ്ക വാണീടുക.

ത്രിലോകനാഥാ ദൈവമെ
അനുഗ്രഹവരങ്ങളെ
നിരന്തരം വർഷിക്കയീ-
സഭാംഗങ്ങളിൽ.





പാവനചിന്തകൾ




ബ്ര. ഡോമിനിക്ക് കോയിക്കര സി. എം. ഐ.

(Malayalam)
Pavanachinthakal
By Bro. Dominic Koikara C. M. I.
First published November 28, 1974
Printed at:
ALWAYE PRESS, FRIENDSHIP HOUSE
Copyright
Bro. Dominic C. M. I
Published by the author

പാവന ചിന്തകൾ

ബ്രു. ഡോമിനിക്ക് കോയിക്കര സി. എം. ഐ.

ബ്ര. ഡോമിനിക്ക് സി. എം. ഐ. യുടെ
ഇതര കൃതികൾ



1. മുത്തുമണികഥ
2. അനുസ്മരണകഥ
3. പാചകവിധികഥ

പ്രസ്താവന

എന്റെ സഭാജീവിതത്തിൽ ഞാൻ ഒരുമിച്ച് വസിച്ചിട്ടുള്ള ചില പാവനവ്യക്തികളേയും കമ്മലസഭാസ്ഥാപകനേറയും സ്മരണയെ നിലനിത്തണമെന്ന ഉദ്ദേശത്തോടെയുള്ള ഒരു എളിയ ശ്രമമാണു് ഇതിലെ കവിതാസമാഹാരം.

ഓട്ടംതുള്ളൽ, ഗാഥ, വഞ്ചിപ്പാട്ട് തുടങ്ങിയ താളലയങ്ങളിലുള്ള കുറെ കവിതകളും മനുഷ്യമനസ്സിനെ ദൈവത്തിലേയ്ക്കുടുപ്പിക്കുവാൻ ഉപകരിക്കുമെന്നു് എനിക്കു തോന്നിയ ചില ധ്യാനചിന്തകളുമാണു് ഇതിലെ ഉള്ളടക്കം. അവസാനഭാഗത്തു് കുട്ടികൾക്കായി, ഈ വല്ല്യേട്ടന്റെ ഒരു പദേശവും ചേത്തിട്ടുണ്ടു്.

ഇതിലെ പോരായ്മകളും കുറവുകളും വായനക്കാർ സദയം ക്ഷമിക്കണമെന്നു് വിനീതമായി അപേക്ഷിക്കുന്നു.

ഇതിലെ തെറ്റുകൾ സദയം തിരുത്തി അടിപ്പിച്ചു് തന്ന ബ. വർഗ്ഗീസ് കോയിക്കര അച്ചനോടു് എന്നെന്നും ഞാൻ കൃതജ്ഞതയുള്ളവനായിരിക്കും. ഇതിന്റെ മുദ്രണം ഭംഗിയായി നിർവ്വഹിച്ചുതന്ന ഫ്രണ്ട്ഷിപ്പു് ഹൗസിലുള്ള ആലുവാപ്രസ്സു് ഭാരവാഹികൾക്കും എന്റെ അകമഴിഞ്ഞ നന്ദിയും കൃതജ്ഞതയും രേഖപ്പെടുത്തുന്നു.

രചയിതാവു്

ബ്ര. ഡോമിനിക്ക് കോയിക്കര സി. എം. ഐ.

ഉ ള്ള ട ക്കം

		പേജ്
1.	കത്തുകൾക്കു് മറുപടി	1
2.	യാചന	2
3.	കൃതജ്ഞത	3
4.	പെ. ബ. ചാവറ കുരിയാക്കോസച്ചൻ	4
5.	പെ. ബ. ബെന്തുലൂമ്മാച്ചൻ	5
6.	പെ. ബ. അന്തനാസിസച്ചൻ	6
7.	പെ. ബ. ബ്രിട്ടോ അച്ചൻ	8
8.	ബ. അന്തോനി ബ്രദർ	9
9.	ബ. പത്രോസ് ബ്രദർ	10
10.	ബ. ഔസേഫ് ബ്രദർ	12
11.	പെ. ബ. മത്തിയാസ്	13
	പെ. ബ. ഗ്രേഷ്യൻ അച്ചന്മാർ	
12.	ഫ്രർണസ്റ്റ് ശെമ്മാശ്ശൻ	15
,,	ബ. വല്ലീസച്ചൻ കോയിക്കര	16
13.	എന്റെ സഭാജീവിതം	17
14.	മൈസൂർ മിഷൻ	18
15.	സമർപ്പണം	21
16.	നന്ദി	24
17.	സുന്ദരശില്പം	24
18.	പൂജാപുഷ്പമായ്	26
19.	സ്നേഹസ്തുപനായ്	26
20.	പോപ്പുരാജൻ	27
21.	ധ്യാനക്കുറിപ്പുകൾ	28
22.	കുട്ടികളോട്	45

1. കത്തുകൾക്കു് മറുപടി
(തുള്ളൽ)

നിങ്ങടെ കത്തുകളെല്ലാം കിട്ടി
നിന്നൊരു നിലയിൽ വായിച്ചു ഞാനും

നിറയും മാനസമുതിരും വാക്കുകൾ
നിരനിരയായെന്നുള്ളിലുമാക്കി

എത്ര മനോഹരമാണാവാക്കുകൾ
എന്തുവിശാലത മുറ്റുന്നവയ ൽ

എങ്ങിനെ ഞാനീ പാവപ്പെട്ടവ-
നേകം നിങ്ങൾക്കതിനൊരു നന്ദി

ദാസനുമല്ല വ്യാസനുമല്ല
ദാഹിക്കും കവിതിലകനുമല്ല

എളിയവനിവനൊരു വന്ദ്യവയോധിക-
നെന്നും നിങ്ങടെ സോദരനാണെ.

ആലസ്യമനുദിനമേറിവരുന്നു
ആരോഗ്യത്തിനു ഹാനി വരുന്നു

മേലിനു നൊമ്പരമേറാം കഷ്ടം
മുറപോലവനും കൂടിവരുന്നു

ക്ഷീണവും തളർച്ചയും കൂടിവരുന്നു
കുഴിയിൽ മൂടാറായി വരുന്നു

സഭയുടെ വത്സല മക്കൾ നിങ്ങൾ
സകലവുമങ്ങേക്കേകിയ നിങ്ങൾ

എന്നും നിർമ്മലരായി വളരൂ
എങ്ങും പരിമള കാന്തിപരത്തൂ

കത്തിനു നന്ദിയുരചെയ്യുന്നു
ഒത്തിരിയിനിയും കാത്തിരിക്കുന്നു.

കവിയല്ലെങ്കിലുമിവനായ് നിങ്ങൾ
ഓർമ്മിക്കുമ്പോൾ പ്രാർത്ഥിക്കണമെ

2. യാചന
(തുള്ളൽ)

താതന്മാരെ സോദര ഗണമെ
സാധു എനിക്കൊരു യാചനയുണ്ടെ

ഏൻ വിനകൊണ്ട സഭയ്ക്കോ മാമക-
സോദരശ്രേണിയിലാക്കെങ്കിലുമോ-

വന്ന ഭവിച്ചൊരു നഷ്ടവുമതുപോൽ
ദുർമ്മാർഗ്ഗകയും കുറവുമതെല്ലാം

സദയമതങ്ങു ക്ഷമിക്കണെയെന്നെറ-
യത്ഥന നിരസിക്കരുതേ നിങ്ങൾ

ശുദ്ധനൊ സിദ്ധനൊ അല്ലാ ഞാൻ വെറു-
മുദ്ധതകൊണ്ട നിറഞ്ഞൊരു പാപി

ജീവിതയാത്ര നിലക്കാറായ് മമ-
ജീവേശ്വരനെ കാണാറായി

നല്ലൊരുമരണമീയടിയനുകിട്ടാൻ
നന്മനസ്സുരുകി പ്രാത്ഥിക്കണമെ

ഏറെക്കാലം പാതെ്താരു മരണം
വേഗം വന്നിങ്ങണയാൻ വേണ്ടി

അക്ഷമനായി ക്കഴിയുന്ന ഞാൻ
ആയതിനീശൻ കനിയട്ടെന്നിൽ

നല്ലൊരു ദൈവത്തെ പ്രാപിക്കാൻ
ഈശോ മറിയം യൌസേപ്പെന്നൊരു

നാമംചൊല്ലിയെന്നുടെയാത്മം
വേർപിരിയാനായാനായ് കനിയണമീശോ

എല്ലാം തീർത്ത പിതാവിൻപക്കൽ
പ്രാത്ഥനയേകാം നിങ്ങൾക്കായ് ഞാൻ

3. കൃതജ്ഞത
(തുള്ളൽ)

വന്ദ്യപിതാക്കളേ വൈദികോത്തമ-
വന്ദ്യന്മാർ, ശെമ്മാശ്ശന്മാരേ

ബന്ധുജനങ്ങൾ നാട്ടുകാരിങ്ങനെ-
ബന്ധപ്പെട്ടവരെല്ലാവരുമേ

എൻചെറുകൃതികളടിപ്പിക്കാനായ്
അൻപൊട്ട ഹസ്തം നീട്ടി നിങ്ങൾ

ഇത്തം ചെയ്തോരു സഹായങ്ങൾക്കാ-
യുത്തരമെങ്ങിനെ പറയേണ്ടൂ ഞാൻ

നന്ദി നിറഞ്ഞു തുളുമ്പുന്നെന്നുടെ
ഹൃദയം നിങ്ങൾക്കേകുന്നു ഞാൻ

നിർമ്മല പരിമള കാന്തി പരത്തി-
നിങ്ങളിലിതെന്നും വളരാനായും

അതുലമനോഹരമായൊരുമോക്ഷൈ-
വിരവൊടുകൂടിച്ചേരാനായും

അവിടെ സൌഭഗസഭ്യവിരുന്നിൽ
അവികലമോദമൊടണയാനായും

നിരതമിതെന്നുടെ കയ്യിണകൂപ്പി
പരിചൊടുനിത്യം പ്രാർത്ഥിക്കാം ഞാൻ

നിങ്ങളെനിക്കായ് ചെയ്തതിനെല്ലാം
പ്രതിഫലമീശൻ നൽകുന്നതിനും

4. പെ. ബ. ചാവറ കുരിയാക്കോസച്ചൻ
(ഗാഥ)

കേരളനാടാകും മാമകകോമള
കേരകം തിങ്ങിടും ഭവ്യനാട്ടിൽ

ചേന്നങ്കരിപ്പള്ളിയിടവകയിലെ
ചാവറഭവനെ ജാതനായ

കുറിയാക്കോസേലിയാസച്ചൻറേതായ
പ്രേഷിതജോലികൾ കേട്ടീടുക.

കമ്മലീത്താസഭ സ്ഥാപിച്ചവന്ദ്യനും
അതിൻറെയാദ്യത്തെ ജനറാളും

കത്തോലിക്കരുടെ വികാരിജനറാൾ
ആയങ്ങുശോഭിച്ച പുണ്യദേഹം

വൈദികസമ്മിനാരി ആദ്യമായ് തുറന്ന
സന്യാസിനീസഭയും സ്ഥാപിച്ചു.

മുദ്രാലയജോലി ആരംഭം തുടങ്ങി
വൃദ്ധന്മാക്കായൊരു മന്ദിരവും

ആലംബമില്ലാത്തോക്കാശ്രമം നിത്യവും
വിവിധോപദേശം നൽകിവന്നു.

റോക്കോസിൻ ശിശുയെ ധീരമായ് നേരിട്ട
തോല്പിച്ചുന്മൂലനം ചെയ്ത താതൻ

മാനസാന്തരാർത്ഥം അക്ഷീണം യത്നിച്ച
കാനോൻജപവും ക്രമപ്പെടുത്തി.

നാല്പതുമണിയാരാധന തുടങ്ങി
പള്ളിക്രമങ്ങൾ നവീകരിച്ച

ആത്മാനുതാപമെന്നഭിധാനത്തിലായ്-
ആത്മകഥാഗ്രന്ഥം തയ്യാറാക്കി

അഗാധ എളിമ അതീവ സ്നേഹങ്ങൾ
വീരോചിതമായപരസ്നേഹം

ദാരിദ്ര്യം എളിമ അനുസരണവും
അന്യൂനം കാത്തോരു വന്ദ്യതാതൻ

ജീവിതകാലത്തു പുണ്യപൂർണ്ണനായി
ജീവിതമാതൃക നൽകിയല്ലൊ.

വിശുദ്ധനെന്നു വിളിക്കുവാനുള്ളോരു
രൂപതാനടപടി തുടങ്ങി

വിശുദ്ധനായി വേഗത്തിൽ പ്രഖ്യാപിക്കാൻ
എവരും പ്രാർത്ഥിക്ക സോദരരെ

കേരളപുത്രനാം ധന്യനാം പിതാവെ
കേരളമക്കൾക്കായി പ്രാർത്ഥിക്കണെ

ചൊരിയൂ അശിസ്സുനുഗ്രഹങ്ങളെല്ലാം
നിന്നുടെ മക്കളാം ഞങ്ങൾക്കെന്നും

കർമ്മലസഭക്കാർ പുണ്യത്തിൽ ചരിക്കാൻ
എന്നെന്നും പ്രാർത്ഥിക്ക പുണ്യതാതാ

5. പെ. ബ. ബർത്തലൂമ്മാച്ചൻ
(ഗാഥ)

മാന്നാനം ദേശത്തു പെരുമാലി വീട്ടിൽ
ജാതനായല്ലോ ബർത്തലൂമ്മാച്ചൻ

തൻപ്രിയമേറുന്ന കർമ്മല സഭയിൽ
നേരത്തെ വന്നിങ്ങു ചേർന്നവല്ലൊ

വന്ദ്യരാം താതന്മാർ മായകളകറ്റി
പൂജ്യമാം പട്ടവും കൊടുത്തല്ലൊ

എവർക്കും മാതൃക ആയങ്ങു ജീവിച്ചു
സ്നേഹമാം ത്യാഗങ്ങൾ ചെയ്യവന്നു

ജോലികൾ ധാരാളം ചെയ്തല്ലോ സഭയിൽ
പ്രിയോർ ജനറാളായി ജോലി നോക്കി

ജനറാൾ കാലത്തിലാറാമത്തെ കൊല്ലം
അമ്പഴക്കാട്ടാശ്രമവാസിയായ

നടത്തീടം നാളിൽ മരണം വരിച്ചു
അവിടെത്തന്നെയടക്കം ചെയ്തു.

ജനറാൾ ഭരണം നടത്തും കാലത്തും
നൊവീസിനെപ്പോലെ ജീവിച്ചല്ലൊ

കൂട്ടക്രമങ്ങളിലേതൊരു നേരത്തും
കൃത്യമായ് വന്നങ്ങു കൂട്ടമല്ലൊ

സക്രാരിയിലേശുവോടുള്ള സ്നേഹവും
വ്യാകുലമാതാവിൻ ഭക്തിയിലും

അത്യന്തം ശോഭിച്ചു വിളങ്ങിയ താതൻ
ഏവർക്കു മാനന്ദം നൽകി വന്നു

വന്ദ്യനാം താതനെ അമ്മയുടെ മക്കൾ
ഞങ്ങൾക്കായെന്നും പ്രാർത്ഥിച്ചിടണെ.

6. പെ. ബ. അത്തനാസിസച്ചൻ
(ഗാഥ)

അത്തനാസീസെന്ന നാമത്താലങ്കിതൻ
ഉത്തുംഗനാകും വൈദികശ്രേഷ്ഠാ

താവക നന്മകൾ വേണ്ടപോൽ ചൊല്ലാനീ
പാവമെൻ നാവിന്നു ശക്തി പോരാ

നേരുള്ളിൽ നൈർമ്മല്യം സൗശീല്യ മൗദാര്യം
പേരൊത്ത പാലനം സാധുക്കൾക്കു്

രാവിലെ മുന്നമണിക്കെഴുന്നേൽക്കും
കാലത്തെ കർബാന ചൊല്ലുമെന്നും

കൂട്ടപ്രവൃത്തികൾ നേരാനേരങ്ങളിൽ
എല്ലാറ്റിലുമെന്നും വന്നുകൂടും

ഏതൊരു നേരത്തും പ്രസംഗം പറയാൻ
ഏറ്റം കഴിവുള്ള വന്ദ്യതാതാ

ആരിലും സ്വാധീനം ചെലുത്താൻ സമർത്ഥൻ
ഏതൊരു കാര്യവും നിർവ്വഹിക്കും

പാവർട്ടിപ്പള്ളിക്കടിസ്ഥാനമിട്ടതാൻ
ശ്രീമക്കപോയല്ലൊ അത്തനാസ്യോസ്

യൂറോപ്യന്മാരുടെ സ്നേഹം സമ്പാദിച്ചു
ധാരാളം സഹായം ലഭ്യമായി

ഭീമമാം പാവട്ടി പള്ളിയും തീർത്തല്ലൊ
കെട്ടിടം പലതും പണിയിച്ചു.

പ്രിയോരായേറെ കൊല്ലങ്ങളിൽ ഭരണം
ഏവർക്കും പ്രിയമോടെ നടത്തി.

ധീരത കുത്തുകളേറുന്നതാത്മൻ
ആരെയും സ്നേഹിച്ചു ജീവിച്ചല്ലൊ

ഞാനൊരുനോവ്യസായ് വസിക്കും കാലത്തിൽ
ഏറെയാം ദാനമെനിക്കു നൽകി

വന്ദ്യനാം താതനെ മറക്കാനൊക്കുമൊ
എന്നെന്നും കീർത്തിക്കും കുഞ്ഞുമകൻ

സ്വർഗ്ഗീയ രാജ്യത്തു വസിക്കുന്നതാതാ
തന്നാലുമാശിസ്സു നിൻമക്കൾക്കു്.

7. പെ. ബ. ബ്രിട്ടോ അച്ചൻ
(ഗാഥ)

ദിവ്യകാരുണ്യത്തിൻ ജോൺ ബ്രിട്ടോച്ചന്റെ
മാഹാത്മ്യം കീർത്തിക്കാനെളുതല്ല.

ധർമ്മാരാം കോളേജിൽ ഭരണസാരഥ്യം
ഭാരിച്ച ജോലിയും ചെയ്തീടുന്നു.

ന്യൂയോർക്കുകോളേജിലെ പ്രൊഫസറായി
യൂറോപ്യന്മാരെ പഠിപ്പിക്കുന്നു.

അമേരിക്കരുടെ സ്നേഹത്തിൻ ഭാജനം
അറിവും വിവേകവുമേകിടുന്നു.

മുന്നേറിലേറുന്ന ക്ലേട്ടത്തെ നയിക്കും
വാനമ്പാടിയാകും പൊന്നുതാതാ.

ഏവർക്കും മാതൃക നൽകുന്ന ക്രമങ്ങൾ
മുറപോൽ കാക്കുന്ന റെക്ടരച്ചൻ

ശെമ്മാശ്ശന്മാർക്കെല്ലാ മാനന്ദമേകുന്ന-
പ്രൊഫസർ ജോലിയും വഹിച്ചീടുന്നു.

ധർമ്മാരാമെന്നോരു ഹർമ്യമാം കോളേജിൽ
നിർമ്മാലാനന്ദഭൂതി നകന്നീടാൻ

ഭീമമാം പള്ളിയും പണിയിച്ചീടുന്നു
എന്തുയും വേഗത്തിൽ തീർക്കുമല്ലൊ.

അറിവിന്റെ നിറകുടം കനിവിന്നിരവിടം
ദീനരിലെന്നെന്നും ദയാനിധി

പരസ്നേഹമുപവിയിലേറെശോഭിച്ച
മാതൃക നൽകുന്ന പാവനാത്മാ

സാദരം സഹായമേവർക്കും ചെയ്യുന്ന
ത്യാഗത്തിൻ വാരിധിചെത്തിമറാം

അങ്ങേക്കും മക്കൾക്കുമെന്നെന്നും പ്രാർത്ഥിക്കും
ദുമനിക്കു തന്നാലുമാശീസ്സുകൾ.

8. ബ. അന്തോനി ബ്രദർ
(വഞ്ചിപ്പാട്ട്)

കോന്തുരുത്തി ഇടവക-
മാളിയേക്കൽ ഭവനത്തിൽ
ഭൂജാതനായി നമ്മുടെ-
അന്തോനിബ്രദർ.

പരസ്നേഹ ചൈതന്യവും
പ്രാർത്ഥനാരൂപി ഉപവി-
എളിമ ക്ഷമ ദാരിദ്ര്യം
കീഴ്വഴക്കവും.

സഭാസേവനങ്ങൾ നിര-
ന്തരം ധീരമായ് നടത്തി
അവിസ്മരണീയയത്ന-
വും ചെയ്തിരുന്നു.

ആലുവാ, അമ്പഴക്കാട്ടം
ഏൽത്തുരുത്തും, തേവരയും
കുറുകുറിയിലും ബ്രദർ
ചെയ്തസേവനം.

നിരവധിയാണെന്നതും
അനവധി ക്ലേശങ്ങളെ
നിരന്തരം സഹിച്ചതും
സ്മരണീയമാം.


ആലുവാ കൊവേന്തയുടെ
ആരംഭകാലം തുടങ്ങി
ചുണങ്ങുംവേലിൽ കൃഷി-
കൾ ധാരാളമായ്.

തെങ്ങും റബർ നെൽകൃഷിയും,
പ്ലാവും മാവും സസ്യാദികൾ
സ്തുത്യർഹമായ വിധത്തിൽ
ചെയ്യിച്ചിരുന്നു.

ക്രമങ്ങൾ കാക്കുന്നതിലും
മാതാവിന്റെ ഭക്തിയിലും
മാതൃകാ സന്യാസിയായി
കാലം കഴിച്ചു.

വന്ദ്യസോദരാ ജീവിത-
കാലത്തെന്നപോലെയങ്ങ്
ഞങ്ങൾക്കായി പ്രാർത്ഥിക്കുവാൻ
അർത്ഥിച്ചീടുന്നു.

സഭയിൽ എന്റെ മാലാഖാ
അങ്ങായിരുന്നതോർക്കണെ
സ്വർഗ്ഗത്തിൽ വേഗം ഞാൻ വന്നെ-
ത്താൻ പ്രാർത്ഥിക്കണമെ



9. ബ. പത്രോസ് ബ്രദർ
(വഞ്ചിപ്പാട്ട്)

ഒല്ലൂർ ദേശമതിലുള്ള
കണ്ണമ്പുഴ വീട്ടിൽ ജാതൻ
പത്രോസ് സഹോദരന്റെ
അപദാനങ്ങൾ

കീർത്തിക്കാൻ വാക്കുകളില്ല
എൻനാവുമിതുപോര
അമ്പഴക്കാട്ടം, മാന്നാനം,
കുന്നിക്കുരുടി,

ചെത്തിപ്പുഴ, മണിമല,
വരന്തരപ്പിള്ളി, ബാംഗ്ലൂർ
എന്നീസ്ഥലങ്ങളിലെല്ലാം
കൈവിടാ പണി.

കൃഷിപ്പണിക്കും മേൽനോട്ടം
വഹിച്ചു മരണംവരെ
വിദഗ്ധമായ് പണിയിച്ച
ധാരാളമായി.

ദിവ്യകാരുണ്യഭക്തിവ്യാ-
കുലമാതാഭക്തിയിലും
പീഡാനുഭവഭക്തിയി-
ലും ജ്വലിച്ചിരുന്നു.

ഏതുകാര്യവും നടത്താൻ
അസാമാന്യകഴിവുള്ള
ബുദ്ധിമാനായിരുന്ന പ-
ത്രോസ് സഹോദരൻ

സേവനതല്പരതയും
ദീനാനുകമ്പയെളിമ
സഭാസ്നേഹത്തിലും മാതൃ-
കനൽകിവന്നു

മരണശയ്യയിൽ ബ്രദർ
മരിക്കാനെനിക്കുലേശം
ഭയമില്ല, സഭയുടെ
അനുഗ്രഹങ്ങൾ

ധാരാളമെനിക്കുകിട്ടി
സഭയ്ക്കുമറാക്കെങ്കിലും
ദുർമാതൃകാനഷ്ടങ്ങൾ വ-
രുത്തീട്ടുണ്ടെങ്കിൽ

ഞാനേവരോടും ക്ഷമിക്കാൻ
യാചിക്കുന്നു, നന്മരണം
എനിക്ക് നൽകുവാനായ് നിങ്ങൾ
പ്രാർത്ഥിക്കേണമെ.

എന്നു ചൊല്ലി മരിച്ചുണ്ട്
നല്ലമരണത്താൽമോക്ഷ
ദുമനിക്കുഞ്ഞും വന്നുചേ-
രാൻ പ്രാർത്ഥിക്കണെ.

10. ബ. ഔസേപ്പ് ബ്രദർ
(വഞ്ചിപ്പാട്ട്)

പൂവരണിയിടവക
പുഞ്ചക്കുന്നേൽ ഭവനത്തിൽ.
കൊച്ചുവുസേപ്പു ജനിച്ചു
പ്രായംവന്നപ്പോൾ

സഭയിലെ ആദ്യതാതർ
പരിശീലനം കൊടുത്തു
ഏവക്കുംമാതൃകയായി
ജീവിച്ചിരുന്നു.

കൃഷിജോലിചെയ്വിക്കാനും
വേദപാഠം പഠിപ്പിക്കാൻ
ദേവാലയ ഗാനത്തിലും
വിദഗ്ധനായി.

വാദ്യോപകരണങ്ങളും
പാട്ടുകളും കൊട്ടുകളും
പലരേയും പഠിപ്പിച്ച
മാസ്റ്ററും ബ്രദർ

ബാഹ്യ പ്രവൃത്തികളിലും
പ്രാർത്ഥനാജീവിതത്തിലും
മാതൃകാസന്യാസിയായി
ജീവിച്ചു പോന്നു.

ദീനരിൽദയഉപവി
ശാന്തതസ്നേഹമെളിമ
പുഞ്ചിരിയും സോദരനിൽ
ശോഭിച്ചിരുന്നു.

ധാരാളം ജോലി സഭയ്ക്ക-
ചെയ്തെൺപത്തെട്ടാം വയസ്സിൽ
അന്ത്യനേരത്തും ശാന്തനായ്
മരണം പ്രാപിച്ചു.

സഭ്യത്തിൽ മാധുരിനുക-
ത്തും പാവനനാം സോദരാ
സഭ്യരാജ്യേഞാൻ വന്നെത്താൻ
പ്രാർത്ഥിച്ചീടണെ.

11. പെ. ബ. മത്തിയാസ്
പെ. ബ. ഗ്രേഷ്യൻ അച്ചന്മാർ
(വഞ്ചിപ്പാട്ട്)

ലോകമെങ്ങും കീർത്തിക്കുന്ന
ആലങ്ങാട്ട ദേശമതിൽ
കേൾവികേട്ട മുണ്ടാടന്റെ
ഭവനമതിൽ

ഒറ്റ ഞെട്ടിൽ വിരിഞ്ഞതാ-
യമത്തിയാസും ഗ്രേഷ്യനും
വീട്ടം കൂട്ടംബവുമെല്ലാം
ഉപേക്ഷിച്ചവർ

പ്രിയമേറും കമ്മലയിൽ
ചെറുപ്പത്തിലെ ചേർന്നല്ലോ
സ്നേഹമേറുന്ന താതന്മാർ
നേതൃത്വം നൽകി

പുണ്യസോപാനത്തിലേറി
പൂജ്യപട്ടം കൊടുത്തല്ലോ
ഉന്നത ബിരുദമവർ
നേടിയെടുത്തു

ധർമ്മാരാമിൽ പ്രൊഫസറായ്
ഏറെക്കൊല്ലം പഠിപ്പിച്ച
ജേഷ്ഠൻ മത്യാസ് പ്രൊവിൻഷ്യലായ്
ഭരിച്ചീടുന്നു

എം. എ. ബിരുദം നേടിയ
ഓമനജൻ ശ്രേഷ്യനച്ചനെ
ബിജ്നോർ എസ്റ്റാക്കായി റോ-
മ്മാ നിശ്ചയിച്ചു

നിയമിച്ചുടനെതന്നെ
യു. പി. യിലുള്ള മിഷനിൽ
അശ്രാന്തം പരിശ്രമിച്ചു
വത്തിച്ചീടുന്നു.

വിനയമേറുമിരുവരും
എല്ലാവർക്കും തൃപ്തിയോടെ
രണ്ടു സ്ഥലത്തും ഭരണം
നടത്തീടുന്നു.

''വൺ'' ഞെട്ടിലെ സോദരർക്ക്
ദൈവം നൽകിയ ഭാഗ്യത്തിൽ
നമുക്കും നല്ല ദൈവത്തിനു്
നന്ദിചൊല്ലീടാം.

എളിമ പരസ്നേഹമു-
പവിയിലുമൊരുപോലെ
ഇരുവരും മാതൃകകൾ
നൽകി വരുന്നു.

മാറി മാറിയുദ്യോഗത്തിൽ
കേറിക്കേറി സ്നേഹതാതർ
സഭതന്നിലുന്നതരായ്
ഉയർന്നീടട്ടെ.

അൻപെഴുന്ന തമ്പുരാനോ-
ടിമ്പമോടെ പ്രാർത്ഥിച്ചീടാം
വൻപ-രാം താതർക്കുവേണ്ടി
മുൻപന്തിയിലായ്.

വന്ദ്യപിതാക്കളെ നിങ്ങൾ-
ക്കായെന്നെന്നും പ്രാർത്ഥിച്ചീടും
കുഞ്ഞുദ്ദമനിക്ഷ തന്നാ-
ലുമാശിസ്സുകൾ

12. ഏർണസ്റ്റ് ശെമ്മാശ്ശൻ
(ഗാഥ)

ഏർണസ്റ്റുശെമ്മാശൻ നോവിസുകാലത്തു
ഏവക്കും മാതൃക നൽകിവന്നു

മൂത്തോലി ആശ്രമെ വിദ്യാർത്ഥിയായങ്ങു
തത്വശാസ്ത്രം പഠിക്കുന്നകാലം

ഏറെറവും ദാരുണമാം ക്ഷയരോഗവും
ശെമ്മാശ്ശനുവന്നുകൂടിയല്ലൊ.

രോഗങ്ങൾ വഷ്ളിച്ചുവന്നൊരുനേരത്തു്
ആതുരശാലയിലാക്കിവേഗം

ഞാനങ്ങു ആശ്രമവാസം ചെത്തിരുപ്പഴെ-
ചെയ്തിടുംകാലത്തിൽ നാലുവർഷം

നീറുന്നവേദനകൊണ്ടുവലഞ്ഞിട്ടും
പുഞ്ചിരിതൂകി സഹിച്ചുവന്ദ്യൻ

ഏതൊരുകാര്യവും കിട്ടാതെവന്നെന്നാൽ
യാതൊരാവലാതിയും കൂടാതെ

ആദേഴവർഷങ്ങളാതുരാലയത്തിൽ
ഈശോതൻനാമം ജപിച്ചുസദാ

ത്യാഗത്തിൻവേദിയിൽ ജീവിതമപ്പിച്ചു
ഏവക്കും മാതൃകനൽകിയല്ലൊ

ശാന്തതവീരോചിതക്ഷമയെളിമ
വന്ദ്യനിൽ ശോഭിച്ചിരുന്നുനിത്യം

ഇന്നിതാസ്വർഗ്ഗത്തിൽ വാഴുന്ന ശെമ്മാശ്ശാ
ആ നിത്യഭാഗ്യം നകന്നിടുവാൻ

പാപിയും ധൂർത്തനുമായൊരെന്നിക്കായും
എന്നെന്നും പ്രാർത്ഥിക്കാൻ യാചിക്കുന്നു.

12. ബ. വഗ്ഗീസച്ചൻകോയിക്കര
(തുള്ളൽ)

തിരുനാൾ മംഗളമായിരമോതാം
തിരുമുമ്പിൽ വന്നാദരവോടെ

കോയിക്കരയെന്നൊരു ഭവനത്തിൽ
വന്നുപിറന്നു വളർന്നവനല്ലേ

വഗ്ഗീസെന്നൊരു ഗുരുവരനാമം
പാരിതിലെങ്ങും പ്രഭപകരട്ടെ

വീടിനും നാടിനും നാട്ടാക്കെല്ലാ-
മുന്നതനായി വളർന്നവനല്ലൊ

ഇന്നിതാ തിരുസഭയാകും വിണ്ണിൽ
വെൺതാരകമായ് മിന്നീടുന്നു

എളിയവനങ്ങെ ജീവിതമെന്നും-
മിവരിൽ പൊന്നൊളിയുകിടുന്നു

എല്ലാം തീർത്ത പിതാവിൻപക്ക-
ലങ്ങൊരു വത്സലസുതനാണല്ലൊ

സത്യം ചൊന്നാൽ മറെറാരു വന്ദ്യൻ
വഗ്ഗീസ് കോയിക്കരയെന്നതു സത്യം

വന്ദ്യപിതാവെ നിത്യം നിന്നുടെ
പ്രാർത്ഥനയേകുക ഞങ്ങൾക്കായ് നീ

സ്നേഹവിശാലൻ സേവനഹൃദയൻ
തിരുസഭതന്നുടെയാശാപുരുഷൻ

അറിവും വിനയവുമളവില്ലല്ലൊ
കാരുണ്യത്തിൻ നിറകുടമല്ലൊ

സഭയുടെയുന്നമനത്തിന്നായ്
സർവ്വവുമേകിയ സഭയുടെ പുത്രൻ

കർമ്മോത്സുകനാം വഗ്ഗീസച്ചാ
മഹിമഗുണാലയനായൊരു താതൻ

മഹിമകളനവധിയുള്ളൊരു വന്ദ്യൻ
ഇങ്ങനെ മെല്ലെയെടുത്തുപറഞ്ഞാ-

ലെങ്ങനെ തീർക്കുമതെന്നറിയില്ല
ഉന്നതനങ്ങെ ചിന്താമണ്ഡല-
മെന്നും നന്മകൾ വർഷിക്കട്ടെ

തന്നിടതാതാ ആശിസ്സുമാല്യം
നിൻസ്നേഹത്തിന്നിര ഞങ്ങൾക്കായ്.

13. എന്റെ സഭാജീവിതം
(വഞ്ചിപ്പാട്ട്)

ആയിരത്തിത്തൊള്ളായിര-
ത്തിരുപത്തൊൻപതാം കൊല്ലം
ആലുവാശ്രമത്തിൽ ചേന്ന
കുഞ്ഞുദ്ദമനി.

എൽത്തുരുത്തും, ധമ്മാരാമും
രണ്ടരക്കൊല്ലം വീതവും
ആലുവാ, കുന്നമ്മാവും പ-
തിപ്പത്തു കൊല്ലം.

പെത്തിപ്പുഴ, മുത്തോലിയും,
നന്നാലുവർഷം ജോലികൾ
കുറുകുറി പതിനൊന്നും
കൊല്ലം സേവനം.

തേവര പൂഞ്ഞാർ നീലിശ്വ
രവുംകൂടി ഒരു കൊല്ലം
സങ്കീർത്തിക്കാരനായഞ്ഞ
ജോലികൾ ചെയ്തു.

മറ്റുള്ളവരുടെയെല്ലാം
കുറ്റങ്ങളും തുറന്നിക്കേട്ടും
ഏറ്റവും കിട്ടാനുതകുന്ന—
"കിച്ചൻ വക്കുകൾ.

നാല്പത്തിനാലുകൊല്ലങ്ങൾ
എന്റെ കഴിവിനൊത്തപോൽ
ഇന്നുവരെ ചെയ്തീടുന്നു
സോദരന്മാരെ.

ഇതിലിരുപത്തഞ്ച് കൊല്ലം
യോഗാത്ഥികൾ ശെമ്മാശക്കായ്
സ്നേഹപൂർവ്വം സേവനങ്ങൾ
ചെയ്തിട്ടുമുണ്ട്

താതന്മാരെ സോദരരെ
എന്നിൽനിന്നും വന്നിട്ടുള്ള
കുറ്റം കുറവുകളെല്ലാം
ക്ഷമിക്കേണമെ.

14. മൈസൂർ മിഷൻ
(വഞ്ചിപ്പാട്ട്)

അങ്ങു ദൂരെ മൈസൂർ സ്റ്റേറ്റിൽ
തിങ്ങിപ്പാർക്കും ഗ്രാമങ്ങളിൽ
പൊങ്ങിവരും മിഷൻവാത്ത
കേട്ടുകൊള്ളുക.

തിരുഹൃദയപ്രൊവിൻസി-
ലെ സി. എം. ഐ. അംഗങ്ങളാൽ
ഇന്നവിടെ നടത്തുന്ന
മിഷൻ സ്ഥലങ്ങൾ.

നരസിംഹ രാജപുരം,
ഗൊണിക്കൊപ്പ, തരീക്കര,
കക്കിഞ്ചെ, താണ്ഡവപുരം,
സനിവാർചന്ത.

ഹാൽബാൾ കൂശാൽ നഗരെ-
ന്നീസ്റ്റേഷനുകളിലച്ചന്മാർ
മിഷൻ ജോലികളിൽ
വർത്തിച്ചീടുന്നു.

ആയിരത്തിതൊള്ളായിര-
ത്തുപത്തേഴിലവിടെ
പാവങ്ങളാം കത്തോലിക്കർ
മുന്നൂറേയുള്ളൂ.

സി. എം. ഐ. മിഷനറിമാർ
അശ്രാന്തം ശ്രമിച്ചതിനാൽ
വിശ്വാസികളായിരത്തി-
ലേറെയായിപ്പോൾ

നരസിംഹ രാജപുരി-
യിലേറെക്കാലം സേവനം
കമ്മ്യധീരം ചെയ്ത വന്ന
ബെർക്കുമാൻസച്ചൻ.

ഈശോക്കായ് ഹോമബലി
അർപ്പിച്ചു മരിച്ചവിടെ
മൃതഗാത്രമാലുവായിൽ
അടക്കം ചെയ്തു.

ഇന്നവിടെ അച്ചന്മാരായ്
ഇരുപതുപേരും ബ്രദേഴ്സ്
മൂന്നും, ആസ്പിരൻസ് നാലും,
കന്യാസ്ത്രീകളും

സേവനങ്ങൾ ചെയ്തീടുന്നു
പള്ളികൾനാല്, ആസ്പത്രി

കന്യാകാമഠങ്ങൾ സ്കൂളും,
കപ്പേളകളും.

കുറെയൊക്കെ പണിതീർത്തു
ഈശോക്കാത്മാക്കളെ നേടാൻ
നാടും വീടും വിട്ടു ഞങ്ങൾ
യത്നിച്ചീടുന്നു.

കാപ്പിത്തോട്ടം, മാന്തോട്ടം മു-
ന്തിരിസ്ഥലത്തും, നെൽകൃഷിയും
കമ്പം ചോളം, റാഗി പയർ
കൃഷികൾ ചെയ്യും

സാധുക്കളെ ഉയർത്തുവാൻ
വീടുംസ്ഥലം ഭക്ഷണവും
സഹായങ്ങൾ ചെയ്തു ഞങ്ങൾ
ശ്രമിച്ചീടുന്നു.

കർഷകരെ കൃഷികളിൽ
പരിശീലിപ്പിക്കുന്നു പിന്നെ
കുട്ടികളെ സൗജന്യമായ്
പഠിപ്പിക്കുന്നു.

ഇനിയും പള്ളികൾ സ്കൂളും
പറമ്പും കെട്ടിടംവേണം
നിങ്ങളുടെ സഹായങ്ങൾ
പ്രതീക്ഷിക്കുന്നു.

കേരള ജനതകളെ
ഔദാര്യ വീരരെ നിങ്ങൾ
ഈശോക്കാത്മാക്കളെ നേടാൻ
സഹായം നൽകൂ.

ഞങ്ങളുടെ പ്രാർത്ഥനയിൽ
നിങ്ങളേയും സ്മരിച്ചീടാം
സ്വർഗ്ഗരാജ്യ നിങ്ങളെത്താൻ
പ്രാർത്ഥിക്കാമെന്നും

ലോകാവസാനത്തോളമീ-
മിഷനുകൾ ഉയരട്ടെ
സഭയുടെ കോട്ടകളായ്
ലാലസിക്കട്ടെ.



15. സമർപ്പണം
(വഞ്ചിപ്പാട്ട്)

ലോകത്തിൽ ചൊല്ലും കുർബ്ബാന
സകലവുമെൻ ജോലികൾ
ശകലമില്ലാതെയിവൻ
കൈക്കൊള്ളുന്നതും.

എന്നുടെ ചങ്കിടികളും
മന്നിലെയന്ത്യശ്വാസവും
ഈശോ തന്നുമസുതൻ
നൊവിസ്യാത്തുകാർ.

ശ്രമാഗ്രഹന്മാർ താതന്മാരും
സഭാംഗങ്ങൾ യോഗാർത്ഥികൾ
മെല്ലെ ലോകം ഈശോക്കായ്-
ചൊല്ലീത്തീരിക്കാനും.

നാഥനായാത്മാക്കൾ നേടാൻ
തുനിവും ധീരതത്യാഗവും
സഹന തീഷ്ണതയുമീ-
തനയക്കേകാൻ-

മനുഷ്യരീശോയ്ക്കു ചെയ്യും
നിന്ദാപരിഹാരമായും
പതിതരജ്ഞാനികൾമാ-
നസാന്തരവും

ശുദ്ധീകരാത്മാക്കളുടെ
മോചനവും പോപ്പുരാജൻ
തന്റെ നിയോഗങ്ങളെല്ലാം
സാധിക്കുവാനും

എൻവൈരികൾ സഹായികൾ
എന്നുടെയാത്മാവും ചേലിൽ
ശുദ്ധീകരിക്കാനായി അ-
മ്മേ അപ്പിക്കുന്നു.

അമ്മേ പ്രിയമേറും നിന്റെ
ഇഷ്ടങ്ങൾ സാധിക്കാനായും
ഈശോമുമ്പിൽ കാഴ്ചവെക്കാൻ
അപേക്ഷിക്കുന്നു.

ദേവമാതാവെ നിനക്കെൻ
ജീവനും കായ്വാദിയെല്ലാം
മോദമോടപ്പിച്ചിട്ടുന്നു
രക്ഷിച്ചീടണെ.

വിധിനാഥന്റെ അമ്മ നീ
വിധിനേരത്തന്തികത്തിൽ
വന്നുനിന്നു ചേർത്തീടണെ
സ്വർഗ്ഗരാജ്യത്തിൽ.

വല്ലഭേ നീയൊഴിഞ്ഞീടിൽ
ഇല്ലെനിക്കു വേറെയാരും
അല്ലലെല്ലാം നീക്കി രക്ഷ
ചെയ്വതിനമ്മേ.

എന്റെ ദൈവം കഴിഞ്ഞാൽ നീ
എന്റെ രക്ഷക്കാശ്രയവും
എന്റെ സ്നേഹാശ്വാസമെല്ലാ
മായതും നീയെ.

നീകരംതന്നെന്നെയിന്നീ
ലോകമതിൽ തുണയ്ക്കായ്കിൽ
ആകവെയെന്നാത്മനാശം
വന്നിടും മേരി.

വഞ്ചകനായ സാത്താന്റെ
മിഞ്ചിനസാഹസം കണ്ട
അഞ്ചും നേരം വരാൻ നാഥേ
കെഞ്ചിടുന്നിവൻ.

തെറ്റുകുറ്റങ്ങളൊക്കെയും
മുറ്റിടും പാപിയാമിവൻ
ഒറ്റിക്കൊടുത്തു നാഥനെ
കുറ്റവാളി ഞാൻ.

കോപിച്ചിടാതെയീശോ
കൃപകൾ ധാരാളമായി
പാപിയിൽ ചൊരിഞ്ഞീടുവാൻ
അപേക്ഷിക്കുമ്മേ.

ഏറെ ദാനമെനിക്കീശോ
ഏറ്റമധികം തന്നിട്ടും
ഏറെ നന്മകൾ ചെയ്യാതെ
കാലം കഴിച്ചു.

കന്നിയമ്മേ ദിവ്യനാഥേ
നിന്നുടെ തനയനാകും
എന്നിൽ നിൻ ദയാസ്നേഹങ്ങൾ
ചൊരിഞ്ഞീടണെ.

16. നന്ദി
കവിത)

ചെറിയാൻ കുനിയന്തോടത്തു്

ഓരോ പ്രഭാതവും കാലം വിടർത്തുന്ന
താരിളം സൌരഭപുഷ്പം
ഓരോ നിശീഥവും കാലം രചിക്കുന്ന
തീരാത്ത സങ്കല്പകാവ്യം.

പർവ്വത മുന്നത ചിന്ത വിടർത്തുന്ന
സാഗരം ഭാവഗാംഭീര്യം
പൂന്തെന്നൽ മൂളുന്ന ജീവിതസംഗീതം
സന്ധ്യയോ സൌഭഗഭാവം

പൂഞ്ചൊല പാടുന്ന ജീവിതത്തിൽ ജയം,
പുഞ്ചയിൽ ഭാവുകഗീതം
വെൺമലർ കാട്ടുന്ന ജീവിതനൈർമ്മല്യം
വിശ്വ പ്രപഞ്ചമെ നന്ദി



17. സുന്ദരശില്പം
(കവിത)

ബ. ആൻറണി ഉരുളിയാനിക്കൽ

എത്രവിചിത്രം പ്രകൃതി നിന്നുടെ
ഈശപനേകിയ രൂപങ്ങൾ
പാവനമാമനുഭൂതി പരത്തും
നിന്നുടെ മോഹന ഭാവങ്ങൾ

പള്ളിയുറക്കമുണർന്നെഴുന്നേറ്റു
പകലോനേറെ രസത്തോടെ
പ്രകടമരീചികൾ ചിന്നിച്ചിതറീ-
ട്ടുഷസ്സിനെ മുത്തിയുണർത്തുന്നു.

മഞ്ഞിൽ മൂടിയുണരുന്നൊഴുന്നേൽക്കും
മന്നിൽ വളരും പുൽക്കൊടികൾ
വെൺപ്രഭ നൽകി പുഞ്ചിരിതൂകി
വിണ്ണിൽ സൂര്യനുദിച്ചപ്പോൾ

പലപലപറവകൾ ഭൂമിദേവിയെ
തലമൊട്ടുവാഴ്ത്തുവതെന്നോണം
ചെറു ചെറുഗണമൊട്ടനിരനിരയായി
ഉന്നതി മേലെ ഗമിക്കുന്നു.

മന്നിടമെങ്ങും തുമന്ദമേകാൻ
വന്നുപിറന്നു പൂക്കാലം
നീലക്കുന്നുകൾ പച്ചക്കാട്ടുകൾ
നീളെ പൂക്കളണിഞ്ഞല്ലൊ.

എങ്ങും പൂവ് വിരിഞ്ഞതു നോക്കീ-
ട്ടവയിലെ നറുമണമെമ്പാടും
വിതറി നടക്കും കുസൃതിക്കാറ്റാരു
കവിതയുമായിട്ടണയുന്നു.

പലനിറഗുണവും സുരഭിലമധുവും
രുചികരമധുവും താങ്ങിക്കൊ-
ണ്ടെങ്ങും കാറ്റത്താടും പൂവുക-
ളുലകിനു് സൌന്ദര്യമേകുന്നു

നീരദപാളികളുണ്ടു കിഴക്കൻ
നീലിമപൂണ്ടു വിഹായസ്സിൽ
നീരേന്തിക്കൊണ്ടങ്ങനെ പലവഴി
നീളെ നീളെ പായുന്നു.

നക്ഷത്രപ്പൂക്കുടകളണിയും
വിസ്തൃ നീലാകാശവിതാനം
പുത്തൻ മേഘവിരിപ്പു കടഞ്ഞൊരു
തല്പമൊരുക്കി വിരിക്കുന്നു.

എത്ര വിചിത്രം പ്രകൃതി നിന്നുടെ
സുന്ദരമോഹനരൂപങ്ങൾ
ഈശ്വരനാമം കഴുകിയൊഴുക്കും
നൂറായിരങ്ങളുടെ മുറുപടി നീ.

18. പൂജാപുഷ്പമായ്

(ഗാനം)

സ്റ്റീഫൻ പാറയിൽ

പൂജാപുഷ്പമായ്
പൂജ്യോപഹാരമായ്
നാഥാനിൻ സവിധത്തിൽ
നിറയും ഹൃദയമോടെ
അച്ചനയേകുവാൻ അണയുന്നു ഞാൻ (പൂജാപു ...

ബാഷ്പാംബുവോലുമെൻ പ്രാർത്ഥനാപുഷ്പവുമായ്
ഹൃദയമാം പൂജാപാത്രമുയർത്തുകയായ്
അർപ്പണമേകുവാൻ
അച്ചനചെയ്യുവാൻ
പരമാരാധനയേകാനായൊരുങ്ങുന്നുഞാൻ (പൂജാപു ..

പാപാന്ധകാരമായ് പാഴായ ജീവിതം
പാവനാത്മാവേ നീ മറക്കേണമെ
പവിത്രീകരിക്കണെ
പരിശുദ്ധമാക്കണെ
പൂർണ്ണമായെൻ പൂജാപാത്രം പുണ്യമാക്കണെ

പൂജാപുഷ്പമാ ....

19. സ്നേഹസ്വരൂപനായ്

സ്നേഹസ്വരൂപനായ്
സ്വർല്ലോകം വാഴുമെന്റെ
നാഥാ നിൻ കൈകളിൽഞാ-
നണക്കുന്നെൻ സർവ്വവും
പോകുന്നിതായിപ്പോഴറുതിവാനായ് (സ്നേഹ ...

നാനാവിധത്തിലായ് നാഥാ നീ നൽകീടുന്ന
നന്മകൾക്കായ് നന്ദിയോതീടുന്നു
വരമാരിയീ വിധം
തരണെ നിരന്തരം
ആശ്രിതരുളി നിത്യമനുഗ്രഹിക്കൂ (സ്നേഹ.....

പാപാഗ്നി ജ്വാലയെന്നിലേശായ്വാനെന്നുമെ
മിഴിനീരൊഴുക്കുമെൻ
പിഴകൾ പൊറുക്കണെ
ആനന്ദനിദ്രയെനിക്കരുളേണമെ(സ്നേഹ .....



20. പോപ്പുരാജൻ

വിലസണമധുര മനോഹര രജതായി
പാരിതിലുന്നതപാപ്പാ
സന്താപമേതുമേശാതെ നിരന്തം
മോദമിയന്നതി രാജൻ

പാവനസഭയിൽ ദീപ്തിയെവിണ്ണിൽ
താരകമേകുന്നതാതാ
പരിമളധോരണിചൊരിയും
സഭയുടെ നിർമ്മലസൂനം

വാഴണമൂഴിയിലെന്നും
അവികലമംഗളദായക പാപ്പാ
ജയ ജയ മന്നവധീരൻ
ജയഹെ --- 3 ജയ് ജയ് ജയ് ജയ് ജയഹെ



ധ്യാനക്കുറിപ്പുകൾ

1. നിന്റെ എല്ലാ ലൗകികചിന്തകളേയും അകറ്റി ഭാവനകളെല്ലാം ദിവ്യസക്രാരിയിലെ ഈശോയിൽ കേന്ദ്രീകരിക്കുക. ആ ദിവ്യപ്രകാശത്തിന്റെ വെളിച്ചത്തിൽ നിന്നുകൊണ്ട് ദിവ്യനാഥനെ നിന്റെ ഹൃദയം തുറന്ന് കാണിക്കുക. അവിടത്തോടു കുറെ നിമിഷങ്ങളെങ്കിലും ആത്മാർത്ഥമായി സംഭാഷിക്കുക. നിന്റെ കുറ്റംകുറവുകൾ, ക്രമലംഘനങ്ങൾ, പാപങ്ങൾ എല്ലാം കണ്ടുപിടിച്ച് അവിടത്തോടു ഏറ്റുപറയുക. പശ്ചാത്താപവിവശനായി അവന്റെ പൊറുതി അപേക്ഷിക്കുക; കർത്താവേ പാപിയായ എന്റെമേൽ കൃപയായിരിക്കേണമെ; മേലിൽ ഒരു പാപം ചെയ്യുംമുമ്പ് എന്നെ മരിപ്പിക്കണമെ; അങ്ങയുടെ ഇഷ്ടത്തിനൊത്തവിധം നടക്കുവാൻ എന്നെ പരിശീലിപ്പിക്കണമെ, എന്നു തുടങ്ങിയ യാചനകൾ ആവർത്തിക്കുക. പരിശുദ്ധ ദേവമാതാവിന്റേയും വിശുദ്ധ യൌസേപ്പിതാവിന്റേയും മദ്ധ്യസ്ഥം തേടുക. ഗാഗുൽത്താമലയിൽ കുരിശിൽ തൂങ്ങിക്കിടക്കുന്ന കർത്താവിന്റെ മുമ്പിൽ ആത്മനാ നിന്നുകൊണ്ട് "ഈശോയെ അങ്ങയുടെ രാജ്യത്തിൽ ചെല്ലുമ്പോൾ, മഹാപാപിയും ദുഷ്ടനുമായ എന്നേയും ഓർക്കണമെ; എന്റെ ദുഷ്കൃതങ്ങളും പാപങ്ങളും ക്ഷമിക്കേണമെ" എന്നു ഇടയ്ക്കിടെ പ്രാർത്ഥിക്കുക.

2. നമ്മുടെ കർത്താവിന്റെ പരസ്യജീവിതത്തിൽ അവിടുത്തെ ഒരു നോക്ക് കാണുവാൻ കൊതിച്ച് അവിടുന്നു വരുന്ന വഴിയരികിലുള്ള ഒരു കാട്ടത്തിവൃക്ഷത്തിൽ കയറിയിരിക്കുന്ന ഹ്രസ്വകായനായ സക്കേവൂസിനെ സൂതിപഥത്തിൽകൊണ്ടുവരുക. നമ്മുടെ കർത്താവു കടന്നുപോകുമ്പോൾ ആ കാട്ടത്തിവൃക്ഷത്തിന്റെ അരുകിൽ നിന്നുകൊണ്ട് "സക്കേയൂ ഇറങ്ങി വരുക. ഇന്നു നിന്റെ വീട്ടിൽ

ഞാൻ അത്താഴം കഴിക്കും'' എന്നു് പറയുന്നു. ചുങ്കക്കാര നായ സക്കേവൂസ് പറയുകയാണു്. ''എന്റെ കർത്താവെ ഞാൻ പിടിച്ചുപറിക്കാരനും, വഞ്ചകനും, ദുഷ്ടനുമായ ഒരു മഹാപാപിയാണു്. എന്റെമേൽ കരുണതോന്നി എന്റെ ഘോരപാപങ്ങൾ പൊറുക്കേണമെ. ഞാൻ അന്യായമായി സമ്പാദിച്ചവയെല്ലാം, ഓരോരുത്തർക്കും നാലിരട്ടിവീതം തിരിച്ചു് കൊടുത്തുകൊള്ളാം''. പശ്ചാത്താപവിവശനായ സക്കേയോടു് കർത്താവു് ''ഇന്നു് ഈ വീടിനു് രക്ഷയുണ്ടായി'' എന്നു്പറഞ്ഞു് അനുഗ്രഹിക്കുന്ന രംഗവും വീക്ഷിക്കുക. നീയും ദൈവത്തിന്റെ ദിവ്യപ്രകാശത്തിൽ നിന്നുകൊണ്ടു്, നിന്റെ തെറ്റുകുറ്റങ്ങൾ ഏറ്റുപറഞ്ഞു് അവസ്സു് പരിഹാരം ചെയ്യുക.

3. ബസ്സഹമിലെ ഒരു കാലിക്കുട്ടിൽ നമ്മുടെ പാപങ്ങൾക്കു് പരിഹാരമനുഷ്ഠിക്കാനായി മനുഷ്യാവതാരം ചെയ്ത ഈശോയുടെ മുമ്പിൽ നിന്നുകൊണ്ടു് കുറെ നിമിഷങ്ങൾ ധ്യാനിക്കുക. മാഗോഖാമാരുടെ സംഗീതങ്ങളും, ആട്ടിടയന്മാർ വന്നു് ആരാധിക്കുന്നതും ഒരാട്ടിൻകുട്ടിയെ ഉണ്ണിക്കു് കാഴ്ചവെയ്ക്കുന്നതും മനസ്സിൽ കാണുക. ഭക്തിപാരവശ്യത്തിൽ മുഴുകിനിൽക്കുന്ന പരിശുദ്ധ കന്യകാമറിയത്തെയും വിശുദ്ധയൗസേപ്പിതാവിനേയും സർവ്വോപരി, പിള്ളക്കച്ചകളാൽ ചുറ്റപ്പെട്ടു് അഴകിയ വൈക്കോലിന്റെ ദുർഗ്ഗന്ധം സഹിച്ചു് കിടക്കുന്ന ഉണ്ണീശോയേയും സ്മൃതിപഥത്തിൽ കൊണ്ടുവരിക.

ഗാനം

മഞ്ഞുപൊഴിയുന്നരാത്രിയിൽ
മന്നിന്റെ പുത്രൻ ജനിച്ചു (ഹാ-ഹാ-)
സ്വർഗ്ഗത്തിൽനിന്നും വന്നു പിറന്നു.
ദൈവത്തിൻ പുത്രൻ മന്നിൽ പിറന്നു.

(മഞ്ഞു .....)

മാലാഖാമാർ വന്നുനോക്കി ചിരിച്ചു.
മന്നിൽ മനുഷ്യന്റെ പാപം തളർന്നു
നക്ഷത്രക്കുട്ടങ്ങൾ പൊട്ടിച്ചിരിച്ചു
മന്നിൽ പുതിയൊരു ദീപം തെളിഞ്ഞു (മഞ്ഞു.....)

മുന്നു് രാജാക്കന്മാരെ ബെസ്ലഹത്തെയ്ക്കു് വിളിച്ച വിളിയും നിന്റെ സന്യാസവിളിയും ഒന്നു് വിശകലനം ചെയ്യുക. ഉണ്ണിയേശുവിന്റെ പിറവിയ്ക്കു് ശേഷം അത്ഭുത നക്ഷത്രം മുന്നു് രാജാക്കന്മാരുടെ ദൃഷ്ടിക്കു് ഗോചരീഭവിക്കുന്നു.

ശാസ്ത്രജ്ഞന്മാരായ അവർ രാജകൊട്ടാരവും അതിലെ സുഖസൗകര്യാദികളും, ഭാര്യാപുത്രകളത്രാദികളും ഉപേക്ഷിച്ചു്, വീതിവിസ്താരമുള്ള രാജവീഥിയിലൂടെ യാത്ര തുടരുന്നു. കുറേക്കഴിഞ്ഞപ്പോൾ ഇടുങ്ങിയ വഴിയായി; കുറേക്കൂടികഴിഞ്ഞപ്പോൾ കല്ലുകൾനിറഞ്ഞ വഴിയായി; പിന്നേയും കുറേ ചെന്നപ്പോൾ വഴിയില്ലാതെ കുറേക്കാടുകളായി; കുറേക്കൂടി പിന്നിട്ടപ്പോൾ വനമായി; അപ്പോൾ സേവകർ 'നമുക്കു മടങ്ങിപ്പോകാമെന്നു് പറഞ്ഞിട്ടും നിർവീര്യരാകാതെ അത്ഭുതനക്ഷത്രത്തെ ലക്ഷ്യമാക്കി രാജാക്കന്മാർ വളരെ കഷ്ടപ്പെട്ടു് യാത്ര തുടർന്നു. ഭയങ്കരമായ വനങ്ങളേയും പിന്നിലാക്കി ഹേറോദേസിന്റെ കൊട്ടാരത്തിന്റെ സമീപം എത്തുന്നു. ദുഷ്ടനും, വക്രബുദ്ധിയും, അനീതിക്കാരനും ഗർവ്വിഷ്ടനുമായ ഹേറോദേസിന്റെ അരമനപരിസരങ്ങളിൽ അവർ പ്രവേശിച്ചുടനെ അത്ഭുത നക്ഷത്രം അപ്രത്യക്ഷമായി. തുടർന്നു് അവർ അത്ഭുതശിശു പിറന്നിരിക്കുന്നതെവിടെയാണെന്നു് ഹേറോദേസിനോടു് ചോദിക്കുന്നു. ഹേറോദേസു് ജ്യോതിശാസ്ത്രജ്ഞന്മാരേയും, മൂപ്പന്മാരേയും അടുപ്പിച്ചുവരുത്തി തിരുവെഴുത്തുകൾ പരിശോധിപ്പിച്ചു് ആലോചിച്ചശേഷം ബെസ്ലഹമ്മിലാണു് അത്ഭുതശിശു പിറക്കാൻ

സാദ്ധ്യതയെന്ന നിഗമനത്തിലെത്തുന്നു. അപ്പോൾ ഉണ്ണീശോയെ കൊല്ലണമെന്നുള്ള കാപട്യം മറച്ചുകൊണ്ട് ഹേറോദേസ്, "നിങ്ങൾ പോയി ശിശുവിനെക്കണ്ടശേഷം മടങ്ങിവന്നു് എന്നോടു് വിവരങ്ങൾ പറയുക, എനിക്കുപോയി ആ ശിശുവിനെക്കണ്ടു് ആരാധിക്കണം". എന്നു് പറഞ്ഞയയ്ക്കുന്നു. മുന്നു് രാജാക്കന്മാർ യാത്ര തുടർന്നു് ഹേറോദേസിന്റെ ഭരമനയ്ക്കു് സമീപത്തുനിന്നു് നീങ്ങിയപ്പോൾ അപ്രത്യക്ഷമായിരുന്ന നക്ഷത്രം വീണ്ടും അവർക്കു് പ്രത്യക്ഷമായി. അവർ ബെത്സ്ലഹത്തുചെന്നു് കാലിക്കൂട്ടിൽ വയ്ക്കോലിൽ കിടക്കുന്ന ശിശുവിനെ കണ്ടു. അവരുടെ കാഴ്ചവസ്തുക്കളായ, പൊന്നും, മൂരട്ടം, കുന്തിരിക്കവും പൊന്നുണ്ണിക്കു് കാഴ്ചയണച്ചു് ഭക്തിയിൽ ലയിച്ചു പ്രാർത്ഥിക്കുന്നു.

ഉറക്കത്തിൽ അവർക്കു് ദിവ്യദൂതൻ കാണപ്പെട്ടു് മടക്കയാത്രയെപ്പറ്റിയുള്ള നിർദ്ദേശങ്ങൾ നൽകി. അതുപ്രകാരം അവർ സ്വന്തം രാജ്യങ്ങളിലേക്കു മടങ്ങി. അവർ സ്വസുഖം അവരവരുടെ നാടുകളിൽ എത്തി, തങ്ങൾ കണ്ട വിസ്മയാവഹങ്ങളായ കാര്യങ്ങൾ ജനങ്ങളെ പറഞ്ഞുകേൾപ്പിക്കയും, ജനങ്ങളിൽ വളരെപ്പേർ യേശുവിൽ വിശ്വസിക്കുകയും ചെയ്തു. വീതിവിസ്താരമുള്ള വഴി ദൈവചിന്തയില്ലാതെ സുഖലോലുപതയിൽ മുഴുകി ജീവിച്ചു മരിക്കുന്ന ധനവാന്മാർക്കും, ദുഷ്ടന്മാർക്കും നരകത്തിലേക്കു് പോകാനുള്ള വഴിയാകുന്നു. ഇടുങ്ങിയ വഴിയും, വഴിയില്ലാത്ത വനപ്രദേശങ്ങളും രാജാക്കന്മാർ തരണംചെയ്തതുപോലെതന്നെ ദൈവഭയമുള്ള ഭക്താത്മാക്കൾ, പ്രാർത്ഥന, പ്രായശ്ചിത്തം, ഇച്ഛാനിഗ്രഹം, വിനയം, കുരിശുകൾ ഇവയുള്ള വഴിയിൽക്കൂടി ബുദ്ധിമുട്ടി നടന്നാൽ അവരുടെ മരണനേരത്തുണ്ടാകാവുന്ന സൌഭാഗ്യവും സന്തോഷവും അളവില്ലാത്തതാണെന്നും വ്യക്തമാക്കുന്നു. അതോടൊപ്പം, ഓരോരുത്തരും മോക്ഷത്തിൽ

ചെന്നുചേരുവാനുള്ള വഴി ദുർഘടം നിറഞ്ഞതും, ഇടുങ്ങിയ തുമാണെന്നും നമ്മെ പഠിപ്പിക്കുന്നു.

ഹേരോദേസ് മൂന്ന് രാജാക്കൾ മടങ്ങി വരാതായപ്പോൾ കോപവെറി പൂണ്ട് പട്ടാളക്കാരെ വരുത്തി, ബെസ്ലഹമിലും പരിസരങ്ങളിലുമുള്ള മൂന്ന് വയസ്സിനു താഴെയുള്ള സകല ആൺകുട്ടികളേയും കൊല്ലുവാൻ ആജ്ഞാപിച്ചു. അന്ന് രാത്രിയിൽ ദൈവദൂതൻ വിശുദ്ധയൗസേപ്പിനു കാണപ്പെട്ട്, "കുട്ടിയേയും തള്ളയേയും വിളിച്ചുണർത്തി ഉടനെ യാത്രചെയ്ത് ഈജിപ്തിലെത്തി ഇനി അറിയിക്കുന്നതുവരെ ഈജിപ്തിൽ വസിക്കുക." എന്നരുളിചെയ്തു. യൗസേപ്പ് അർദ്ധരാത്രിയിൽ യാതൊരാവലാതിയൊ, പരുപരുപ്പോ കൂടാതെ ഈജിപ്തിലേക്ക് മാതാവിനേയും ഉണ്ണീശോയേയും വിളിച്ചുണർത്തി യാത്ര തുടങ്ങി, ഈജിപ്തിലെത്തുന്നു. അങ്ങനെ ഹേരോദേസിന്റെ കൈക്കൽനിന്നു ഈശോയെ രക്ഷിക്കുന്നു. നിന്റെ ജീവിതത്തിൽ നിനക്കു രുചികരമല്ലാതെ നേരിടുന്ന സകലത്തിലും ദൈവതിരുമനസ്സിനു കീഴ്പ്പെട്ട് തിരുക്കടാംബം ചെയ്തതുപോലെ ചെയ്യുന്നതായാൽ സ്വർഗ്ഗരാജ്യത്തിലേക്കു നീ നിധികൾ ശേഖരിക്കുകയാണെന്നോർത്തുകൊള്ളുക. നിനക്കു അരുചികരമായവ ക്ഷമയോടെ നീ സഹിക്കുന്ന ഓരോ സന്ദർഭത്തിലും ഒന്നിനു നൂറിരട്ടി പ്രതിഫലം സ്വർഗ്ഗത്തിൽ നല്ലവനായ ദൈവം നിനക്കു നൽകുന്നതാണെന്നും വിശ്വസിക്കുക.

4. നിന്നെ മുഴുവനായി ദൈവത്തിനു കൊടുക്കുക. ഭൂമിയിലുള്ള മറ്റൊരുതരം വസ്തുവിനേക്കാൾ കൂടുതലായി ദൈവത്തെ സ്നേഹിക്കുക. ദൈവം എപ്പോഴും നിന്റെ നാവിലും ഹൃദയത്തിലും വസിക്കട്ടെ. നിന്റെ സഹവാസികളേയും, ഭൂമുഖത്തുള്ള സകലരേയും (നിരീശ്വരന്മാരേയും) മാനസാന്തരപ്പെടുത്തുവാൻ വേണ്ടി ദൈവത്തോടു നി

രന്തരം നീ പ്രാർത്ഥിക്കുക. അവരേയും ദൈവത്തിലേയ്ക്ക് അടുപ്പിക്കുക. അവക്ക് നിന്നാൽ കഴിവുള്ള സഹായങ്ങൾ ചെയ്തുകൊടുക്കുക. യാതൊന്നിനേയും ദൈവത്തെക്കാൾ കൂടുതലായി നീ സ്നേഹിക്കരുതു്. നിന്റെ ഊണിലും, ജോലിയിലും, യാത്രയിലും, ഉറക്കത്തിലും, ദൈവനാമം ഇടക്കിടെ ചൊല്ലുക. മറിച്ചു്, ദൈവത്തിൽ കൂടുതലായി, മറ്റെന്തിനെയെങ്കിലും നീ സ്നേഹിക്കുന്നെങ്കിൽ നിന്റെ മരണനേരത്തു് നീ ദുഃഖിക്കേണ്ടിവരും.

ഐർലണ്ട്കാരിയായ പാവപ്പെട്ട, മാർഗ്ഗരറ്റ് എന്ന ഒരു മദാമ്മ, അമേരിക്കയിൽ പോയി കഷ്ടപ്പെട്ടു് ജോലിചെയ്തു് നൂറു് ഡോളർ സമ്പാദിച്ചു. അവർ ആ നൂറു് ഡോളറുമായി ഇടവക വികാരിയെ സമീപിച്ചു പറഞ്ഞു "അച്ചാ ഈ നൂറു് ഡോളർ ഐർലണ്ടിൽ കഷ്ടപ്പെട്ടു കഴിയുന്ന പാവങ്ങൾക്കായി അയച്ചുകൊടുക്കണമെ" എന്നു്. അച്ചൻ അവരോടു് "നിങ്ങളുടെ മേൽ വിലാസം തരിക" എന്നാവശ്യപ്പെട്ടു. അപ്പോൾ ആ മദാമ്മ പറഞ്ഞു "അച്ചാ, മേൽവിലാസം ഒന്നും വേണ്ടാ. ഞാൻ കൊടുക്കുന്നതു് ദൈവം മാത്രം അറിഞ്ഞാൽ മതി." എന്നു്. നീയും എന്തെങ്കിലും കൊടുക്കുന്ന അവസരത്തിൽ ഇതുപോലെ കൊടുക്കുക. നല്ലവനായ ദൈവം നിനക്കു് പ്രതിഫലം നൽകും.

ഒരു സ്ത്രീ തനിക്കുണ്ടായിരുന്ന സമ്പാദ്യമെല്ലാം പണമാക്കി ഒരു കാൽപെട്ടിയിൽ സൂക്ഷിച്ചുവച്ചു. ഇടക്കിടെ കാൽപെട്ടി തുറന്നു് പണം കണ്ടു് സന്തോഷിച്ചുവന്നു. കാലത്തിന്റെ നീക്കത്തിൽ ശക്തിയായ അതിവർഷത്താൽ പെട്ടെന്നു് വെള്ളം പൊങ്ങി. ആറുതീരത്തു് താമസിച്ചിരുന്ന ആ സ്ത്രീയുടെ വീട്ടിലും മലവെള്ളം കയറി. ഗത്യന്തരമില്ലാതെ വന്നപ്പോൾ പണപ്പെട്ടിയുടെ കാൽ പിടിച്ചുകൊണ്ടിരുന്ന ആ സ്ത്രീ ഒഴുക്കിൽപെട്ടു് ആറ്റിലായി.

എങ്കിലും കാൽപ്പെട്ടിയിൽ പിടി മുറുക്കിക്കൊണ്ട് മരിച്ചു. ആറ്റിൽ സാധനങ്ങൾ പിടിക്കാൻ കൊച്ചുവള്ളവുമായി ചെന്നവർ ഒരു കാൽപെട്ടിയും പിടിച്ച് ഒഴുകിവരുന്ന ഒരു സ്ത്രീയുടെ ശവം കണ്ടു. അവർ അടുത്തുചെന്നു് സ്ത്രീയുടെ ശവത്തിൽ നിന്നും കാൽപെട്ടി വിടുവിച്ചെടുത്തു് കരയിൽ കൊണ്ടുവന്നു് തുറന്നുനോക്കിയപ്പോൾ ധാരാളം പണമുണ്ടായിരുന്നു. അവർ അതു് പങ്കുവച്ചെടുക്കുകയും ചെയ്തു. ദൈവത്തെക്കാൾ കൂടുതലായി മറെറാന്നിനെയെങ്കിലും സ്നേഹിക്കുന്നവക്കു് ഈ സ്ത്രീയുടെ അനുഭവമാണു് മരണനേരത്തു് ലഭിക്കാനിരിക്കുന്നതെന്നു് എപ്പോഴും ഓർത്തുകൊള്ളുക.

5. കാൽവരി മലയിൽ കുരിശിൽ തൂങ്ങിക്കിടക്കുന്ന കർത്താവിന്റെ മുമ്പാകെ മുഴങ്കാലൂന്നിനിന്നു് നിന്റെ ചെറുപ്പകാലം മുതൽ നിരുപണയാലും, വചനത്താലും പ്രവൃത്തിയാലും, രാത്രിയും, പകലും ചെയ്തുപോയ പാപങ്ങളെ ഓർമ്മയിൽ കാണുക. പശ്ചാത്താപവിവശനായി നമ്മുടെ കർത്താവിനോടു് മാപ്പപേക്ഷിക്കുക. മേലിൽ മരിക്കേണ്ടിവന്നാലും ഒരു പാപം ചെയ്തുയില്ലെന്നു് ഉറപ്പായ പ്രതിജ്ഞയും ചെയ്യുക. നിന്റെ സഹോദരങ്ങളേയും മറ്റുള്ളവരേയും വേദനിപ്പിച്ചിട്ടുള്ളതും, അന്യരുടെ നന്മയിൽ ഉണ്ടായിട്ടുള്ള അസൂയയും എല്ലാമെല്ലാം നമ്മുടെ കർത്താവിന്റെ ദിവ്യപ്രകാശത്തിൽ കണ്ടുകൊണ്ടു് ഉത്തമമനസ്താപത്തോടെ മാപ്പപേക്ഷിക്കുക. അവയെല്ലാം പരിഹാരമായി പുണ്യപരവും പ്രാർത്ഥനാപരവുമായ മാതൃകാപരവുമായ ഒരു ജീവിതം മേലിൽ കഴിക്കുക.

ഗാനം.

കാൽവരി മലയിൽ കരളിൽ പൂക്കും
കുങ്കുമമലരുകൾ കോർക്കുമ്പോൾ
ഞങ്ങൾക്കായു് നിണധാരയൊഴുക്കിയ
നിൻതിരു നാമം വാഴ്ത്തും ഞാൻ (കാൽവരി ....)

നശ്വര ജീവിത മധുരിയിൽ മുങ്ങിയ
മർത്യനെ മർത്യനാക്കുമ്പോൾ
സ്നേഹ വിപഞ്ചിക മീട്ടിയ നിന്നുടെ
ശാശ്വതസത്യം വാഴ്ത്തും ഞാൻ (കാൽവരി .....)

വേദന ജീവിതയാതന നീറും
വേദനകൊണ്ടു പിടച്ചപ്പോൾ
കരുണതൻ കിരണങ്ങൾ മന്നിതിനേകിയ
നിൻതിരുനാമം പാടും ഞാൻ (കാൽവരി .....)

എന്റെ ഈശോയെ, നിരുപണ, വചനം പ്രവൃത്തി എന്നിവമൂലം ഞാൻ ചെയ്ത ഘോരമായ പാപങ്ങളെല്ലാം പൊറുക്കേണമെ. ശിഷ്ടായുസ്സിൽ എന്റെ പാപങ്ങൾക്കു് പരിഹാരം ചെയ്യും പ്രാർത്ഥന പ്രായശ്ചിത്തം ത്യാഗങ്ങളാൽ പുണ്യമായി ജീവിക്കാനുള്ള അനുഗ്രഹവും എനിക്കു് തരേണമെ.

6. ഒരൊറ്റ നിരുപണയാലുള്ള പാപത്തിനു് ശിക്ഷയായി മാലാഖാമാർ പിശാചുക്കളായിത്തീരുകയും നിത്യനരകത്തിനു് അവകാശികളാവുകയും ചെയ്തു. ഒരൊറ്റ കല്പന ലംഘിച്ചതിനു് ആദിമതാപിതാക്കളെ അവരുടെ സകല ആനുകൂല്യങ്ങളും റദ്ദാക്കി 'നിങ്ങളുടെ നെറ്റിയിലെ വിയർപ്പുകൊണ്ടു് ഉപജീവനം തേടുക' എന്നുപറഞ്ഞു പറുദീസായിൽനിന്നും പുറത്താക്കി; ആ നല്ല ദൈവത്തിന്റെ സന്നിധിയിൽ നിന്നുകൊണ്ടു് നമ്മെത്തന്നെ പരിശോധിക്കുക. ലജ്ജയാലോ, ഭയത്താലോ, മറവിയാലോ നീ ഏറ്റു പറഞ്ഞു് കുമ്പസാരിച്ചിട്ടില്ലാത്ത നിന്റെ പാപങ്ങളെ വിശദമായി വൈദികന്റെ പക്കൽ ഏറ്റുപറഞ്ഞു് ഉത്തമ മനസ്താപപ്പെട്ടു് പൊറുതി അപേക്ഷിക്കുക. ഇനി എല്ലാ സ്പോഴും പാപസാഹചര്യങ്ങളിൽനിന്നു് ഒഴിഞ്ഞുമാറുക. ല

ഭയത്തോ ഭയത്താലോ മറച്ചുവച്ച പാപങ്ങളുണ്ടെങ്കിൽ അവ മറച്ചുവച്ച് കുമ്പസാരിച്ച വിവരവും തെളിവായി പറയുക. ഇനിയും നിന്റെ പാപങ്ങൾ മറച്ചുവയ്ക്കുന്നെങ്കിൽ, അന്ത്യവിധിക്കായി വാനമേഘങ്ങളിൽ പ്രതാപവാനായി നമ്മുടെ കർത്താവ് എഴുന്നള്ളി വരുമ്പോൾ സമസ്തജനകോടികളുടേയും മുമ്പാകെ നിന്റെ സകല പാപങ്ങളും വെളിപ്പെടുത്തുമെന്നും നീ ലജ്ജിതനായി നിത്യ നരകത്തിൽ നിപതിക്കുമെന്നും ഓർത്തുകൊള്ളുക.

നാം ദൈവത്തിനു് ഇഷ്ടപ്പെട്ടവരാകാൻ ആഗ്രഹിക്കുന്നെങ്കിൽ ദൈവത്തിന്റേയും സഭയുടേയും പ്രമാണങ്ങളും, കല്പനകളും, ക്രമങ്ങളും ലംഘിക്കാതിരിക്കാൻ ജാഗ്രതയുള്ളവരായിരിക്കണം. നമുക്കു് നേരിടുന്ന കുരിശുകൾ, അപമാനങ്ങൾ, പ്രകൃതി പ്രദാനം ചെയ്യുന്ന അത്യുഷ്ണം, അതിശൈത്യം എന്നിവയെല്ലാം സന്തോഷത്തോടും സമചിത്തതയോടുംകൂടി മിശിഹായെപ്രതി സഹിക്കേണ്ടതാകുന്നു. മറിച്ചു്, കാണുന്നവരോടൊക്കെ അവയെപ്പറ്റി പരാതിയും ആവലാതിയും പറഞ്ഞു് നടക്കുന്നവനു് യാതൊരു ഫലവും ലഭിക്കയില്ലെന്നു മാത്രമല്ല, അവയുടെ ഫലം നഷ്ടപ്പെടുകയും നിർബന്ധത്താൽ അവ സഹിക്കേണ്ടതായും വരുന്നു.

ദൈവസ്നേഹവും പരസ്നേഹവുമുള്ള ഒരുവൻ ദൈവം സൃഷ്ടിച്ചിട്ടുള്ള സകലതിലും, തന്റെ സഹവാസികളിലും ഈശോയെ ദർശിച്ചുകൊണ്ടു്, അവർക്കു് ചെയ്യുന്ന ഓരോ സഹായവും ഈശോയ്ക്കു് തന്നെയാണു് ചെയ്യുന്നതെന്ന വിശ്വാസത്തോടെയും ആവശ്യപ്പെടുന്നവകളെല്ലാം ചെയ്തു കൊടുക്കുന്നു. ഏതു ചീഞ്ഞഴിഞ്ഞ വ്രണവും കഴുകിക്കെട്ടാനും ഏതു ദുർഗന്ധം വമിക്കുന്ന രോഗിയേയും ശുശ്രൂഷിക്കാനും സന്നദ്ധനായിരിക്കും. ഇങ്ങനെയുള്ള സംരംഭങ്ങളിൽ വെറുപ്പും പ്രയാസവും നമുക്കു് അനുഭവപ്പെടുകയാണെങ്കിൽ, വിശുദ്ധ

കർബ്ബാനയിൽ നാം ഉൾക്കൊള്ളുന്ന ഈശോയെ അവരിൽ കണ്ടുകൊണ്ട് ചെയ്യുക. സത്യമതസ്ഥനോ ദുഷ്ടനോ, ശത്രുവോ, നിരീശ്വരനോ, ആരായാലും താരതമ്യവിവേചനം കൂടാതെ ചെയ്യുന്നവനാണു്, ഈശോയിൽ ശ്രുപാന്തരീഭവിച്ചു്, ഈശോയെ തന്റെ ഹൃദയത്തിൽ എപ്പോഴും വഹിച്ചുകൊണ്ടു് നടക്കുന്നവൻ. നല്ല ഈശോ, അവരിൽ പ്രസാദിക്കുകയും എത്ര വിഷമരമായ ശുശ്രൂഷയും അവൻ മധുരതരമാക്കിത്തീർക്കയും ചെയ്യും. ഈ പ്രവൃത്തികളാൽത്തന്നെ മോക്ഷരാജ്യം അവൻ കൈവശമാക്കുന്നു.

ശുശ്രൂഷിക്കുമ്പോൾ പ്രതിഫലേച്ഛകൂടാതേയും, ഏറ്റം പാവപ്പെട്ടവർക്കും അവശർക്കും അഗതികൾക്കും നിരീശ്വരന്മാർക്കും മുൻഗണന കൊടുത്തും ശുശ്രൂഷിക്കുക. സജീവവിശ്വാസമുള്ളവർ കർത്താവു് ആവശ്യപ്പെടുന്നതു് എന്തും കൊടുക്കുന്നു. പൂർവ്വപിതാവായ അബ്രാഹം തനിക്കു് ലഭിച്ച ഏകമകനെ ദൈവം ആവശ്യപ്പെട്ടതനുസരിച്ചു് വിറകു് കെട്ടും കത്തിയും എടുത്തു് മകനേയുംകൂട്ടി ബലികഴിക്കാൻ നിശ്ചയിക്കപ്പെട്ട സ്ഥലത്തു് കൊണ്ടുപോയി വിറകുകൾ അടുക്കിയശേഷം മകനെ പിടിച്ചു് കാലും കൈയും കെട്ടി ബലിപീഠത്തിൽ കിടത്തുന്നു. കത്തിയെടുത്തു് മകനെകൊല്ലാനായി ഉയർത്തുന്നു. ഉടനെ മാലാഖാ പ്രത്യക്ഷപ്പെട്ടു് "അബ്രാഹം നിന്റെ മകനെ കൊല്ലരുതു്. ദൈവം നിന്നിൽ പ്രസാദിച്ചിരിക്കുന്നു. അടുത്തുള്ള വള്ളിക്കുടിലിൽ ഉടക്കി കിടക്കുന്ന ആടിനെ പിടിച്ചു് നിന്റെ ബലി നിറവേറുക" എന്നു് പറഞ്ഞു. ഉടനെ ദൈവം അബ്രാഹത്തോടു് പറയുന്നു "ഞാൻ നിന്നിൽ പ്രസാദിച്ചിരിക്കുന്നു. കടൽത്തീരത്തെ മണൽത്തരിപോലെയും ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും നിനക്കു് മക്കൾ വർദ്ധിച്ചു് പെരുകും"

യോബ്. യോബിനെ പരീക്ഷിക്കാൻ പിശാചിനെ ദൈവം അനുവദിച്ചു. ആദ്യം യോബിന്റെ കൃഷികളെല്ലാം പിശാച് നശിപ്പിച്ചു. അതു കേട്ടപ്പോൾ യോബ് പറയുന്നു "ദൈവം തന്നു ദൈവം എടുത്തു. ദൈവത്തിന്റെ തിരുനാമം വാഴ്ത്തപ്പെടട്ടെ". പിന്നെ പിശാച് യോബിന്റെ മൃഗാദികളെയെല്ലാം നശിപ്പിച്ചു. അപ്പോഴും യോബ് "ദൈവം തന്നു ദൈവം എടുത്തു ദൈവത്തിന്റെ നാമം വാഴ്ത്തപ്പെടട്ടെ" എന്നു സമാശ്വസിച്ചു. യോബിന്റെ മക്കളെല്ലാം മരിച്ചു. അപ്പോഴും "ദൈവം തന്നു ദൈവം എടുത്തു. ദൈവത്തിന്റെ തിരുനാമം വാഴ്ത്തപ്പെട്ടതാകട്ടെ" എന്നു വീണ്ടും പറയുന്നു. യോബിന്റെ ശരീരം മുഴുവൻ ഏകവ്രണമായി പുഴുത്തു അസഹനീയമായ വേദന അനുഭവിച്ചുകൊണ്ടിരുന്നപ്പോഴും "ദൈവം തന്നു. ദൈവത്തിന്റെ തിരുനാമം വാഴ്ത്തപ്പെടട്ടെ." എന്നുമാത്രം യോബ് പറഞ്ഞു. പിശാച് തോറ്റു ലജ്ജിതനായി മറഞ്ഞു പോയി. ദൈവം യോബിൽ പ്രസാദിച്ചു. മുമ്പുണ്ടായിരുന്നതിലും ഇരട്ടിയായി കൃഷികളും, ഒട്ടകാദിമൃഗങ്ങളും, മക്കളും ശരീരകാന്തിയും, യോബിനു ദൈവം കൊടുത്തു. നീയും ദു:ഖസങ്കടങ്ങളും, രോഗങ്ങളും പീഡകളും വരുമ്പോൾ സന്തോഷത്തോടുകൂടി യോബിനെപ്പോലെ ദൈവത്തെ സ്തുതിച്ചാൽ നിത്യാനന്ദസ്വർഗ്ഗം നിനക്കു സമ്മാനമായി കിട്ടുന്നതാണെന്ന വിശ്വാസത്തോടുകൂടി എല്ലാ അനർത്ഥങ്ങളും സഹിക്കുക.

8. ഒരുയഹൂദ ഉദ്യോഗസ്ഥനു തന്റെ അയൽവാസിയായ ഒരു വിധവ ഒരു തുള്ളി വെള്ളം ചേർക്കാതെ ഒരു കൂപ്പി പാലുവീതം നീണ്ട പത്തുകൊല്ലം കൊടുത്തിരുന്നു. വിലയും വാങ്ങി. പത്തുകൊല്ലം കഴിഞ്ഞദിവസം അയാൾ ആ വിധവയെ വിളിപ്പിച്ചു ചോദിക്കുന്നു. "നിങ്ങൾ എനിക്കു പത്തുകൊല്ലവും വെള്ളം ചേർക്കാത്ത പാലു തന്നുവല്ലൊ. ഒരു തുള്ളി വെള്ളം ചേർക്കാതെ പാലു തരാൻ

നിങ്ങളെ പ്രേരിപ്പിച്ച ശക്തി എന്താണെ'' വിധവ മറുപടി പറയുന്നു. ഞങ്ങളുടെ മതസ്ഥാപകനായ മിശിഹാ കളവും ചതിയും ചെയ്യരുതു് സത്യസന്ധതയോടെ എല്ലാറ്റിലും വർത്തിക്കണം എന്നു് പഠിപ്പിച്ചിരിക്കുന്ന ഞങ്ങളുടെ ദൈവവിശ്വാസത്തിന്റെ പ്രേരണകൊണ്ടാണു''. വിധവയുടെ വചനങ്ങളാൽ ആകർഷിക്കപ്പെട്ടു് അയാൾ ക്രൈസ്തവഗ്രന്ഥങ്ങൾ വായിക്കുകയും ഒടുവിൽ ക്രിസ്തുമതം അവലംബിക്കുകയും ചെയ്തു.

ഒരു കുട്ടി റാങ്കു വാങ്ങിക്കണമെന്നുള്ള ഉദ്ദേശത്തോടെ അദ്ധ്വാനിച്ചു് പഠിക്കുന്നു. ഓരോ മനുഷ്യനും അവനവനു് ഹിതകരമായവയിൽ വിജയം വരിക്കാൻ അശ്രാന്തം പരിശ്രമിക്കുന്നു; മുഴുവൻ പ്രത്യാശയും ആ വിഷയത്തിൽ കേന്ദ്രീകരിക്കുന്നു. എന്നാൽ ഒരു സന്യാസിയുടെ പ്രത്യാശ എല്ലാം ഉപേക്ഷിച്ചു് ദൈവത്തിൽ ലയിക്കുന്നതിലാണു് കേന്ദ്രീകരിക്കേണ്ടതു്. പുണ്യപ്രവൃത്തികളും, ആശയടക്കങ്ങളും, തപസ്സും ചെയ്തുകൊണ്ടു് ഓരോ ഈശോമാരായി രൂപാന്തരീകരണം പ്രാപിക്കുന്നതിലാണു് ഓരോ സന്യാസിയും ശ്രദ്ധിക്കേണ്ടതു്. അതിനുവേണ്ടി നിന്ദാപമാനങ്ങളോ പാടുപീഡകളൊ അല്ലാ സഹിക്കുന്നതൊന്നും, അധികമായി പോകയുമില്ല. ഇങ്ങനെ ജീവിതം നയിക്കുന്നവർ അന്ത്യവിധിനേരത്തിൽ ''എനിക്കു് പ്രിയപ്പെട്ടവരെ വരുവിൻ നിങ്ങൾക്കു് വേണ്ടി സജ്ജമാക്കിയിരിക്കുന്ന സ്വർഗ്ഗീയാനന്ദത്തിലേക്കു് പ്രവേശിക്കുവിൻ'' എന്ന നമ്മുടെ കർത്താവിന്റെ മാധുര്യമുള്ള വിളികേട്ടു് നിത്യാനന്ദഭാഗ്യത്തിൽ പ്രവേശിക്കും. മറിച്ചു്, ദൈവത്തിന്റെ കല്പനകളെ ലംഘിച്ചു്, നടന്നിരുന്ന ഇടത്തുഭാഗത്തുള്ളവർ അന്ത്യവിധിനേരത്തിൽ ''ശപിക്കപ്പെട്ടവരെ പിശാചിനും അവന്റെ അനുയായികൾക്കുമായി സജ്ജമാക്കിയിട്ടുള്ള നരകത്തിലേക്കു് (നിത്യാഗ്നിയിലേക്കു്) പോകുവിൻ'' എന്നു്

നമ്മുടെ കർത്താവുച്ചരിക്കുന്ന ക്ഷണത്തിൽ നിത്യനരകത്തിൽ എരിയുന്ന തീയിൽ അടക്കപ്പെടുകയും കാലാകാലത്തോളം അവിടെത്തന്നെ കിടക്കയുംചെയ്യും.

മറ്റുള്ളവരെ നീ കുറ്റം വിധിക്കരുത്. കുറ്റം പറ്റുന്നീകരിച്ച് പറയരുത്. എന്നാൽ അന്ത്യവിധി നേരത്തിൽ നിനക്ക് ദൈവത്തിന്റെ അനുഗ്രഹത്തിന്റെ വിധി ലഭിക്കും. ഏതൊരുവനേയോ ഏതൊരു വസ്തുവിനേയോ, നിന്നെത്തന്നെയൊ ദൈവത്തെക്കാൾ കൂടുതലായി നീ സ്നേഹിക്കരുത്. ദൈവോമ്മ സദാ നിന്റെ ഹൃദയത്തിൽ ഉണ്ടായിരിക്കട്ടെ മറ്റുള്ളവരുടെ നന്മയിൽ സന്തോഷിക്കുക. നാവിനെ സൂക്ഷിച്ചുകൊണ്ട് അമിതസംസാരം വർജ്ജിക്കുക. വ്യർത്ഥം പറയുന്ന ഓരോ വാക്കിനും ദൈവത്തിനു മുമ്പിൽ കണക്ക് കേൾപ്പിക്കേണ്ടിവരുമെന്ന് ഓർത്തുകൊള്ളുക. നിന്റെ ഓരോ ഇന്ദ്രിയങ്ങളേയും അടക്കി നിയന്ത്രിക്കുക. സൗകര്യം കിട്ടുമ്പോഴൊക്കെയും നമ്മുടെ കർത്താവിന്റെ തിരുവെഴുത്തുകൾ, വിശുദ്ധഗ്രന്ഥം, സുനഹദോസ് ഡിക്രികൾ, ക്രിസ്ത്യാനുകരണം, പുണ്യവാന്മാരുടെ ജീവചരിത്രങ്ങൾ ഇവയിലേതെങ്കിലും കുറെയെങ്കിലും ദിവസംതോറും വായിക്കുക. വർത്തമാനപത്രം, നോവലുകൾ മുതലായവ വായിക്കുന്നതിൽ വിരസതയുള്ളവനായി കഴിയുന്നതും ഉപേക്ഷിക്കുക.

നല്ല പുസ്തകങ്ങൾ വായിക്കുമ്പോൾ നിന്റെ ഹൃദയത്തിൽ തട്ടുന്നവ കുറിച്ചിടുക. അപ്പോൾ നീ ദൈവത്തോടും ദൈവം നിന്നോടും സംസാരിക്കുന്നു. ഏതൊരുവനോടും പ്രത്യേകിച്ച്, ഒന്നുമില്ലാത്ത പാവപ്പെട്ടവനോടും, അനാഥരോടും കൂടുതലായി ദയയും സ്നേഹവും കാണിക്കുകയും നിനക്ക് കഴിവുള്ള എല്ലാസഹായവും ചെയ്തുകൊടുക്കുകയും ചെയ്യുക. അവരോട് അരിശപ്പെടുകയോ കുത്തുവാക്കുകൾ

പറയുകയോ കളിയാക്കുന്ന വാക്കുകൾ പറയുകയോ ചെയ്യാതിരിക്കുക. നിന്നെ ഉപദ്രവിച്ചിട്ടുള്ളവരോടും നിന്റെ വിരോധികളോടും പ്രതികാര മനോഭാവം വച്ചുപുലർത്താതെ അവർക്ക് നന്മ വരുവാനാഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുക. നീ ആരെയെങ്കിലും വേദനിപ്പിക്കുകയോ ആർക്കെങ്കിലും നഷ്ടം വരുത്തുകയോ ചെയ്താൽ ഉടനെ അവരോട് ക്ഷമയാചിച്ച് സമാധാനപ്പെടുകയും നഷ്ടംവരുത്തിയവ തിരിച്ച് കൊടുക്കുകയും ചെയ്യുക.

9. നീ ദൈവത്തോട് അപേക്ഷിക്കുമ്പോൾ ദൈവവുമായി സംസാരിക്കുകയാണു്. പ്രായാധിക്യത്തിലെത്തിയിരിക്കുന്ന - വൃദ്ധനായ നീ കുഴിയിലേക്ക് അടുത്തുകഴിഞ്ഞു എന്ന ഓർമ്മയോടെ മറ്റുള്ളവർക്ക് നല്ല മാതൃക കാണിക്കുകയും തന്നെത്തന്നെ മറന്നു് മറ്റുള്ളവർക്ക് കഴിയുന്ന സഹായങ്ങൾ ചെയ്തുകൊടുക്കുകയും, മറ്റുള്ളവരോട് ദുരുപായത്മമുള്ളതും, അവരെ, വേദനിപ്പിക്കുന്നതുമായ കുത്തുവാക്കുകൾ പറയാതിരിക്കുകയും അതിസംസാരിയാകാതെ നാവിനെ അടക്കി സംസാരിക്കുകയും, അങ്ങനെ, പ്രാർത്ഥനയും ദൈവഓർമ്മയുംവഴി സദാ ദൈവത്തോട് ഐക്യപ്പെട്ട് ജീവിക്കുകയും ചെയ്യുക. നിന്റെ കഴിവിനൊത്തവിധം നിന്റെ ജോലികളും ചെയ്ത് ഓരോ നിമിഷത്തിലും മരിക്കുവാൻ ഒരുങ്ങിയിരിക്കുക.

ആശ്രമത്തിൽ (വീട്ടിൽ) മറ്റെന്തെല്ലാം സംഭവിച്ചാലും മറ്റുള്ളവരെ വിമർശിക്കാതെയും കുറ്റംപറയാതെയും ഒഴിഞ്ഞുമാറി നിനക്ക് സ്വർഗ്ഗത്തിൽ ചെന്നെത്താനുള്ള ഇടുങ്ങിയ വഴിയിൽക്കൂടി സന്തോഷത്തോടെ, എന്നാൽ അഹങ്കാരത്തിനിടകൊടുക്കാതെ, മുന്നേറുക.

കന്യാവ്രതം അനുനിമായി കാക്കുവാൻ യേശുവിനെ നിന്റെ ഉള്ളിന്റെ ഉള്ളിൽവെച്ച് പൂജിക്കുക. എപ്പോഴും

പ്രാർത്ഥിക്കുക. ഇന്ദ്രിയ അടക്കവും, ആശയടക്കവും ഉള്ളവനായി പ്രായശ്ചിത്തപ്രവൃത്തികളും ചെയ്യുക. ദൈവസ്നേഹവും പ്രാർത്ഥനയും കൂടാതെ ബ്രഹ്മചര്യം കാക്കാൻ (ദൈവത്തോട്ടുകൂടെ ചരിക്കാൻ) യാതൊരുവനും സാദ്ധ്യമല്ല. ആരായാലും അകത്തുള്ളവരിൽനിന്നും സ്നേഹംകിട്ടാതെ വരുമ്പോൾ പുറമേയുള്ളവരുടെ സ്നേഹം തേടിപ്പോകുന്നു.

10. മദർ തെരേസാ, ഒരു മലയാളി യുവാവിനെ, ചീഞ്ഞളിഞ്ഞു് ദുർഗ്ഗന്ധം വമിക്കുന്ന രോഗികൾ കിടക്കുന്ന ഒരു വാർഡിലെ രോഗികൾക്കു് സേവനം ചെയ്യാൻ മൂന്നു് മാസത്തേക്കു് നിശ്ചയിച്ചു. എന്നാൽ ആ യുവാവു് ക്ഷമിക്കാനും സഹിക്കാനും ശക്തിയില്ലാതെ മൂന്നാംദിവസം മദർ തെരേസായെ കണ്ടു് "മദർ, ഈ ജോലി എനിക്കു് സാധിക്കുകയില്ല ഞാൻ പോകയാണു്" എന്നു് അറിയിച്ചു. അപ്പോൾ മദർ തെരേസാ യുവാവിനോടു് "എന്റെ മകനെ വിശുദ്ധ കുർബാനയിൽ നീ അനുദിനം ഉൾക്കൊള്ളുന്ന ഈശോയെ ആ രോഗികൾ ഓരോരുത്തരിലും കാണുക. നീ ഓരോ രോഗിക്കും ചെയ്യുന്ന ശുശ്രൂഷകളുടെ മീനിട്ടുകൾ ആ ഈശോയ്ക്കു വേണ്ടിത്തന്നെയാണു് ചെയ്യുന്നതെന്നും വിശ്വസിക്കുക. നീ എത്ര പ്രയാസമേറിയ ജോലികൾ അവർക്കുവേണ്ടി ചെയ്യുമോ, അത്രയും വലുതായ സമ്മാനങ്ങൾ സ്വർഗ്ഗത്തിൽ നിനക്കു് ഈശോ തരുമെന്നും ഓർത്തു് നിന്റെ ജോലി തുടരുക. ദൈവം നിന്നെ സഹായിക്കും. നിനക്കു് ധൈര്യവും നൽകും. ദൈവാനുഗ്രഹം നിന്നിൽ വർഷിക്കുകയും ചെയ്യും. ആയതിനാൽ, മകനെ ഒരാഴ്ചകൂടി ഒന്നു് പരീക്ഷിച്ചശേഷം തീരുമാനം എടുക്കുക" എന്നു പറഞ്ഞു. അതിനുശേഷം ആ യുവാവു് സന്തോഷത്തോടെ ആ വാർഡിലെ ജോലികൾ ആവലാതി കൂടാതെ തുടർന്നു് ചെയ്തുവന്നു.

മദർ തെരേസാ തന്റെ മക്കളോട് ഒരിക്കൽ പറയുകയാണ്. ''നിങ്ങൾ എപ്പോഴും ശാന്തരായിരിക്കുക; കോപത്തെ നിയന്ത്രിക്കുക; നിങ്ങളുടെ വാക്കുകളിലും സംസാരങ്ങളിലും, നിങ്ങളുടെ കണ്ണുകളിലും, നിങ്ങളുടെ നോട്ടത്തിലും, നിങ്ങളുടെ ചിരിയിലും, നിങ്ങൾ, കാരുണ്യവും ദയയുള്ളവരായിരിക്കുക. അങ്ങനെ നിങ്ങൾ ഈശോയോടുകൂടി ചരിക്കുകയും, ഓരോ ക്രൂശോമാരായിത്തീരുകയും ചെയ്യുമെന്നും ഓർത്തുകൊള്ളുക'' എന്നു്. നമ്മുടെ അനവധി പാപങ്ങൾ നമ്മോടു് ക്ഷമിച്ചുവരുന്ന കാരുണ്യവാനായ ദൈവത്തെപ്രതി നീ മറ്റുള്ളവരോടു് ക്ഷമിക്കുകയും, കാരുണ്യമുള്ളവനായി വർത്തിക്കുകയും ചെയ്യുക. എന്നാൽ നീ സൗഭാഗ്യവാനായിത്തീരും.

11. വിശുദ്ധ മെറിൽഡാപുണ്യവതിക്കു് ഒരിക്കൽ ദൈവം കാണപ്പെട്ടു് പറഞ്ഞു ''നീ ഭക്തിയോടുകൂടി ദിവ്യപൂജ കാണുന്ന ഓരോ ദിവസത്തിനും ഓരോ മാലാഖമാരെ വീതം നിന്റെ മരണസമയത്തു് നിന്റെ അടുക്കലേക്കു് ഞാൻ അയച്ചു് നിന്റെ ആത്മാവിനെ സ്വർഗ്ഗത്തിലേക്കു് കൊണ്ടുപോകും''. ഇങ്ങനെയിരിക്കെ നീ കുർബ്ബാന കണ്ടുവരുന്നതു് എങ്ങിനെയെന്നു് പരിശോധിക്കുക. മേലിൽ ഭക്തിപാരവശ്യത്തോടെ ദിവ്യബലി കാണുവാനാരംഭിക്കുകയും വിശുദ്ധ കുർബ്ബാന ഭയഭക്തിവണക്കത്തോടെ കൈക്കൊള്ളുകയും ചെയ്യുക. എന്നാൽ നീയും മേൽപ്പറഞ്ഞ ഭാഗ്യത്തിനർഹനായിത്തീരും. നിനക്കു് കോപം വരുന്ന സാഹചര്യങ്ങളിൽ ഭാവനവഴി ദിവ്യനാഥനെ കൺമുമ്പിൽ നിർത്തിക്കൊണ്ടു് ശാന്തമായി സംസാരിക്കാനുള്ള അനുഗ്രഹം യാചിക്കുക. ഗാഗുൽത്തായിലെ കുരിശിൻചുവട്ടിൽ നിന്നുകൊണ്ടു് കർത്താവിന്റെ എളിമയും ക്ഷമയും സഹനവും നിന്റെ മനസ്സിൽ സദാ

സ്മരിച്ചുകൊണ്ട് നീയും കുത്താവിനെ അനുകരിക്കുക. എല്ലായ്പോഴും നല്ലകാര്യങ്ങൾ ചെയ്യുക. എല്ലാവർക്കും നന്മ ചെയ്തുകൊണ്ട് കാലംകഴിക്കുക.

നിനക്ക് കിട്ടുന്ന ഭക്ഷണപാനീയങ്ങൾ ഒരുപക്ഷെ അരുചികരമായിരുന്നാലും കിട്ടുന്നതുകൊണ്ട് തൃപ്തിപ്പെടുകയും ശരീരസന്ധാരണത്തിനാവശ്യമുള്ളവമാത്രം കഴിക്കുകയും, തപസ്സിന്റെ മാതൃക കാണിക്കുകയും പിറുപിറുപ്പും ആവലാതിയും പറയാതെ സന്തോഷവാനായിരിക്കുകയും ചെയ്യുക. നിന്റെകൂടെ വസിക്കുന്നവർക്കും ദൈവം സൃഷ്ടിച്ച എല്ലാവർക്കും കുത്താവിനെ സന്തോഷിപ്പിക്കാൻവേണ്ടി നിന്നാൽ കഴിയുന്ന സഹായങ്ങൾ ചെയ്തുകൊടുക്കുക. നിനക്ക് കിട്ടുന്നവകൊണ്ട് തൃപ്തിപ്പെടുകയും കിട്ടാത്തവയെപ്പറ്റി ദുഃഖിക്കാതെയുമിരിക്കുക. കൂടുതലായി നിനക്ക് അർഹതയില്ലാത്തവ ആഗ്രഹിക്കാതിരിക്കുക. എല്ലായ്പോഴും ജോലിയുള്ളവനായി കാണപ്പെടുകയും ചെയ്യുക. നിനക്ക് വരുന്ന പരീക്ഷകളിൽ വീഴാതിരിപ്പാൻ ജോലികൾ നിന്നെ സഹായിക്കും. അങ്ങനെ സന്തോഷവും തൃപ്തിയുമുള്ള ജീവിതം കഴിക്കാനും നല്ലമരണംവഴി സ്വർഗ്ഗരാജ്യത്തിൽ ചെന്ന് ചേരുവാനും ദയാനിധിയായ ദൈവം നിന്നെ അനുഗ്രഹിക്കുകയും സ്വർഗ്ഗരാജ്യം നിനക്ക് ലഭിക്കുകയും ചെയ്യും.

കുട്ടികളോട്

പ്രിയ കുട്ടികളെ!

നിങ്ങൾ ഏവരും അലക്സാണ്ടർ ചക്രവർത്തിയെപ്പറ്റി കേട്ടിരിക്കുമല്ലൊ. മാസിഡോണിയായിലെ രാജാവായിരുന്ന ആ വില്ലാളിവീരൻ തന്റെ ശക്തിയും യുദ്ധസാമർത്ഥ്യവുംമൂലം ലോകം മുഴുവൻ പിടിച്ചടക്കിയതായി നാം വായിക്കുകയും പഠിക്കയും ചെയ്തിട്ടുണ്ട്. അലക്സാണ്ടർ നിങ്ങളെപ്പോലെ ഒരു കൊച്ചുകുട്ടിയായിരിക്കുമ്പോൾ അദ്ദേഹത്തിന്റെ പിതാവായ ഫിലിപ്പ് രാജാവ് ഒരു വലിയ വിരുന്ന് നടത്തി. അതിൽ സംബന്ധിക്കുന്നതിനായി ഗ്രീസിലേയും അയൽരാജ്യങ്ങളിലേയും പ്രമുഖരായ അതിഥികളെ ക്ഷണിച്ചിട്ടുണ്ടായിരുന്നു. പ്രസ്തുത വിരുന്നിൽവച്ച്, തന്റെ മാഹാത്മ്യത്തേയും, ഭരണപാടവത്തേയും, യുദ്ധസാമർത്ഥ്യത്തേയും രാജ്യത്തിന്റെ സമ്പൽസമൃദ്ധിയേയുംകുറിച്ച് പ്രസംഗിക്കുന്നതിനായി ലോകപ്രസിദ്ധനായ ഒരു വാഗ്മിയെ ഫിലിപ്പുരാജാവ് വളരെ വിദൂരമായ ഒരു രാജ്യത്തുനിന്നും പ്രത്യേകം ക്ഷണിച്ചിട്ടുണ്ടായിരുന്നു. അങ്ങനെ പൂർവ്വദേശത്തുനിന്നും കേൾവികേട്ട വാഗ്മി പ്രസംഗിക്കുന്ന തീയതിയും സ്ഥലവും ഫിലിപ്പുരാജാവിന്റെ അധികാരസീമയിൽപ്പെട്ട എല്ലാ രാജ്യങ്ങളിലും അറിയിക്കപ്പെട്ടു. ദിവസങ്ങൾ വളരെ വേഗം കടന്നുപോയി. വിരുന്ന് നടത്തുന്ന ദിവസം സമാഗതമായി. രാജ്യത്തിന്റെ എല്ലാഭാഗത്തുനിന്നും പ്രസംഗം ശ്രവിക്കുന്നതിനുവേണ്ടി പതിനായിരക്കണക്കിന് ജനങ്ങൾ മാസിഡോണിയായിൽ തടിച്ചുകൂടി, മാത്രമല്ല, വിരുന്നിൽ സംബന്ധിക്കുന്നതിനും പ്രസംഗം ശ്രവിക്കുന്നതിനുമായി എല്ലാ രാജ്യങ്ങളിൽനിന്നും വിശിഷ്ടാതിഥികൾ എത്തിച്ചേർന്നു. എല്ലാവരും പ്രതീക്ഷാപൂർവ്വം കാത്തിരുന്ന ആ സുന്ദരസുദിനത്തിന്റെ ആരംഭത്തെക്കുറിച്ച് കൊണ്ട് ഒരു സുപ്രഭാതം പൊട്ടിവിരിഞ്ഞു. വിരുന്നുശാലയും പരിസരങ്ങളും തിങ്ങി

നിറഞ്ഞ ജനസമുദ്രത്തിന്റെ ഹൃദയസ്പന്ദനങ്ങളെക്കൊണ്ട് അന്തരീക്ഷമാകെ മുഖരിതമായി. എല്ലാവരുടേയും കണ്ണുകൾ ഒരാളെത്തന്നെ തിരയുകയായിരുന്നു വാഗ്മിയായ അത്ഭുതമനുഷ്യനെ. രാജാവായ ഫിലിപ്പ് തന്റെ ഓമന മകനായ അലക്സാണ്ടറിനോടൊപ്പം വാഗ്മിയെ വിരുന്നുശാലയിലേക്ക് സ്വീകരിച്ചുകൊണ്ടുവന്നപ്പോൾ എല്ലാവരും ഒന്നടങ്കം എഴുന്നേറ്റുനിന്ന് ഹർഷാരവം മുഴക്കി തങ്ങളുടെ സന്തോഷം പ്രകടിപ്പിച്ചു. വിരുന്നാരംഭിച്ചു. വിഭവസമൃദ്ധമായ രാജകീയമായ ആ വിരുന്നിന്റെ അവസാനത്തിൽ വാഗ്മി എഴുന്നേറ്റ് പ്രസംഗപീഠത്തെ സമീപിച്ചു. എല്ലാവരും ശ്വാസമടക്കിനിന്നു. ഫിലിപ്പു രാജാവിന്റെ ആകാംക്ഷ വർദ്ധിച്ചു. തന്നെ ആകാശത്തോളം ഉയർത്തി പ്രകീർത്തിക്കുന്നതു് കേൾക്കാൻ, തന്നെ അഭിനന്ദിക്കുന്നതും, തന്റെ നേട്ടങ്ങളെപ്പറ്റി സ്തുതിപാടുന്നതും ശ്രദ്ധിക്കാൻ അദ്ദേഹത്തിനു് ധൃതിയായി. അതാ പ്രസംഗം ആരംഭിക്കയായി. "മഹാരാജാവെ അങ്ങേയ്ക്ക് പുത്രനായിട്ട് അലക്സാണ്ടർ ഉണ്ട്". ഒരേയൊരുവാചകം!! വാഗ്മി തന്റെ കസേരയിൽ പോയിരുന്നു. ആദ്യത്തേതും അവസാനത്തേതുമായി ഓരേയൊരു വാചകം മാത്രം. ജനങ്ങളെല്ലാവരും അമ്പരന്നു. രാജാവിനെ അപമാനിച്ചതിനു് വാഗ്മിയെ രാജാവു് ശിക്ഷിക്കുമെന്നു് എല്ലാവരും കരുതി. പക്ഷെ രാജാവിനു് വാഗ്മി പറഞ്ഞതിന്റെ അർത്ഥം മനസ്സിലായി. "അലക്സാണ്ടർ അങ്ങയുടെ മകനാണേ". എന്ന ഒറ്റവാചകത്തിൽ ഫിലിപ്പു് രാജാവിന്റെ എല്ലാ മഹത്വവും, കീർത്തിയും, പ്രതാപങ്ങളും ഉൾക്കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ഏറ്റവും വലിയ നേട്ടം അലക്സാണ്ടറിനെ സ്വന്തം മകനായി ലഭിച്ചു എന്നതായിരുന്നു. അതുപോലൊരു വിജയം ലോകത്തിൽ മറ്റൊരു രാജാവിനും അതിനു മുമ്പോ അതിനുശേഷമോ ഉണ്ടായിട്ടില്ല. രാജാവിനു് തൃപ്തിയായി. അദ്ദേഹം വിലയേറിയ സമ്മാ

നങ്ങൾ നൽകി വാഗ്ദേവിയെ യാത്രയാക്കി. അന്നുമുതൽ അലക്സാണ്ടർ എല്ലാവരുടേയും സംസാരവിഷയമായി.

ഈ സംഭവം ഞാനിവിടെ ഉദ്ധരിച്ചതു് ഒരു സത്യം നിങ്ങളെ ധരിപ്പിക്കുന്നതിനു വേണ്ടിയാണു്. ഫിലിപ്പു രാജാവു് വളരെ യുദ്ധങ്ങളിൽ വിജയം വരിച്ചിട്ടുണ്ടു്, അനവധി രാജ്യങ്ങൾ കീഴടക്കിയിട്ടുണ്ടു്. പക്ഷെ, ഇവയിലെല്ലാത്തിലുമുപരി അദ്ദേഹം സന്തോഷിച്ചതു്, അദ്ദേഹത്തിനു് അഭിമാനം തോന്നിയതു്, തന്റെ മകനെപ്പറ്റിയുള്ള ചിന്തയിലാണു്. അലക്സാണ്ടർ എന്ന ബാലൻ പിതാവായ ഫിലിപ്പുരാജാവിന്റെ അഭിമാനമായിരുന്നു; സാമ്രാജ്യത്തിന്റെ പ്രതാപമായിരുന്നു; ലോകത്തിന്റെ യശസ്സായിരുന്നു.

ഇനി നിങ്ങളോടു് ഞാനൊന്നു ചോദിച്ചുകൊള്ളട്ടെ. നിങ്ങളുടെ മാതാപിതാക്കന്മാരുടെ അഭിമാനവും, നമ്മുടെ നാടിന്റെ പ്രതീക്ഷയും നിങ്ങളാണോ? നിങ്ങളെ മക്കളായി കിട്ടിയതിൽ അഭിമാനം തോന്നത്തക്ക വിധം നിങ്ങൾ പ്രവർത്തിക്കുന്നുണ്ടോ? നിങ്ങളുടെ സ്കൂളിനു് പ്രശസ്തിയും പ്രതാപവും നേടിക്കൊടുക്കുവാൻ നിങ്ങൾക്കു് കഴിഞ്ഞിട്ടുണ്ടോ? നിങ്ങളുടെ ചുറ്റിലുമുള്ള പാവപ്പെട്ടവർക്കു് നിങ്ങൾ ഏതെങ്കിലും തരത്തിൽ ആശ്വാസം നൽകുന്നുണ്ടോ? അനുസരണയുള്ളവരായി, അദ്ധ്വാനശീലരായി, ഉന്മേഷഭരിതരായി നിങ്ങൾ വളരുമ്പോൾ നിങ്ങളുടെ മാതാപിതാക്കൾക്കു് അഭിമാനം നേടിക്കൊടുക്കുകയാണു് നിങ്ങൾ. നല്ല മാർക്കു വാങ്ങി പരീക്ഷകളിൽ പാസ്സാകുമ്പോഴും, മത്സരക്കളികളിൽ ഒന്നാമനായിത്തീരുമ്പോഴും, വൃത്തിയുള്ള വസ്ത്രങ്ങൾ ധരിച്ചു് സന്തുഷ്ടരായി കൂട്ടുകാരോടു സ്നേഹപൂർവ്വം വർത്തിക്കുമ്പോഴും, നിങ്ങളുടെ സ്കൂളിനും, അദ്ധ്യാപകർക്കും, സഹപാഠികൾക്കും പ്രശസ്തി സമ്പാദിച്ചു കൊടുക്കുകയാണു്

നിങ്ങൾ. പ്രായമായവരോടും, പട്ടിണി കിടക്കുന്നവരോടും, അനാഥരായ കുട്ടികളോടും, രോഗിയോടും, ഉപവിയോടും കൂടെ പെരുമാറുമ്പോഴും, സഹായങ്ങൾ ചെയ്യുകൊടുക്കുമ്പോഴും നിങ്ങൾ നിങ്ങളുടെ നാടിന്റെ കണ്ണിലുണ്ണികളായിത്തീരുകയാണു്.

അതുകൊണ്ടു് നല്ലവരായിത്തീരാൻ നമുക്കു് ശ്രമിക്കാം. നാം നല്ലവരാകുമ്പോൾ നമ്മെ സ്നേഹിക്കാൻ അനവധിയാളുകളുണ്ടാകും. നമുക്കു് ആപത്തുണ്ടാകുമ്പോൾ നമ്മെ ശുശ്രൂഷിക്കാനും നമ്മെ സഹായിക്കാനും എല്ലാവരും ഓടിയെത്തും. നമ്മുടെ മരണശേഷം നമ്മെപ്പറ്റി വിലപിക്കാനും, നമുക്കുവേണ്ടി പ്രാർത്ഥിക്കാനും, നമുക്കുവേണ്ടി സ്മാരകങ്ങൾ നിർമ്മിക്കാനും അനവധി ആളുകൾ ഉണ്ടാകും. നമ്മുടെ പേരു് ചരിത്രത്തിന്റെ താളുകളിൽ എഴുതപ്പെടും. അങ്ങനെ വരുംതലമുറകളുടെ പ്രകാശവും മാതൃകയുമായിത്തീരും നമ്മൾ. ജീവിതത്തിൽ വലിയവരായിത്തീരാൻ ആഗ്രഹിക്കുക. മഹാന്മാക്കളുടെ ജീവിതപഠനം ഇതിനു് സഹായകമാണു്. മഹാന്മാരെ അനുകരിക്കുവാനും, അവരെപ്പോലെ ലോകത്തിന്റെ പ്രകാശമായിത്തീരാനും, ഉത്സാഹപൂർവ്വം പരിശ്രമിക്കുക. ഒരിക്കൽ ബാലനായിരുന്ന അലക്സാണ്ടറിനെപ്പറ്റി ലോകം മുഴുവൻ അഭിമാനിച്ചെങ്കിൽ, നമ്മെപ്പറ്റിയും എന്തുകൊണ്ടു് ലോകത്തിനു് അഭിമാനിച്ചുകൂടാ. എല്ലാം നമ്മെ മാത്രം ആശ്രയിച്ചിരിക്കുന്നു.

ഇന്നു് നാം ശ്രമിക്കുമെങ്കിൽ അതെളുപ്പമാണു്. പിന്നീടൊരിക്കൽ അതിനു് സാധിച്ചില്ലെന്നുവരും അങ്ങനെ നാം മരിച്ചു് കഴിയുമ്പോൾ ലോകം നമ്മുടെ കല്ലറകളിൽ എഴുതട്ടെ ബേബിച്ചാ, നീ മരിച്ചിട്ടില്ല. ഞങ്ങളുടെ ഹൃദയങ്ങളിൽ ജീവിച്ചിരിക്കുന്നു. ഈ കുടുംബത്തിനു്, ഈ നാടിനു്, ഈ രാജ്യത്തിനു് ഈ ലോകത്തിനു് നിന്നെക്കൊണ്ടു് ഇനിയും ആവശ്യമുണ്ടു്.

ഞാനൊരു വൃദ്ധനാണു് എനിക്കു് നിങ്ങളെപ്പറ്റിയുള്ള പ്രതീക്ഷകളാണു് ഇവിടെ കുറിച്ചതു്. നിറ്ത്തട്ടെ. നിങ്ങളുടെ പ്രാർത്ഥനകളിൽ ഈ വല്യേട്ടനെ ഓർക്കുവാൻ ദയവുണ്ടാകണമെ.

ക്ഷമാപണം

എത്രയും പ്രിയ ബ. ജനറാളച്ചാ, ബ. അച്ചന്മാരെ, ബ. ശെമ്മാശന്മാരെ, ബ. സഹോദരന്മാരെ, എനിക്കു് സഭയിൽനിന്നും നിരവധി അനുഗ്രഹങ്ങൾ ലഭിച്ചിട്ടുണ്ടു്. ഞാനിന്നുവരെ സഭക്കും ഈശോയ്ക്കുംവേണ്ടി കഴിവുള്ള ജോലികൾ ചെയ്തിട്ടുണ്ടു്. എന്നിരുന്നാലും ഞാൻ നല്ല ദൈവത്തിന്നിഷ്ടക്കേടായി പ്രവർത്തിച്ചിട്ടുള്ള എന്റെ ദുർന്നടകളും പാപങ്ങളും നല്ല ദൈവം പൊറുതി തരുന്നതിനായും, ഞാൻ വഴിയായി സഭക്കോ നിങ്ങൾക്കാർക്കെങ്കിലുമോ വല്ല കഷ്ടനഷ്ടങ്ങൾ വരുത്തിയിട്ടുണ്ടെങ്കിൽ അവകളും എന്റെ കുറവുകളും നിങ്ങൾ ഒരോരുത്തരും നല്ലവനായ ഈശോയെപ്രതി ക്ഷമിക്കുവാനും ഒരു നല്ല മരണം എനിക്കു് ലഭിപ്പാൻ പ്രാർത്ഥിക്കുവാനും ദയവുണ്ടാകണമെന്നു് ഞാൻ നിങ്ങൾ ഓരോരുത്തരോടും വിനയപൂർവ്വം അപേക്ഷിക്കുന്നു.

എളിയ മകൻ

തിരുക്കട്ടം: ദുമനീക്കോസു്. സി. എം. ഐ.